# പതിനാലാം കേരള നിയമസഭ

# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി VIII

## (SUBJECT COMMITTEE VIII)

## സാമ്പത്തിക കാര്യങ്ങൾ

## (ECONOMIC AFFAIRS)

**ആനുകാലിക റിപ്പോർട്ട്**

(2018 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2018)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

**2018 ജൂൺ 20-ാം തീയതി സമർപ്പിച്ചത്**
**(Presented on 20th June, 2018)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2018

പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VIII
# (SUBJECT COMMITTEE VIII)

## സാമ്പത്തിക കാര്യങ്ങൾ
## (ECONOMIC AFFAIRS)

## ആനുകാലിക റിപ്പോർട്ട്

(2018 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2018)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

1119/2018.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 45 |

# സബ്ജക്ട് കമ്മിറ്റി VIII
## (സാമ്പത്തിക കാര്യങ്ങൾ)
## (2016-2018)

### ഘടന

ചെയർമാൻ :

ഡോ. ടി. എം. തോമസ് ഐസക്,
ധനകാര്യവും കയറും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,
തൊഴിലും എക്സൈസും വകുപ്പുമന്ത്രി.

ശ്രീ. ജി. സുധാകരൻ,
പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ, എം. എൽ. എ.

ഡോ. എൻ. ജയരാജ്, എം. എൽ. എ.

ശ്രീ. വി. കെ. സി. മമ്മത് കോയ, എം. എൽ. എ.

ശ്രീ. ഡി. കെ. മുരളി, എം. എൽ. എ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. എൽ. എ.

ശ്രീ. മുല്ലക്കര രത്നാകരൻ, എം. എൽ. എ.

ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ.

ശ്രീ. കെ. സുരേഷ് കുറുപ്പ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. ഗോപകുമാരൻപിള്ള, ജോയിന്റ് സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരം ഞാൻ സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ 2016-18 കാലയളവിലേക്കുള്ള സമിതി 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31-ാം തീയതി വരെയുള്ള കാലയളവിൽ പരിശോധിച്ച വിവിധ വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പ്രസ്തുത കാലയളവിൽ സമിതി ആകെ 10 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 4 യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കും 3 യോഗങ്ങൾ ബില്ലുകളുടെ പരിഗണനയ്ക്കും 3 യോഗങ്ങൾ കരട് ചട്ടങ്ങൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, കരട് റിപ്പോർട്ടുകൾ എന്നിവയുടെ പരിഗണനയ്ക്കു വേണ്ടിയുമാണ് ചേർന്നത്. ഈ യോഗങ്ങളിൽ ഹാജരായ അംഗങ്ങളുടെ ശരാശരി ഹാജർ നില 51.40 ശതമാനമായിരുന്നു.

ഈ റിപ്പോർട്ട് മൂന്ന് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകൾ, 2016-17 കാലയളവിലെ ആനുകാലിക റിപ്പോർട്ട്, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലും (2015-16) സ്പെഷ്യൽ റിപ്പോർട്ടുകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഒന്നാം അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ രണ്ടാം അദ്ധ്യായത്തിലും സമിതി പരിഗണിച്ച ബില്ലുകൾ, കരട് ചട്ടങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ മൂന്നാം അദ്ധ്യായത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2018 ജൂൺ 18-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

ഡോ. ടി. എം. തോമസ് ഐസക്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2018 ജൂൺ 18.

# റിപ്പോർട്ട്

## അദ്ധ്യായം I

**ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന**

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ കരട് 11-4-2017-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് 25-4-2017-ന് സഭയിൽ സമർപ്പിച്ചു.

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 14-2-2018, 15-2-2018 എന്നീ തീയതികളിൽ യോഗം ചേരുകയും 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ സബ്ജക്ട് കമ്മിറ്റി VIII-മായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന നടത്തുകയും ചെയ്തു. ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് 19-2-2018-ൽ ചേർന്ന സമിതി യോഗം അംഗീകരിക്കുകയും പ്രസ്തുത മൂന്നാമത് റിപ്പോർട്ട് 26-2-2018-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥന നമ്പർ ബന്ധപ്പെട്ട സർവ്വീസ്/വകുപ്പ് എന്നിവ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ V | — | ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും |
| ധനാഭ്യർത്ഥന നമ്പർ VII | — | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും |
| ധനാഭ്യർത്ഥന നമ്പർ VIII | — | എക്സൈസ് |
| ധനാഭ്യർത്ഥന നമ്പർ X | — | ട്രഷറികളും അക്കൗണ്ടുകളും |
| ധനാഭ്യർത്ഥന നമ്പർ XI | — | ജില്ലാ ഭരണവും പലവകയും |
| ധനാഭ്യർത്ഥന നമ്പർ XVI | — | പെൻഷനും പലവകയും |
| ധനാഭ്യർത്ഥന നമ്പർ XXVIII | — | പലവക സാമ്പത്തിക സർവ്വീസുകൾ |
| ധനാഭ്യർത്ഥന നമ്പർ XLIII | — | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും |
| ധനാഭ്യർത്ഥന നമ്പർ XLV | — | പലവക വായ്പകളും മുൻകൂറുകളും |
| ധനാഭ്യർത്ഥന നമ്പർ XLVI | — | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും. |

**ആനുകാലിക റിപ്പോർട്ട്**

2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള കാലയളവിലെ സമിതിയുടെ പ്രവർത്തനം സംബന്ധിച്ച ആനുകാലിക റിപ്പോർട്ട് 8-8-2017-ന് ചേർന്ന സമിതി യോഗം അംഗീകരിക്കുകയും 10-8-2017-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

**ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള കരട് ആക്ഷൻ ടേക്കൺ റിപ്പോർട്ട് 22-5-2017-ന് ചേർന്ന സമിതി യോഗം അംഗീകരിക്കുകയും 24-5-2017-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## ചട്ടം 236(5) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചശേഷം ഡിലേ സ്റ്റേറ്റുമെന്റ് സഹിതം ലഭിച്ച നടപടി സ്റ്റേറ്റുമെന്റുകൾ

### 11-10-2017-ലെ സമിതി യോഗത്തിൽ പരിഗണിച്ചവ

2015-16 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് അഞ്ചാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 3413/സബ്/സിഇ 2/2015/നി.സെ.)

<u>ശിപാർശ (ഖണ്ഡിക 17)</u>

2039-00-001-9915—<u>രഹസ്യസേവന ചെലവുകൾ</u>

ബഡ്ജറ്റ് വിഹിതം: പദ്ധതിയേതരം-8 ലക്ഷം രൂപ

എക്സൈസ് വകുപ്പിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി രഹസ്യാന്വേഷണം നടത്തുന്നതിനും വിവരങ്ങൾ ശേഖരിക്കുന്നതിനുമുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 17 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

22-8-2015-ലെ സർക്കാർ ഉത്തരവ് സാധാ.(നമ്പർ) 7610/2015/ധന. പ്രകാരം 5 ലക്ഷം രൂപ അനുവദിക്കുകയും തുടർന്ന് 1-3-2016-ലെ സർക്കാർ ഉത്തരവ് സാധാ. 1903/16/ധന. ഉത്തരവ് പ്രകാരം മേൽ അനുവദിച്ച 5 ലക്ഷം രൂപ വകമാറ്റി റെഗുലറൈസ് ചെയ്യുകയും 2 ലക്ഷം രൂപ കൂടി അധികമായും ആകെ 2015-16 സാമ്പത്തിക വർഷത്തിൽ 7 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 18)

2039-00-001-98-45—പി. ഒ. എൽ.

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം -144 ലക്ഷം രൂപ

എക്സൈസ് വകുപ്പിൽ എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനം കൂടുതലും നടക്കുന്നത് റെയിഞ്ച് ഓഫീസുകൾ കേന്ദ്രീകരിച്ചായതിനാൽ വാഹനത്തിന്റെ ഇന്ധനചെലവുകൾക്ക് കൂടുതൽ തുക വേണ്ടിവരുമെന്നതിനാൽ 30 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

1-3-2016-ലെ സർക്കാർ ഉത്തരവ് സാധാ.(നമ്പർ) 1903/16/ധന. ഉത്തരവ് പ്രകാരം 6 ലക്ഷം രൂപ വകമാറ്റി കണ്ടെത്തുകയും, 20-3-2016-ലെ സർക്കാർ ഉത്തരവ് സാധാ.(നമ്പർ) 2627/16/ധന. പ്രകാരം 13 ലക്ഷം രൂപയും ആകെ 2015-16 സാമ്പത്തിക വർഷം 19 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 19)

2039-00-001-94-34—എക്സൈസ് വകുപ്പിന്റെ നവീകരണം-മറ്റു ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം-200 ലക്ഷം രൂപ

എക്സൈസ് വകുപ്പിൽ 2015-16 സാമ്പത്തിക വർഷത്തിൽ കൂടുതൽ ജീപ്പുകൾ വാങ്ങുന്നതിനും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും ഫർണിച്ചർ, ഇ. സി. ആർ. ബി. സോഫ്റ്റ് വെയർ ക്യൂബിക്കിൾ, ഡോർമിറ്ററി തുടങ്ങിയവ സജ്ജീകരിക്കുന്നതിനും ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

എക്സൈസ് വകുപ്പിൽ 2015-16 സാമ്പത്തിക വർഷത്തിൽ 2-1-2016-ലെ സർക്കാർ ഉത്തരവ് സാധാ.(നമ്പർ) 16/16/നി.വ. പ്രകാരം 1,09,20,422/- രൂപ 19 ജീപ്പ് വാങ്ങുന്നതിനായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 14769/എഫ്3/15/നി.വ., 21-1-2017).

## സ്പെഷ്യൽ റിപ്പോർട്ടുകളന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ
## 28-6-2017-ലെ സമിതി യോഗത്തിൽ പരിഗണിച്ചവ

I. മദ്യാസക്തിക്കും മയക്കുമരുന്നുപയോഗത്തിനുമെതിരായി വിവിധ സർക്കാർ വകുപ്പുകൾ മുഖേന നടപ്പിലാക്കേണ്ട ബോധവൽക്കരണ/ പ്രചാരണ പരിപാടികൾ സംബന്ധിച്ച റിപ്പോർട്ട്

(ഫയൽ നമ്പർ 3993/സബ്.സി.ഇ 2/2013/നി.സെ.)

<u>ശിപാർശ (ഖണ്ഡിക 18)</u>

മദ്യാസക്തിക്കെതിരായ ബോധവൽക്കരണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കേണ്ടതുണ്ടെന്ന സന്ദേശമാണ് മദ്യ ഉപഭോഗത്തിലുണ്ടായിട്ടുള്ള വർദ്ധനവ് കാണിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രധാനമായും വിദ്യാലയങ്ങളെയും യുവജനങ്ങളെയും കേന്ദ്രീകരിച്ച് ജനകീയ ബോധവൽക്കരണം നടത്തുന്നതിനുള്ള രൂപരേഖ തയ്യാറാക്കുകയും ബോധവൽക്കരണ പ്രവർത്തനങ്ങളിൽ എം.എൽ.എ.മാർ, എം.പി.മാർ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, ജില്ലാ കളക്ടർ, ത്രിതല പഞ്ചായത്ത് അംഗങ്ങൾ, കുടുംബശ്രീ അംഗങ്ങൾ, എൻ.ജി.ഒ.-കൾ, റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ, പി.റ്റി.എ. ഭാരവാഹികൾ, സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രതിനിധികൾ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റികൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ രൂപീകരിക്കണമെന്നും ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുക ഇത്തരം കമ്മിറ്റികൾ വഴി മാത്രം ചെലവഴിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മദ്യ-ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളും മദ്യാസക്തിക്കെതിരായ പ്രവർത്തനങ്ങളും ശക്തമായ രീതിയിൽ എക്സൈസ് വകുപ്പ് നടത്തി വരുന്നുണ്ട്. സ്കൂൾ-കോളേജ് തലത്തിൽ വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. നിലവിൽ 1735 സ്കൂൾ ലഹരി വിരുദ്ധ ക്ലബ്ബുകളും 258 കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകളും സംസ്ഥാനമൊട്ടാകെ പ്രവർത്തിക്കുന്നുണ്ട്. ഇതിനൊപ്പം നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, ക്ലീൻ കാമ്പസ്-സേഫ് കാമ്പസ് എന്നിവയുമായി ചേർന്ന് ലഹരിവിരുദ്ധ പ്രവർത്തനങ്ങളും എക്സൈസ് വകുപ്പ് സംഘടിപ്പിച്ചു വരുന്നു.

ബോധവൽക്കരണ പ്രവർത്തനങ്ങളിൽ നിലവിൽ എം. എൽ. എ. മാർ, എം. പി. മാർ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, ജില്ലാ കളക്ടർ, ത്രിതല പഞ്ചായത്ത് അംഗങ്ങൾ, കുടുംബശ്രീ അംഗങ്ങൾ, എൻ. ജി. ഒ.-കൾ, റസിഡന്റ്സ് അസോസിയേഷൻ അംഗങ്ങൾ,

പി. റ്റി. എ. അംഗങ്ങൾ, സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രതിനിധികൾ, ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർ എന്നിവരെ ഉൾപ്പെടുത്തി ജി.ഒ. (എം.എസ്.) 94/2016/നി.വ. തീയതി 6-10-2016 പ്രകാരം ലഹരി വർജ്ജന മിഷൻ- "വിമുക്തി" രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത മിഷനിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ. എസ്. എസ്. കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളുടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ലഹരി വർജ്ജന മിഷൻ- "വിമുക്തി"-യുടെ ചെലവുകൾ കേരള സ്റ്റേറ്റ് ബീവറേജസ് കോർപ്പറേഷനിലൂടെ വിൽപ്പന നടത്തുന്ന മദ്യത്തിന്മേൽ ഏർപ്പെടുത്തിയ 5% പുനരധിവാസ സെസ് ഇനത്തിൽ സമാഹരിക്കുന്ന തുകയിൽ നിന്നും കണ്ടെത്തുന്നതുമാണ്.

<u>ശിപാർശ (ഖണ്ഡിക 19)</u>

ഒരു സാമൂഹ്യ വിപത്ത് എന്ന നിലയിൽ മദ്യാസക്തിക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിൽ ഉദ്യോഗസ്ഥർ പ്രധാന പങ്കാണ് വഹിക്കുന്നതെന്നും ഇത് നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുവേണ്ടി ജില്ലാ കളക്ടർമാർ കൂടുതൽ സമയം ചെലവഴിക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ എക്സൈസ്, ആരോഗ്യം, റവന്യൂ, പോലീസ് ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, വാർഡ് മെമ്പർമാർ, കുടുംബശ്രീ പ്രവർത്തകർ, വ്യാപാര സംഘടനാ പ്രതിനിധികൾ, സന്നദ്ധ സംഘടനാ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്ത് തലത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മദ്യാസക്തിക്കെതിരെ ശക്തമായ നടപടികൾ കൈക്കൊള്ളുന്നതിന് ജാഗ്രതാ സമിതികൾ രൂപീകരിക്കുക എന്നത് ജില്ലാതലത്തിൽ സ്വീകരിക്കേണ്ട നടപടികളാണ്. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലാണ് ഇത്തരം സമിതികൾ പ്രവർത്തിക്കേണ്ടത്. എന്നിരുന്നാലും എക്സൈസ് വകുപ്പിന്റെ ഭാഗത്തുനിന്നും ടി സമിതികൾ പ്രവർത്തിക്കുന്നതിനുള്ള നിർദ്ദേശം ജില്ലയിലെ ഉന്നത ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ജി.ഒ.(എംഎസ്.) 94/2016/നി.വ. തീയതി 6-10-2016 പ്രകാരം രൂപീകരിച്ച കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ-"വിമുക്തി"-യിലൂടെ യുവജനങ്ങളേയും വിദ്യാർത്ഥികളേയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തി വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നുള്ള ലക്ഷ്യത്തോടെ ബഹു. മുഖ്യമന്ത്രി ചെയർമാനായും, ബഹു. എക്സൈസ് വകുപ്പുമന്ത്രി വൈസ്

ചെയർമാനായും, കൺവീനർമാരായി നികുതി വകുപ്പ് സെക്രട്ടറി; ആരോഗ്യം, തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം, ധനകാര്യം, ടൂറിസം, കായികവും യുവജനക്ഷേമവും, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, സാംസ്കാരികകാര്യം, മത്സ്യബന്ധനം വകുപ്പമന്ത്രിമാരും, ചീഫ് സെക്രട്ടറി, കലാകായിക സാംസ്കാരിക സാഹിത്യ-സന്നദ്ധ സംഘടനാ പ്രതിനിധികൾ, സ്പോർട്സ് കൗൺസിൽ, അഡ്വക്കേറ്റ് ജനറൽ, പ്രസിഡന്റ് കേരള പഞ്ചായത്ത് അസോസിയേഷൻ എന്നിവരടക്കമുള്ളവർ മെമ്പർമാർ ആയി ഗവേണിംഗ് ബോഡി രൂപീകരിക്കുകയും ഇത്തരത്തിൽ രൂപീകരിക്കുന്ന മിഷന് ബഹു. എക്സൈസ് വകുപ്പ് മന്ത്രി ചെയർമാനായും എക്സൈസ് കമ്മീഷണർ കൺവീനറായും ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ജില്ലാ കളക്ടർ കൺവീനറായും ജില്ലാതല എക്സിക്യൂട്ടീവ് കമ്മിറ്റിയും തദ്ദേശ സ്വയംഭരണ സ്ഥാപനതലം, വാർഡ്തലം ഭരണതലം - സ്റ്റേറ്റ് ഭരണതലം - ജില്ലാതലം എന്നീ ഘടനകൾ ഉണ്ടായിരിക്കുന്നതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ ഘടനകൾ പ്രകാരം "വിമുക്തി" മിഷൻ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 20)</u>

വ്യാജമദ്യത്തിന്റെ ഉൽപ്പാദനവും ഉപഭോഗവും വർദ്ധിക്കുന്നത്, പൊതു ജനാരോഗ്യത്തെയും, സംസ്ഥാനത്തിന്റെ വരുമാനത്തെയും പ്രതികൂലമായി ബാധിക്കുന്നതിന് കാരണമാകുന്നു. വ്യാജമദ്യം കർശനമായി തടയുവാൻ എക്സൈസ് വകുപ്പിന്റെ റെയ്ഡുകൾ ശക്തമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വ്യാജമദ്യത്തിന്റെ ഉല്പാദനവും ഉപഭോഗവും തടയുന്നതിന് എക്സൈസ് വകുപ്പ് കർശന നടപടികളാണ് നടപ്പാക്കി വരുന്നത്. സാധാരണയുള്ള എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിനുപുറമെ ഓണം, വിഷു, ക്രിസ്മസ്, ന്യൂഇയർ തുടങ്ങിയ ഉത്സവവേളകളിൽ വ്യാജമദ്യത്തിന്റെ ഉല്പാദനം, വിതരണം, വിപണനം, ഉപയോഗം എന്നിവ വർദ്ധിക്കുവാൻ സാധ്യതയുള്ളതിനാൽ ഇത് തടയുന്നതിന് സ്പെഷ്യൽ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടപ്പാക്കി വരുന്നു. പൊതു തിരഞ്ഞെടുപ്പുകളുടെ സമയത്തും ഇത്തരം പ്രവർത്തനം നടത്തുന്നുണ്ട്. കൂടാതെ "മൂൺഷൈൻ ഓപ്പറേഷൻ" പോലുള്ള പ്രത്യേക എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും എക്സൈസ് ഉദ്യോഗസ്ഥരെ ഏകോപിപ്പിച്ചുകൊണ്ടുള്ള ആകസ്മിക കോംബിംഗ് ഓപ്പറേഷനുകളും നടത്തിവരുന്നു. വ്യാജമദ്യം തടയുന്നതിനുള്ള പ്രവർത്തനങ്ങളിൽ എക്സൈസ് ഇന്റലിജൻസ് വിഭാഗം വളരെ ശുഷ്കാന്തിയോടുകൂടി വിവരങ്ങൾ ശേഖരിച്ചു നടപടികൾ സ്വീകരിക്കുന്നതിന് സഹായിക്കുന്നു. വ്യാജമദ്യത്തിനും ലഹരിക്കുമെതിരെ റസിഡൻസ് അസോസിയേഷൻ, സർക്കാർ ഇതര സംഘടനകൾ, കുടുംബശ്രീ യൂണിറ്റുകൾ, എക്സൈസ് വകുപ്പിന്റെ നിയന്ത്രണത്തിൽ സ്കൂൾ കോളേജ്

തലത്തിൽ പ്രവർത്തിക്കുന്ന ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും സഹകരണത്തോടെ ശക്തമായി പ്രവർത്തിക്കുന്നു. ധാരാളം പരാതികൾക്കിടയിലും കഴിവിന്റെ പരമാവധി എൻഫോഴ്സ്മെന്റ് പ്രവർത്തനം നടപ്പിലാക്കുന്നതിന്റെ ഫലമായി അബ്കാരി, NDPS കേസുകൾ എടുക്കുന്നതിനും, അവ ശരിയായി അന്വേഷണം നടത്തി കുറ്റവാളികൾക്ക് ശിക്ഷ വാങ്ങി കൊടുക്കുന്നതിനും എക്സൈസ് വകുപ്പിന് കഴിഞ്ഞിട്ടുണ്ട്.

## ശിപാർശ (ഖണ്ഡിക 21)

വ്യാജമദ്യ കേന്ദ്രങ്ങളിൽ റെയ്ഡിന് എത്തുന്നതിന് മുൻപ് തന്നെ റെയ്ഡ് വിവരം വിപണനക്കാർക്ക് ചോർത്തിക്കൊടുക്കുന്നതിന് ഉദ്യോഗസ്ഥർക്കിടയിൽ തന്നെ ചിലർ പ്രവർത്തിക്കുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും, വ്യാജമദ്യം സംബന്ധിച്ച എൻഫോഴ്സ്മെന്റ് ഏജൻസികൾക്ക് വിവരം നൽകുന്നവരുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം ഒരുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

വ്യാജമദ്യ പ്രദേശങ്ങളിലേക്ക് റെയിഡ് നടത്തുന്നതിന് മുൻപ് വിപണനക്കാർക്ക് റെയിഡ് വിവരം ചോർത്തിക്കൊടുക്കുന്നതുൾപ്പെടെ വ്യാജമദ്യ ലോബിയുമായി അവിഹിത കൂട്ട്കെട്ട് നടത്തുന്ന എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നത്. വ്യാജമദ്യത്തിനേയും മയക്കുമരുന്നിനേയും കുറിച്ച് വിവരം നൽകുന്ന വ്യക്തികളെ സംബന്ധിച്ച് അവരുടെ സുരക്ഷയെ കരുതി ടിയാൻമാരുടെ വിവരങ്ങൾ രഹസ്യമായാണ് സൂക്ഷിക്കുന്നത്. നിലവിൽ ടിയാന്മാരുടെ പേരു വിവരങ്ങൾ രഹസ്യവിവരം ലഭിക്കുന്ന ഉദ്യോഗസ്ഥൻ മാത്രമേ അറിയുന്നുള്ളൂ ഇങ്ങനെ രഹസ്യവിവരങ്ങൾ നൽകുമ്പോൾ രഹസ്യ വിവരം ലഭിച്ച ഉദ്യോഗസ്ഥൻ മാത്രമേ മേൽ ഇൻഫോർമറെ ബന്ധപ്പെടുന്നുള്ളൂ. രഹസ്യ വിവരം നൽകുന്ന ആളിന്റെ സുരക്ഷിതത്വം കരുതിയാണ് ഇങ്ങനെ ചെയ്യുന്നത്.

## ശിപാർശ (ഖണ്ഡിക 22)

റവന്യൂ, പോലീസ്, എക്സൈസ് എന്നീ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ സംസ്ഥാനത്ത് വ്യാജമദ്യ മാഫിയകളെ നിയന്ത്രിക്കാൻ കഴിയുകയുള്ളൂ. പൊതുജനങ്ങൾക്ക് ഏത് സമയത്തും എക്സൈസ് ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് വിവരങ്ങൾ നൽകുന്നതിനും മദ്യ-മയക്കുമരുന്ന് റാക്കറ്റുകളെക്കുറിച്ചും മയക്കുമരുന്ന് കള്ളക്കടത്തിനെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിനും പൊതുവായ ടോൾഫ്രീ ടെലിഫോൺ നമ്പർ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അവരെ പ്രോൽസാഹിപ്പിക്കുന്നതിനായി വ്യക്തികൾക്കും സംഘടനകൾക്കും പാരിതോഷികങ്ങൾ ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മദ്യ-മയക്കമരുന്ന് റാക്കറ്റുകളെക്കുറിച്ചും, മയക്കമരുന്ന് കള്ളക്കടത്ത് സംബന്ധിച്ചും എക്സൈസ് വകുപ്പിന് വിവരങ്ങൾ നൽകുന്നതിന് സർക്കാർ ഉത്തരവ് (സാധാ.) 555/2015/ നി.വ. തീയതി 21-7-2015 ഉത്തരവ് പ്രകാരം BSNL-ന്റെ 155358-നമ്പരിൽ ഹോട്ട് ലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതോടനുബന്ധിച്ച് ടോൾ ഫ്രീ കണക്ഷൻ എടുക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുകയും ആയതിൻ പ്രകാരം എല്ലാ ജില്ലകളിലും അത്തരം സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ വ്യാജങ്ങളെ സംബന്ധിച്ച വിവരം എക്സൈസ് കമ്മീഷണറെ അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9447178000 എന്ന ഫോൺ നമ്പരും 9061178000 എന്ന വാട്ട്സ് ആപ് നമ്പരും നിലവിലുണ്ട്.

<u>ശിപാർശ (ഖണ്ഡിക 23)</u>

ഓരോ വർഷവും സർക്കാർ മദ്യ വിരുദ്ധബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുക മുൻവർഷത്തേക്കാൾ 50% വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഓരോ വർഷവും സർക്കാർ മദ്യവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുക ഉപയോഗിച്ച് എക്സൈസ് വകുപ്പ് നിലവിൽ നല്ലരീതിയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലൂടെ വിൽപ്പന നടത്തുന്ന മദ്യത്തിന്മേൽ ഏർപ്പെടുത്തിയ 5% സെസ് പുനരധിവാസ സെസ്സ് ഇനത്തിൽ ശേഖരിക്കുന്ന തുകയിൽ നിന്നും നല്ലൊരു ശതമാനം തുക ഇത്തരം പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു വരുന്നുണ്ട്.

<u>ശിപാർശ (ഖണ്ഡിക 24)</u>

മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും ഉപഭോഗം വിദ്യാർത്ഥികൾക്കിടയിലും യുവജനങ്ങൾക്കിടയിലും വർദ്ധിച്ച് വരുന്നതിനാൽ "മദ്യവും മയക്കമരുന്നും ആരോഗ്യത്തിന് ഹാനികരം" എന്ന മുന്നറിയിപ്പ് വാചകം മാറ്റി "മദ്യവും മയക്കമരുന്നും മരണത്തിലേക്ക് നയിക്കും" എന്ന മുന്നറിയിപ്പ് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മേൽ ശിപാർശ ഇപ്പോൾ പരിഗണനയിൽ ഇല്ല.

ശിപാർശ (ഖണ്ഡിക 25)

വിദേശ രാജ്യങ്ങളിൽ നിന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് മയക്കമരുന്നുകൾ എത്തുന്നത് തടയുന്നതിനായി വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, ചെക്ക് പോസ്റ്റുകൾ എന്നിവിടങ്ങളിലെ പരിശോധന കർശനമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

കടൽ മാർഗ്ഗേന സ്പിരിറ്റും, അനധികൃതമദ്യവും, മയക്കമരുന്നുകളും കടത്തികൊണ്ട് വരുന്നത് തടയുന്നതിന് കോസ്റ്റൽ പോലീസിന്റെയും, കോസ്റ്റ് ഗാർഡിന്റെയും സഹായത്തോടെ എക്സൈസ് വകുപ്പ് കടലിൽ പട്രോളിംഗും, പരിശോധനകളും നടത്തിവരുന്നു. ചെക്ക് പോസ്റ്റുകളിൽ കാര്യക്ഷമമായ പരിശോധനകൾ നടത്തി വ്യാജങ്ങളൊന്നും കടത്തുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നുണ്ട്.

ശിപാർശ (ഖണ്ഡിക 26)

ഏറ്റവും ഫലപ്രദമായ രീതിയിൽ മദ്യലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന സന്നദ്ധ സാമൂഹ്യ സംഘടകൾക്കും റെസിഡൻസ് അസോസിയേഷനുകൾക്കും സർക്കാർതലത്തിൽ അവാർഡുകൾ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഏറ്റവും ശക്തവും പ്രയോജനകരവുമായ രീതിയിൽ സംസ്ഥാനത്ത് ലഹരി വിരുദ്ധ പ്രവർത്തനം നടത്തുന്ന സന്നദ്ധ സംഘടനകൾക്കും, സാമൂഹ്യ പ്രവർത്തകർക്കും സ്കൂൾ-കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾക്കും എക്സൈസ് വകുപ്പ് ക്യാഷ് അവാർഡും, ട്രോഫിയും, സർട്ടിഫിക്കറ്റുകളും നൽകി വരുന്നുണ്ട്. കഴിഞ്ഞ 5 വർഷങ്ങളിൽ നൽകിയ അവാർഡുകൾ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | സന്നദ്ധ സംഘടന | പ്രവർത്തകൻ | സ്കൂൾ ലഹരി വിരുദ്ധ ക്ലബ്ബ് | കോളേജ് ലഹരി വിരുദ്ധ ക്ലബ്ബ് | സ്കൂൾ ക്ലബ്ബംഗം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 2102 | കരുണസായി വെള്ളനാട്, തിരുവനന്തപുരം | O. J. ചിന്നമ്മ, കോഴിക്കോട് | ഒഴൂക്കൂർ UPS മലപ്പുറം | | |
| 2013 | അഡാർട്ട്, കോട്ടയം | Dr. L. R. മധുജൻ, കരുണാസായി | സെന്റ് മേരീസ് GHSS, കാഞ്ഞിരപ്പള്ളി, കോട്ടയം | | അർപിത R. സുരേഷ് നടുവണ്ണൂർ, HSS, വാകയൂഷ്, കോഴിക്കോട് |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 2014 | TSSS, ആർച്ച് ബിഷപ്പ് ഹൗസ്, തിരുവനന്തപുരം. | Fr. തോമസ് തൈത്തോട്ടം പ്രതീക്ഷാ ഭവൻ, തലശ്ശേരി, കണ്ണൂർ | സെന്റ് മേരീസ് HS മരുതോങ്കര, കോഴിക്കോട് | | ശരത് GHSS ധനുവച്ചപുരം, തിരുവനന്തപുരം. |
| 2015 | ആവിഷ്കാർ ട്രസ്റ്റ്, പുരുഷോത്തമം ബിൽഡിംഗ്, തൃശ്ശൂർ | ചാർളിപോൾ സെക്രട്ടറി, KCBC | TVTM HS വെളിയം, കൊല്ലം | MES COLLEGE പ്രൊപ്പോസ്, പി. ഒ., കാഞ്ഞിര പ്പള്ളി | അഭിഷേക്, K. M., St. ആന്റണീസ് H. S. കലൂർ, കൊച്ചി |
| 2016 | സർഗ്ഗ ക്ഷേത്ര ചാരിറ്റബിൾ ട്രസ്റ്റ്, കരിശ്ശുംമൂട്, ചെത്തിപ്പുഴ, ചങ്ങനാശ്ശേരി, കോട്ടയം. | റാൽഫി. N.T. കൺവീനർ, കട്ടിപ്പട്ടാളം, St. അഗസ്റ്റിൻ സ്കൂൾ, കലൂർ, എറണാകുളം | St. ജോസഫ് H.S, തൊണ്ടിയിൽ, പേരാവൂർ, കണ്ണൂർ | IDT ISLAM ARTS & SCIENCE COLLEGE KOZHIKK ODE | (1) ഡിപിംൾ മരിയ ഡൊമനിക് St.ഡൊമനിക് HSS, കാഞ്ഞിരപ്പള്ളി, കോട്ടയം. (2) ഷെറിൻ പി. ജോസഫ് St. ഗ്രിഗോറിയസ് കോളേജ്, കൊട്ടാരക്കര, കൊല്ലം |

<u>ശിപാർശ (ഖണ്ഡിക 27)</u>

വ്യാജവാറ്റ്, വ്യാജമദ്യ നിർമ്മാണം എന്നിവ തടയുന്നതിന് ശ്രമിക്കുന്ന സന്നദ്ധസംഘടനകൾക്ക് സഹായം ലഭ്യമാക്കണമെന്നും, എക്സൈസ് വകുപ്പിലെ കുറ്റക്കാരായ ഉദ്യോഗസ്ഥരെ കണ്ടെത്തി അവർക്കെതിരെ കർശന നടപടികൾ

സ്വീകരിക്കാൻ വിജിലൻസ് ഓഫീസർമാരോക്കൊണ്ടോ റവന്യൂ ഡിവിഷണൽ ഓഫീസർമാരോക്കൊണ്ടോ അന്വേഷിപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സ്വീകരിച്ച നടപടി</u>

വ്യാജവാറ്റ്, വ്യാജമദ്യ നിർമ്മാണം എന്നിവയെകുറിച്ച് രഹസ്യവിവരങ്ങൾ കൈമാറുന്ന വ്യക്തികൾക്ക് പ്രോൽസാഹനമായി സീക്രട്ട് ഫണ്ടിൽ നിന്നും തുക നൽകി വരുന്നു. എക്സൈസ് വകുപ്പിലെ കുറ്റക്കാരായ ഉദ്യോഗസ്ഥരെ കണ്ടെത്തുന്നതിനും അവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും പോലീസ് വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷനിൽ ഒരു സൂപ്രണ്ട് ഓഫ് പോലീസിന്റെ നേതൃത്വത്തിൽ വിജിലൻസ് വിഭാഗം പ്രവർത്തിച്ചു വരുന്നു. കുറ്റക്കാരെന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികളാണ് സ്വീകരിച്ചു വരുന്നത്.

<u>ശിപാർശ (ഖണ്ഡിക 28)</u>

എല്ലാ എക്സൈസ് റേഞ്ച് ഓഫീസുകൾക്കും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കായി വാഹനം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേരളത്തിലെ എക്സൈസ് റേഞ്ചുകളിൽ നിലവിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് വാഹനം അനുവദിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ 9 പുതിയ ജീപ്പുകളും 2015-16 സാമ്പത്തിക വർഷത്തിൽ 19 വാഹനങ്ങളും എക്സൈസ് ഓഫീസുകളിലേക്ക് വിതരണം ചെയ്തിട്ടുള്ളതാണ്.

<u>ശിപാർശ (ഖണ്ഡിക 56)</u>

മദ്യ / ലഹരി വിരുദ്ധ നടപടികളുടെ ഭാഗമായി വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനവും പ്രവർത്തനങ്ങളുടെ മേൽനോട്ടവും നിയോജക മണ്ഡല അടിസ്ഥാനത്തിൽ നിയമസഭാംഗങ്ങൾക്ക് നല്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ജി.ഒ.(എംഎസ്.)94/2016/നി.വ. തീയതി 6-10-2016 പ്രകാരം ലഹരി വർജ്ജന മിഷൻ - "വിമുക്തി" രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിൽ ഇക്കാര്യം പ്രത്യേകം പരാമർശിക്കുന്നുണ്ട്. പ്രസ്തുത മിഷനിൽ സ്റ്റുഡൻസ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരിവിരുദ്ധ ക്ലബുകൾ, എൻ. എസ്. എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതിയടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി

ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് ബോധവൽക്കരണ മിഷന്റെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

<u>ശിപാർശ (ഖണ്ഡിക 58)</u>

മദ്യത്തിന് പകരം ഇളനീരിന്റെ മഹത്വം ജനങ്ങളെ അറിയിക്കുന്നതിനും ലഹരി രഹിത പാനീയമായ 'നീര' പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി വകുപ്പ്, എക്സൈസ് വകുപ്പ് എന്നിവ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ വീര്യം കൂടിയ മദ്യത്തിന്റെ വില്പന നിരുത്സാഹപ്പെടുത്തുന്നതിന് വീര്യം കുറഞ്ഞ മദ്യം ആവശ്യാനുസരണം ലഭ്യമാക്കേണ്ടതുണ്ട്. ഇതിനായി വൈനിന്റേയും ബിയറിന്റേയും നികുതി കുറയ്ക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്ത് തൊഴിൽ രഹിതരായ ചെത്തുതൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുക, തേങ്ങയുടെ വിലയിടിവുമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന കേരകർഷകരെ സഹായിക്കുക എന്നീ ഉദ്ദേശത്തോടുകൂടി 23-9-2013-ലെ ജി.ഒ.(എംഎസ്.) 160/13/നി.വ. തീയതി 6-10-2016 സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തുടനീളം നീരയുടെ ഉല്പാദനത്തിനും വിതരണത്തിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. നീരയുടെ ഉല്പാദന-വിതരണം നിയമവിധേയമാക്കുന്നതിന് നീരാ റൂൾസ് 2014-ൽ നിലവിൽ വന്നു. ഇതേ തുടർന്ന് 200-ൽ പരം നീരായൂണിറ്റുകൾ ലൈസൻസ് ചെയ്തു പ്രവർത്തിച്ചു വരുന്നു.

സർക്കാർ മദ്യ-നയത്തിന്റെ ഭാഗമായി പഞ്ചനക്ഷത്ര പദവിയിലുള്ള ബാർ ഹോട്ടലുകൾ ഒഴികെയുള്ള ബാർ ഹോട്ടലുകളുടെ ലൈസൻസ് നൽകുന്നത് അവസാനിപ്പിക്കുകയും അത്തരം ഹോട്ടലുകൾക്ക് ബിയർ / വൈൻ ലൈസൻസ് അനുവദിക്കുകയും ചെയ്തതു വഴി സംസ്ഥാനത്ത് വീര്യം കുറഞ്ഞ മദ്യത്തിന്റെ ലഭ്യത കൂടിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബിയറിന്റെയും വൈനിന്റെയും നികുതി കുറച്ച് ലഭ്യത വർദ്ധിപ്പിക്കേണ്ട ആവശ്യമില്ലാത്തതാണ്.

<u>ശിപാർശ (ഖണ്ഡിക 61)</u>

കേരളത്തിൽ സുലഭമായി ലഭിക്കുന്ന പഴവർഗ്ഗങ്ങളായ ചക്ക, കശുമാങ്ങ എന്നിവയിൽ നിന്നും വീര്യം കുറഞ്ഞ മദ്യം ഉൽപ്പാദിപ്പിക്കുന്നതിന്റെ സാദ്ധ്യതകൾ പഠിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പഴവർഗ്ഗങ്ങളിൽ നിന്നും വീര്യം കുറഞ്ഞ മദ്യം ഉൽപ്പാദിപ്പിക്കുന്നതിന്റെ സാധ്യതകൾ പഠന വിധേയമാക്കാനുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ

സുലഭമായി ലഭിക്കുന്ന ചക്കപ്പഴവും, കശുമാങ്ങയും ഉപയോഗപ്പെടുത്തി വീര്യം കുറഞ്ഞ മദ്യമായ വൈൻ ഉല്പാദിപ്പിക്കുന്നത് സംബന്ധിച്ച് കാർഷിക ഗവേഷണ രംഗത്ത് പ്രവർത്തിക്കുന്നവരുമായി ചർച്ചകൾ നടത്തിയിട്ടുള്ളതാണ്. കേരള സർവ്വകലാശാലയിലെ വെള്ളായണി കാർഷിക കോളേജിലെ ഹോം സയൻസ് വിഭാഗവും വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജിലെ പ്രോസസിംഗ് ടെക്നോളജി വിഭാഗവും ചക്കപ്പഴത്തിൽ നിന്നും വൈൻ ഉല്പാദിപ്പിക്കുന്നതിനുള്ള രീതികൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കേരള സർവ്വകലാശാലയുടെ മാക്കത്തറ കാഷ്യൂ റിസർവ് സ്റ്റേഷനിൽ കശുമാങ്ങയിൽ നിന്നും വൈൻ നിർമ്മിക്കുന്നതിനുള്ള രീതി വികസിപ്പിച്ചെടുത്തിട്ടുണ്ട്. അക്കാഡമിക് തലത്തിൽ മാത്രമാണ് ഇപ്പോൾ പഴവർഗ്ഗങ്ങളിൽ നിന്നും വൈൻ ഉൽപ്പാദിപ്പിക്കുന്നതിനെ സംബന്ധിച്ച പഠനം നടക്കുന്നത്. കേരള സർവ്വകലാശാലയുമായി ചേർന്ന് പഴവർഗ്ഗങ്ങളിൽ നിന്നും വീര്യം കുറഞ്ഞ വൈൻ നിർമ്മിക്കുന്നതിന്റെയും വിതരണം ചെയ്യുന്നതിന്റെയും സാധ്യത പഠന വിധേയമാക്കാവുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക 62)</u>

കുറഞ്ഞ അളവിൽ ലഹരി വസ്തുക്കൾ കൈവശം വയ്ക്കുന്നവർക്ക് NDPS ആക്ട് പ്രകാരം കുറഞ്ഞ ശിക്ഷയാണ് ഇപ്പോൾ ലഭിക്കുന്നത്. ഈ പഴുത് ഉപയോഗപ്പെടുത്തി കുറ്റക്കാർ രക്ഷപ്പെടുന്നത് ഒഴിവാക്കുവാൻ ബന്ധപ്പെട്ട നിയമം ഭേദഗതി വരുത്തുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

NDPS കേന്ദ്ര സർക്കാരിന്റെ ആക്ടാണ് ആയതിനാൽ ടി ആക്ടിൽ ഭേദഗതി വരുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിന് മാത്രമേ കഴിയുകയുള്ളൂ. എന്നിരുന്നാലും കേന്ദ്ര നിയമത്തിൽ വേണ്ട ഭേദഗതികൾ വരുത്തുവാൻ വേണ്ട നടപടി സ്വീകരിക്കുവാൻ സർക്കാർ കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്. 999 gm. കഞ്ചാവ് വരെ കൈവശം വയ്ക്കുന്നവർക്ക് നിലവിൽ ജാമ്യം കിട്ടത്തക്കവിധത്തിലാണ് ശിക്ഷ നൽകി വരുന്നത്. എന്നാൽ ആയത് ഒരു കിലോം കുറവായതിനാൽ ഇത്തരം കേസുകൾ ജാമ്യം കിട്ടാത്ത വ്യവസ്ഥയിൽ ഉൾപ്പെടുത്തി പരമാവധി ശിക്ഷ ഉറപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര നിയമമായ NDPS ആക്ട് ഭേദഗതി വരുത്തണമെന്നതാണ് മേൽ ശിപാർശ.

<u>ശിപാർശ (ഖണ്ഡിക 63)</u>

കുട്ടികളെ ലഹരിയിലേക്ക് ആകർഷിക്കുന്ന മിഠായികളും, പാൻപരാഗ്, പാൻമസാലകൾ, ഗുളികകൾ, പശകൾപോലുള്ളവയുടെ ഉപയോഗം യുവതലമുറയിൽ പ്രത്യേകിച്ച് സ്കൂൾ കുട്ടികളുടെ ഇടയിൽ വർദ്ധിച്ച് വരുന്നത് തടയാൻ ഇവയുടെ വില്പന നിരോധിച്ചുകൊണ്ട് നിയമ നിർമ്മാണം നടത്തി ഗുണഫലം വിലയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കുട്ടികളെ ലഹരിയിലേക്കാകർഷിക്കുന്ന പാൻപരാഗ്, പാൻമസാല എന്നിവയുടെ വില്പന നിരോധിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. S. R. O. No. 560/2014 [G.O.(P)155/14TD] dated 20-9-2014 കോട്പാ ആക്ട് പ്രകാരം സ്കൂളുകളുടെയും കോളേജുകളുടെയും 100 യാർഡ് ചുറ്റളവിനുള്ളിൽ ഇത്തരം സാധനങ്ങളുടെ വില്പന നിരോധിച്ചിട്ടുണ്ട്. കോട്പാ ആക്ട് സെക്ഷൻ-25 ഭാഗം (1) പ്രകാരം എക്സൈസ് വകുപ്പിലെ എക്സൈസ് ഇൻസ്പെക്ടറെ ഇത് സംബന്ധിച്ച് നടപടിയെടുക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ലഹരി മാഫിയകൾക്കെതിരെയും ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

<u>ശിപാർശ (ഖണ്ഡിക 64)</u>

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളത്തിൽ സ്ത്രീകളിലും കുട്ടികളിലും ഉൾപ്പെടെ പൊതു സമൂഹത്തിൽ വളരെ വേഗത്തിൽ മദ്യാസക്തി വർദ്ധിച്ച് വരുന്നതിൽ സമിതി ആശങ്ക രേഖപ്പെടുത്തുന്നു. മദ്യാസക്തി വർദ്ധിച്ച് വരുന്നതിന്റെ കാരണം, മദ്യപാനം മൂലമുണ്ടാകുന്ന മാനസിക-ആരോഗ്യ-പ്രശ്നങ്ങൾ, സാമ്പത്തിക നഷ്ടം എന്നിവ സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സ്വീകരിച്ച നടപടി</u>

പൊതു സമൂഹത്തിൽ വർദ്ധിച്ച് വരുന്ന മദ്യ-ലഹരി ഉപയോഗംമൂലം ഉണ്ടാകുന്ന മാനസിക ആരോഗ്യ പ്രശ്നങ്ങൾ, സാമ്പത്തിക നഷ്ടം എന്നിവ സംബന്ധിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ മുൻ മേധാവിയായിരുന്ന ഡോ. കെ. വിജയകുമാറിന്റെ നേതൃത്വത്തിൽ ഒരു പഠന സംഘം രൂപീകരിച്ച് പഠനം നടത്തിയിട്ടുള്ളതാണ്. ടി റിപ്പോർട്ട് സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 65)</u>

എഫ്.എൽ. 1 ഷോപ്പുകളും, ബാറുകളും ഇല്ലാത്ത ഒന്നോ രണ്ടോ ഗ്രാമ പഞ്ചായത്തുകളെ പൈലറ്റ് അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത് മദ്യാസക്തിക്കെതിരെ, എൻ.ജി.ഒ.കളുടെ സഹകരണത്തോടെ ബോധവത്കരണം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

എഫ്.എൽ 1. ഷോപ്പുകളും, ബാറുകളുമില്ലാത്ത ഗ്രാമ പഞ്ചായത്തുകളിൽ സർക്കാരിതര സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ (എൻ.ജി.ഒ.) ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടിയുള്ള പഠനം തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം തലവൻ ഡോ. കെ. വിജയകുമാർ കമ്മിറ്റി നടത്തിയിട്ടുള്ളതും ആയതിന്റെ റിപ്പോർട്ട് സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളതുമാണ്. തിരുവനന്തപുരം, കോട്ടയം, കാസർഗോഡ് എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് പഠനം നടത്തിയിട്ടുണ്ട്.

## ശിപാർശ (ഖണ്ഡിക 66)

'ദൈവത്തിന്റെ സ്വന്തം നാട്' 'മദ്യപരുടെ സ്വന്തം നാട്' ആയി മാറിക്കൊണ്ടിരിക്കുകയാണ്. മദ്യത്തിന്റെ ഉത്പാദനവും വിപണനവും കർശനമായി നിയന്ത്രിച്ച് മദ്യത്തിന്റെ ലഭ്യത കുറയ്ക്കുകയാണ് കുറേക്കൂടി മെച്ചമായ പരിഹാരമെന്ന് സമിതി മനസ്സിലാക്കുന്നു. മദ്യം കഴിക്കുവാൻ ആഗ്രഹിക്കുന്നവർ നിർബന്ധമായും ലൈസൻസ് എടുത്തിരിക്കണമെന്ന വ്യവസ്ഥയോടുകൂടി അവർക്ക് നിശ്ചിത അളവ് മദ്യം ഉപഭോഗവസ്തുക്കൾക്ക് ചുമത്തുന്ന നികുതി ചുമത്തി ലഭ്യമാക്കുന്ന സംവിധാനവും ഇതിനായി തിരിച്ചറിയൽ കാർഡും മാസവരുമാനം തെളിയിക്കുന്ന രേഖകളും നിർബന്ധമാക്കണമെന്ന വ്യവസ്ഥയുടെയും പ്രായോഗിക സാധ്യത പരിശോധിക്കേണ്ടതാണ്. താഴ്ന്നവരുമാനക്കാരുടെ ഇടയിൽ അധ്വാനശീലവും സമ്പാദ്യ സംസ്കാരവും പ്രോത്സാഹിപ്പിക്കുവാൻ സഹായിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി നിർബന്ധമായും ഏർപ്പെടുത്തണമെന്നും . സമിതി നിർദ്ദേശിക്കുന്നു.

## സ്വീകരിച്ച നടപടി

സംസ്ഥാനത്ത് പൊതുസമൂഹത്തിനിടയിൽ പ്രത്യേകിച്ച് വിദ്യാർത്ഥി യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചു വരുന്ന മദ്യ-മയക്ക് മരുന്നുപയോഗത്തെ സർക്കാർ വളരെ ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്.

മദ്യ-ഉപയോഗത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണത്തിന് ഉദ്ദേശിച്ച ഫലം ലഭിക്കാത്തത് സംസ്ഥാനത്ത് മയക്കമരുന്ന് ഉപയോഗം വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. മദ്യം കഴിക്കാനാഗ്രഹിക്കുന്നവർ നിർബന്ധമായും ലൈസൻസ് എടുത്തിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നത് മദ്യപിക്കുന്നവരോടൊപ്പം മദ്യപിക്കാത്തവരും ആയതു കരസ്ഥമാക്കുന്നതിനുള്ള സാധ്യത വളരെ കൂടുതലാണ്. അത്തരക്കാർ ലൈസൻസ് പ്രാകരം ലഭിക്കുന്ന മദ്യം കൂടിയ വിലയ്ക്ക് മദ്യം ഉപയോഗിക്കുന്ന മറ്റുള്ളവർക്ക് കച്ചവടം ചെയ്യുന്നതിന് സാധ്യതയുണ്ട്. ഇത് ഉദ്ദേശിച്ച ഫലത്തേക്കാൾ വിപരീത ഫലം ഉളവാക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 67)

ബി.എസ്.എൻ.എൽ./സ്വകാര്യ ടെലിഫോൺ കമ്പനികൾ തുടങ്ങിയവയുടെ സഹകരണത്തോടെ വിശേഷ ദിവസങ്ങളിൽ ലാൻഡ് ഫോൺ/മൊബൈൽ ഫോൺ എന്നിവയിലൂടെ മദ്യവിരുദ്ധ പ്രചരണത്തിനുതകുന്ന ലഘു സന്ദേശങ്ങൾ പ്രചരിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബി.എസ്.എൻ.എൽ.-ന്റെ ഔദ്യോഗിക ലാൻഡ് ഫോണുകൾ, ഉദ്യോഗസ്ഥർക്ക് അനുവദിച്ചു നൽകിയിട്ടുള്ള മൊബൈൽ ഫോണുകൾ ഉൾപ്പെടെ 1232 ഫോണുകൾ വഴി നിലവിൽ പത്മശ്രീ ഭരത് മമ്മൂട്ടിയുടെ ശബ്ദത്തിൽ ലഹരി വിരുദ്ധ ആശയങ്ങൾ അടങ്ങിയ ലഘു സന്ദേശങ്ങൾ റിംഗ് ടോണായി പ്രചരിപ്പിച്ചു വരുന്നു.

ശിപാർശ (ഖണ്ഡിക 68)

റെയിൽവേ സ്റ്റേഷനുകൾ, ബസ്സ് സ്റ്റേഷനുകൾ, നഗര പ്രദേശങ്ങളിലും, മുഖ്യ പാതകളുടെ അരികിലും സ്ഥിതിചെയ്യുന്ന എക്സൈസ് വകുപ്പിന്റെ ഓഫീസുകൾ മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഇലക്ട്രോണിക് സ്ക്രോളർ ബോർഡുകൾ സ്ഥാപിച്ച് മദ്യ/ലഹരി വിരുദ്ധ പ്രചരണ സന്ദേശങ്ങൾ പ്രദർശിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

റെയിൽവേ സ്റ്റേഷനുകൾ, ബസ്സ് സ്റ്റേഷനുകൾ, നഗര പ്രദേശങ്ങളിലും, മുഖ്യപാതകൾക്കരുകിലുമായി ലഹരിവിരുദ്ധ ബോർഡുകൾ എക്സൈസ് വകുപ്പ് സ്ഥാപിച്ചിട്ടുണ്ട്. ചെക്ക പോസ്റ്റുകളിൽ ഇലക്ട്രോണിക് സ്ക്രോളർ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

ശിപാർശ (ഖണ്ഡിക 70)

25 ലക്ഷത്തോളം അന്യസംസ്ഥാനത്തൊഴിലാളികൾ സംസ്ഥാനത്തുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അന്യസംസ്ഥാനത്തൊഴിലാളികൾക്കിടയിൽ മദ്യത്തിന്റെയും ലഹരിവസ്തുക്കളുടേയും ഉപയോഗം വ്യാപകമായതിനാൽ അന്യസംസ്ഥാനത്തൊഴിലാളികളുടെ ലേബർ ക്യാമ്പുകളിൽ മദ്യലഹരി വിരുദ്ധ ബോധവത്ക്കരണം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഇതര സംസ്ഥാനത്തൊഴിലാളികൾക്കിടയിൽ മദ്യത്തിനും മയക്കമരുന്നിനും എതിരെ വ്യാപകമായി ബോധവത്കരണ പ്രവർത്തനം നടത്തി വരുന്നുണ്ട്. അന്യസംസ്ഥാനത്തൊഴിലാളി ക്യാമ്പുകൾ നടത്തുന്ന കോൺട്രാക്ടർമാർക്ക് ഇക്കാര്യത്തിൽ വ്യക്തമായ നിർദ്ദേശങ്ങൾ ലേബർ വകുപ്പ് നൽകിയിട്ടുള്ളതാണ്. തൊഴിലാളികൾ താമസിക്കുന്നത് മിക്കവാറും അവരുടെ തൊഴിലിടങ്ങളോട് ചേർന്നുള്ള താമസസ്ഥലത്താണ്. അത്തരം സ്ഥലങ്ങളിൽ മദ്യവും ലഹരിവസ്തുക്കളും ഉപയോഗിക്കുന്നുണ്ടോയെന്ന് പരിശോധന നടത്താറുണ്ട്. ലേബർ ക്യാമ്പുകൾ കേന്ദ്രീകരിച്ച് വകുപ്പുകളുടെ സഹകരണത്തോടെ ബോധവത്ക്കരണം നടത്തി വരുന്നുണ്ട്. കേരളത്തിൽ അംഗീകൃതമായി ലേബർ വകുപ്പിൽ രജിസ്റ്റർ ചെയ്ത 15 ലേബർ ക്യാമ്പുകൾ നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

(സർക്കാർ കത്ത് നമ്പർ 19148/ജി2/14/നി.വ. തീയതി 22-2-2017)

ശിപാർശ (ഖണ്ഡിക 40)

മദ്യ/ലഹരി മരുന്നുകളുടെ ഉപയോഗത്തിനെതിരായ ബോധവത്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്ന പാഠഭാഗങ്ങൾ പ്രൈമറിസ്കൂൾ തലം മുതൽ കോളേജ് തലം വരെയുള്ള പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിദ്യാർത്ഥികളെ ഏറ്റവും കൂടുതൽ സ്വാധീനിക്കാൻ കഴിയുന്ന വ്യക്തികൾ എന്ന നിലയിൽ അധ്യാപകരുടെ ഈ രംഗത്തെ ഇടപെടൽ നിർണ്ണായകമാണ്. അതുകൊണ്ടുതന്നെ അധ്യാപകർക്കായി കൈപ്പുസ്തകം തയ്യാറാക്കി പരിശീലനം നൽകുകയായിരിക്കും ഉചിതമെന്ന് ഈ രംഗത്തെ വിദഗ്ദരുമായുള്ള ചർച്ചകളിൽ നിന്ന് ബോധ്യമായി. തുടർന്ന് എസ്. സി. ഇ. ആർ. ടി. യുടെ അക്കാദമിക നേതൃത്വത്തിൽ എക്സൈസ് വകുപ്പിന്റെയും, കേരള മദ്യനിരോധനസമിതി, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ എന്നീ സംഘടനകളുടെയും ഈ രംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ദരുടെയും സഹകരണത്തോടെ അതിജീവനം എന്ന കൈപുസ്തകം തയ്യാറാക്കി. എക്സൈസ് വകുപ്പിന്റെ ധനസഹായത്തോടെ പ്രസ്തുത കൈപ്പുസ്തകത്തിന്റെ 40,000 കോപ്പികൾ തയ്യാറാക്കിയിട്ടുണ്ട്. ലഹരിവിരുദ്ധ ക്ലബിന്റെ ചുമതലയുള്ള അധ്യാപകർക്ക് ഒരു ദിവസത്തെ പരിശീലനത്തോടൊപ്പം കൈപ്പുസ്തകം വിതരണം ചെയ്തു തുടർ

പ്രവർത്തനം എന്ന നിലയിൽ ക്വിസ്, റോൾപ്ലേ തുടങ്ങിയ മത്സരങ്ങൾ എക്സൈസ് വകുപ്പ്, സംസ്ഥാന മദ്യ നിരോധന സമിതി, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ എന്നിവയുടെ സഹകരണത്തോടെ നടത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. തുടക്കം എന്ന നിലയിൽ അപ്പർ പ്രൈമറി, ഹൈസ്കൂൾ വിഭാഗങ്ങളിലെ അധ്യാപകർക്ക് 2012-13 അധ്യായനവർഷം പരിശീലനം നൽകിയിട്ടുണ്ട്. ഇപ്പോൾ 1 മുതൽ 12 വരെ ക്ലാസ്സുകളിലെ പാഠപുസ്തകത്തിൽ മദ്യം, മയക്കുമരുന്ന്, പുകയില തുടങ്ങിയ എല്ലാ വിഭാഗം ലഹരിവസ്തുക്കളുടെയും ദൂഷ്യഫലങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 48674/ഡി3/2014/പൊ.വി.വ. തീയതി 28-9-2016)

ശിപാർശ (ഖണ്ഡിക-43)

കഞ്ചാവ് തോട്ടങ്ങൾ നശിപ്പിക്കുന്നതിനും, വ്യാജവാറ്റ് തടയുന്നതിനുമായി വനം വന്യ ജീവി, എക്സൈസ് എന്നീ വകുപ്പുകളുടെ നേതൃത്വത്തിലുള്ള സ്ക്വാഡുകൾ ശക്തിപ്പെടുത്തണമെന്നും ഇവയുടെ പ്രവർത്തനം സമയബന്ധിതമായി വിലയിരുത്തുന്നതിനുംവേണ്ട നടപടി സ്വീകരിക്കുക.

സ്വീകരിച്ച നടപടി

വനം വകുപ്പുദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കഞ്ചാവുകൃഷി, വ്യജവാറ്റ് എന്നിവ തടയുന്നതിനായി എല്ലാ മാസവും റെയ്ഡുകൾ നടത്തിവരുന്നുണ്ട്. മദ്യപാനത്തിനെതിരെയും പുകയില ഉൽപ്പന്നങ്ങൾക്കെതിരെയും എക്സൈസ് വകുപ്പും ആരോഗ്യ വകുപ്പും വനം വകുപ്പും ചേർന്ന് ആദിവാസികൾക്കും പ്രാദേശികവാസികൾക്കുമായി മാസത്തിൽ ഒരു തവണ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്നുണ്ട്. വ്യാജവാറ്റും കഞ്ചാവുകൃഷിയും തടയുന്നതിനായി ജീവനക്കാരും ട്രൈബൽ വാച്ചർമാരും ആദിവാസി പ്രാദേശിക നിവാസികളിൽ നിന്നുള്ള വാച്ചർമാർ അടങ്ങുന്ന സംഘവും നിരന്തരമായി വനഭാഗങ്ങളിൽ പട്രോളിംഗ് നടത്തുന്നുണ്ട്. ഓണം, ക്രിസ്തുമസ് പോലുള്ള ആഘോഷവേളകളിൽ എക്സൈസ്, പോലീസ് വകുപ്പുകളുമായി സംയുക്ത റെയിഡുകൾ നടത്തുന്നുണ്ട്. എക്സൈസ് വകുപ്പിന്റെ ജില്ലാ/താലൂക്ക് തല അവലോകനയോഗങ്ങൾ, വനജാഗ്രതാ സമിതിയോഗങ്ങൾ, വനവികസന/സംരക്ഷണ സമിതി യോഗങ്ങൾ തുടങ്ങിയ വേദികളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വ്യാജച്ചാരായം, കഞ്ചാവുകൃഷി തുടങ്ങിയവയ്ക്കെതിരെ സ്വീകരിക്കേണ്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് തീരുമാനമെടുത്ത് നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്.

മിക്ക കേസുകളിലും അന്വേഷണം നടന്നു വരുകയോ കോടതിയുടെ പരിഗണനയിലോ ആണ്. കൂടാതെ 01/2014 മുതൽ നാളിതുവരെ കേസുകൾ സംബന്ധിച്ച വിവരങ്ങൾ ആയി താഴെ ചേർത്തിരിക്കുന്നു:

| സർക്കിൾ | ഡിവിഷൻ | കേസ്സുകളുടെ എണ്ണം | കേസ്സുകൾ സംബന്ധിച്ച വിവരം |
|---|---|---|---|
| 1 | 2 | 3 | 4 |
| സതേൺ സർക്കിൾ, കൊല്ലം | റാന്നി | 2 | റാന്നി ഡിവിഷനിൽ റാന്നി റെയിഞ്ചിൽ വ്യാജവാറ്റ് കണ്ടെത്തിയതുമായി ബന്ധപ്പെട്ട് OR 5/15, 6/15 എന്നിങ്ങനെ 2 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും വിചാരണ നടന്നുവരികയുമാണ്. |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | കോട്ടയം | 1 | കോട്ടയം ഡിവിഷനിൽ കഞ്ചാവ് കൈവശം വച്ച കുറ്റത്തിന് 2015-ൽ ഒരു കേസ് ബുക്ക് ചെയ്തിട്ടുണ്ട്. |
| | മൂന്നാർ | 1 | മൂന്നാർ ഡിവിഷനിലെ ഇടമലക്കുടിയിൽ നിന്ന് കടുവത്തോലി കടത്താൻ ശ്രമിച്ചതിന് 2013-ൽ ഒരു കേസ് രജിസ്റ്റർ ചെയ്തിരുന്നു. |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | ചാലക്കുടി | 1 | ചാലക്കുടി ഡിവിഷനിൽ വെള്ളിക്കുളങ്ങര റെയിഞ്ചിൽ വ്യാജച്ചാരായം സൂക്ഷിച്ചതിന് 2014-ൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും കേസിലുൾപ്പെട്ട പ്രതികളെ വാറ്റുപകരണങ്ങൾ സഹിതം തുടർ നടപടിക്കായി എക്സൈസ് വകുപ്പിന് കൈമാറിയിട്ടുള്ളതുമാണ്. |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | നിലമ്പൂർ (നോർത്ത്) | | നിലമ്പൂർ നോർത്ത് ഡിവിഷനിൽ 01/2014 മുതൽ 12/2015 വരെ 1065 ലിറ്റർ വാഷ് കണ്ടെത്തി നശിപ്പിച്ചിട്ടുണ്ട്. |

| 1 | 2 | 3 | 4 |
|---|---|---|---|
| | മണ്ണാർക്കാട് | 5 | മണ്ണാർക്കാട് ഡിവിഷനിൽ 2014-15 കാലയളവിൽ 5 കേസ്സുകൾ റിപ്പോർട്ട് ചെയ്യുകയും 2250 കഞ്ചാവു ചെടികൾ നശിപ്പിക്കുകയും 13, 150 ലിറ്റർ വാഷ് കണ്ടെത്തി നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| വൈൽഡ് ലൈഫ് (നോർത്തേൺ റീജിയൺ), പാലക്കാട് | സൈലന്റ് വാലി | 31 | കഞ്ചാവുകൃഷി ചെയ്യലും കൈവശം വച്ചതുമായി ബന്ധപ്പെട്ട് 2001 മുതൽ 2011 വരെ രജിസ്റ്റർ ചെയ്ത കേസ്സുകളാണിവ. |

(സർക്കാർ കത്ത് നമ്പർ 10113/ബി1/2014/വനം, 6-10-2016)

<u>ശിപാർശ (ഖണ്ഡിക-49)</u>

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മദ്യ/ലഹരി മരുന്നുകൾ ഉപയോഗിക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനും അവർക്കിടയിൽ മദ്യ/മയക്കമരുന്ന് വിരുദ്ധ പ്രചരണ പ്രവർത്തനങ്ങൾക്കുമായി പ്രത്യേക പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ആവിഷ്കരിച്ച് ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും വാർഷിക പദ്ധതികളിൽ ഉൾക്കൊള്ളിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പി. ടി. എ., എക്സൈസ് വകുപ്പ് എന്നിവയുടെ സഹായത്തോടെ സ്കൂളുകളിൽ ബോധവൽക്കരണ പരിപാടി ആവിഷ്കരിക്കുന്നതിനും ലഹരിവിരുദ്ധ പ്രവർത്തകർ, കൗൺസിലിംഗ് സെന്ററുകൾ, അദ്ധ്യാപകർ എന്നിവരുടെ ആഭിമുഖ്യത്തിൽ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് വ്യക്തിപരമായ കൗൺസിലിംഗ് നടത്തുന്നതിനാവശ്യമായ പരിപാടികൾ ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും പദ്ധതിയുടെ ഭാഗമാക്കുന്നതിനും ഇതിന് ആവശ്യമായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനും ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. ആലപ്പുഴ, കായംകുളം, മാവേലിക്കര, തൊടുപുഴ, കോതമംഗലം, ഏലൂർ, മരട്, കുന്നംകുളം, പാലക്കാട്, കോട്ടയ്ക്കൽ, പൊന്നാനി, തളിപ്പറമ്പ്, കാസർഗോഡ് നഗരസഭകൾ ഇതിനകം തന്നെ ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക-50)

സമൂഹത്തെ മദ്യലഹരിയിൽനിന്നും വിമുക്തരാക്കുന്നതിന് കലാ-സാംസ്കാരിക/സിനിമ നായകന്മാരെയും ആരോഗ്യ പ്രവർത്തകരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ബോധവൽക്കരണ ക്ലാസുകൾ പഞ്ചായത്ത്/നഗരസഭാതലത്തിൽ നടത്തുവാനും, ഗ്രാമപഞ്ചായത്തുകളിൽ ചേരുന്ന ഗ്രാമസഭായോഗങ്ങളിലും നഗരസഭകളിലെ വാർഡുതല യോഗങ്ങളിലും മദ്യത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്താനും സമിതി നിർദ്ദേശിക്കുന്നു.

സ്വീകരിച്ച നടപടി

തദ്ദേശസ്വയംഭരണ സ്ഥാപനപ്രദേശത്തെ കലാ-സാംസ്കാരിക സിനിമാ പ്രവർത്തകരെയും ആരോഗ്യപ്രവർത്തകരെയും കുടുംബശ്രീ യൂണിറ്റുകളെയും സംഘടിപ്പിച്ച് ബോധവൽക്കരണ ക്ലാസുകൾ ഗ്രാമപഞ്ചായത്ത്/നഗരസഭകളുടെ വിവിധ പ്രദേശങ്ങളിൽ സംഘടിപ്പിക്കുന്നതിനും ഗ്രാമസഭാ/വാർഡ് യോഗങ്ങളിൽ മദ്യത്തിന്റെ ദൂഷ്യത്തിനെ സംബന്ധിച്ച ബോധവൽക്കരണം നടത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. ഇത്തരം പ്രവർത്തികൾ ആലപ്പുഴ, കോതമംഗലം, നോർത്ത് പറവൂർ, ഏലൂർ, പാലക്കാട്, തിരൂർ, കോട്ടക്കൽ, പൊന്നാനി, കണ്ണൂർ, തളിപ്പറമ്പ്, കാസർഗോഡ്, തൃപ്പൂണിത്തുറ നഗരസഭകൾ ഇതിനകം നടത്തിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക-52)

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപം ലൈസൻസ് ഇല്ലാത്ത കടകളോ, പെട്ടിക്കടകളോ, വഴിയോര കച്ചവടക്കാരോ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കണമെന്നും ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെ തെരെഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപം ലൈസൻസ് ഇല്ലാത്ത കടകളോ, പെട്ടിക്കടകളോ, വഴിയോര കച്ചവടക്കാരോ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയതിനെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ കർശന നടപടി സ്വീകരിക്കാനും ഇക്കാര്യത്തിൽ ജനപ്രതിനിധികളുടെ സേവനംകൂടി ഉപയോഗപ്പെടുത്തുവാനും നിർദ്ദേശം നല്കിയിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപം ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന കടകൾ നീക്കംചെയ്തിട്ടുള്ളതായി തൊടുപുഴ, മൂവാറ്റുപുഴ, പെരുമ്പാവൂർ, ഏലൂർ, മരട്, കുന്നംകുളം, പാലക്കാട്, കോട്ടയ്ക്കൽ നഗരസഭകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപം അനധികൃത കച്ചവടസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന്

ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥരുടെ സ്ക്വാഡ് പരിശോധന നടത്തി ബോധ്യപ്പെട്ടതാറുണ്ടെന്ന് തൊടുപുഴ, കായംകുളം, ചെങ്ങന്നൂർ, തിരുവല്ല, കൊല്ലം, മൂവാറ്റുപുഴ, കോതമംഗലം, ആലുവ, ഏലൂർ, മരട്, കൊടുങ്ങല്ലൂർ, കുന്നംകുളം, പാലക്കാട്, കോട്ടയ്ക്കൽ, പൊന്നാനി, തലശ്ശേരി, തളിപ്പറമ്പ്, കാസർഗോഡ് നഗരസഭകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക-53)</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന കടകളിൽ 'ഇവിടെ മദ്യ ലഹരി വസ്തുക്കൾ വിൽക്കപ്പെടുന്നതല്ല' എന്ന ബോർഡ് പ്രദർശിപ്പിക്കുന്നതിന് കർശന നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ 'ഇവിടെ മദ്യ ലഹരി വസ്തുക്കൾ വിൽക്കപ്പെടുന്നതല്ല' എന്ന ബോർഡ് സ്ഥാപിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക-54)</u>

നാട്ടിൻപുറങ്ങളിൽ ചാരായം വാറ്റ്/വ്യാജമദ്യം നിർമ്മിച്ച് ജീവിക്കുന്നവരിൽ ഭൂരിഭാഗവും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സാധാരണക്കാരാണെന്നത് കണക്കിലെടുത്ത് അവർക്ക് ജീവിക്കാനാവശ്യമായ തൊഴിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഉറപ്പാക്കി അവരെ വ്യാജമദ്യ നിർമ്മാണത്തിൽനിന്നും പിന്തിരിപ്പിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നാട്ടിൻപുറങ്ങളിൽ ഉപജീവനമാർഗ്ഗമെന്ന നിലയിൽ ചാരായം വാറ്റ്/വ്യാജമദ്യം നിർമ്മിക്കുന്ന ആളുകളെ കണ്ടെത്തി പുനരധിവാസമെന്ന നിലയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ തൊഴിൽ നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എക്സൈസ് കേസുകളിൽ ശിക്ഷിക്കപ്പെട്ടശേഷം മോചനം ലഭിച്ചുവരുന്ന ആളുകളെയും ടി പദ്ധതിയുടെ ഭാഗമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭാ പ്രദേശത്ത് താമസിക്കുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സാധാരണക്കാർക്ക് അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിലൂടെ തൊഴിൽ ഉറപ്പാക്കി അവരെ വ്യാജമദ്യനിർമ്മാണത്തിൽനിന്ന് പിന്തിരിപ്പിക്കുന്നതിന് വേണ്ട നടപടികൾ നഗരസഭകൾ സ്വീകരിച്ചുവരുന്നു. കൂടാതെ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ

ശക്തമായ ബോധവൽക്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് ടി വിഷയം കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്. അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ കൗൺസിലർമാരുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നതായും ചില നഗരസഭകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക-69)

പ്രാദേശികമായി വിനോദ ഉപാധികളുടെ അപര്യാപ്തത പലപ്പോഴും യുവജനങ്ങളെ ലഹരി സംഘങ്ങളിലേക്ക് നയിക്കുന്നതായി കണ്ടുവരുന്നതിനാൽ യുവജനങ്ങളെ ആകർഷിക്കുന്നതിനായി കലാ-കായിക വിനോദപരിപാടികൾ, പ്രാദേശിക അടിസ്ഥാനത്തിൽ സംഘടിപ്പിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

യുവജനങ്ങളെ ആകർഷിക്കുന്നതിനായി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേരളോത്സവം സംഘടിപ്പിച്ചുവരുന്നു. കേരളോത്സവത്തിന്റെ ഭാഗമായി വിവിധങ്ങളായ കലാകായിക വിനോദപരിപാടികൾ ഉൾപ്പെടുത്താറുണ്ട്. കായികവിനോദങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ തനത് പരിപാടികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ, കരവാരം ഗ്രാമപഞ്ചായത്തുകളിൽ നിർമ്മിച്ച നീന്തൽക്കുളങ്ങൾ, കോഴിക്കോട് ജില്ലയിലെ നാദാപുരം പഞ്ചായത്ത് നിർമ്മിച്ച ഇന്റോർ സ്റ്റേഡിയം തുടങ്ങിയവ ഉദാഹരണങ്ങളാണ്. യുവജനങ്ങളെ ആകർഷിക്കുന്നതിനായി കലാ-കായിക വിനോദപരിപാടി പ്രാദേശിക അടിസ്ഥാനത്തിൽ സംഘടിപ്പിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 78264/എഫ്.എം.2/2014/ത.സ്വ.ഭ.വ., 7-10-2016)

ശിപാർശ (ഖണ്ഡിക-70)

25 ലക്ഷത്തോളം അന്യസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്തുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അന്യസംസ്ഥാന തൊഴിലാളികൾക്കിടയിൽ മദ്യത്തിന്റേയും ലഹരി വസ്തുക്കളുടെയും ഉപയോഗം വ്യാപകമായതിനാൽ അന്യസംസ്ഥാന തൊഴിലാളികളുടെ ലേബർ ക്യാമ്പുകളിൽ മദ്യലഹരിവിരുദ്ധ ബോധവൽക്കരണം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

17-12-2015-ലെ സ.ഉ.(സാധാ.) 1717/15/തൊഴിൽ ഉത്തരവ് പ്രകാരം ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിശോധനാ വിധേയമാക്കുന്നതിനും അവരെ ബോധവൽക്കരിക്കുന്നതിനും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറായും ജില്ലാ മെഡിക്കൽ ഓഫീസർ, തദ്ദേശസ്വയംഭരണവകുപ്പിന്റെ ഡെപ്യൂട്ടി ഡയറക്ടർ, ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തി ഒരു ജില്ലാതല സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിലിടങ്ങളിലും താമസ സൗകര്യങ്ങളിലും പരിശോധന നടത്താനും മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗത്തെക്കുറിച്ച് ടി തൊഴിലാളികളെ ബോധവൽക്കരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകൾ സന്ദർശിക്കുമ്പോൾ കോൺട്രാക്ടർമാർക്ക് ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം നൽകാറുണ്ട്. തൊഴിലാളികൾ താമസിക്കുന്നത് മിക്കവാറും അവരുടെ തൊഴിലിടങ്ങളോട് ചേർന്നുള്ള താമസസ്ഥലത്താണ്. ടി സ്ഥലങ്ങളിൽ തൊഴിൽ വകുപ്പും ആരോഗ്യവകുപ്പും സഹകരിച്ച് പരിശോധന നടത്തുമ്പോൾ ഇതരസംസ്ഥാന തൊഴിലാളികൾ മദ്യവും ലഹരി വസ്തുക്കളും ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും ഉപയോഗത്തിന്റെ അപകടത്തെ സംബന്ധിച്ച് അവർക്ക് ബോധവൽക്കരണം നടത്താറുണ്ട്. അന്യസംസ്ഥാന തൊഴിലാളികൾ കൂട്ടമായി ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ ഒരു മദ്യലഹരി വിരുദ്ധ സമിതി രൂപീകരിച്ച് പ്രവർത്തിക്കുവാനും സമിതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്താനും ലേബർ ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 20337/ഇ 2/2014/തൊഴിൽ, 10-11-2016)

## 6-12-2017-ലെ സമിതി യോഗത്തിൽ പരിഗണിച്ചവ

ശിപാർശ (ഖണ്ഡിക-60)

ഓഫീസ് സമയത്ത് മദ്യപിച്ചെത്തുന്ന സർക്കാർ ജീവനക്കാർക്കെതിരെ വകുപ്പുതലത്തിൽ ശിക്ഷാനടപടികൾ കർശനമായി എടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിൽ ജോലിസമയത്ത് ജീവനക്കാർ മദ്യപിച്ചെത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ശിപാർശ (ഖണ്ഡിക -71)

സാക്ഷരതയിലും പ്രബുദ്ധതയിലും മുന്നിലുള്ള കേരളീയ സമൂഹത്തെ ഗ്രസിക്കുന്ന തീവ്രമായ സാമൂഹിക വിപത്താണ് മദ്യാസക്തി. മദ്യം കൊണ്ട് ഭരണകൂടത്തിനുണ്ടാകുന്ന സാമ്പത്തികനേട്ടം അതുകൊണ്ട് സമൂഹത്തിനുണ്ടാകുന്ന ധാർമ്മിക നഷ്ടവുമായി തുലനം ചെയ്യുമ്പോൾ നിസ്സാരമാണെന്ന് രാഷ്ട്രപിതാവായ മഹാത്മാഗാന്ധി വ്യക്തമാക്കിയിട്ടുണ്ട്. മദ്യാസക്തി കൊണ്ടുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നതിന് വിവിധ തലങ്ങളിൽ സർക്കാരിന് വൻതുക ചെലവാക്കേണ്ടതായി വരുന്നു. സാമൂഹിക ജീവിതത്തിൽ സന്തുലിതാവസ്ഥ നഷ്ടപ്പെടുന്ന തരത്തിൽ ഈ വിപത്ത് വളർന്നു കഴിഞ്ഞിരിക്കുന്നതിനാലും ഗുരുതരമായ സാമൂഹ്യ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നതിനാലും സംസ്ഥാനത്ത് മദ്യവിരുദ്ധ പ്രവർത്തനങ്ങളും പ്രചരണങ്ങളും ശക്തമാക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാകേണ്ടതുണ്ടെന്നും സമിതി കരുതുന്നു. മദ്യത്തിന്റെ ഉപഭോഗവും വിൽപ്പനയും നിയന്ത്രിച്ച് മദ്യാസക്തി കുറച്ച് കൊണ്ടുവരുന്നതിനും ശാരീരികവും മാനസികവുമായ ആരോഗ്യവും ധാർമ്മികബോധവുമുള്ള ഒരു സമൂഹം വളർന്നുവരുന്നതിനുമായി സമിതിയുടെ മേൽ സൂചിപ്പിച്ച അഭിപ്രായങ്ങൾ പരിഗണിക്കുന്നതിനും ശിപാർശകളും നിർദ്ദേശങ്ങളും നടപ്പിലാക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾ മുൻഗണന നൽകണമെന്ന് സമിതി പ്രത്യാശിക്കുന്നു.

## സ്വീകരിച്ച നടപടി

മദ്യവർജ്ജനം എന്ന നയത്തിൽ ഊന്നിക്കൊണ്ടാണ് സർക്കാർ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി മദ്യം, മയക്കുമരുന്ന് എന്നിവ മൂലമുണ്ടാകുന്ന ആരോഗ്യ മാനസിക പ്രശ്നങ്ങൾ സംബന്ധിച്ച ബോധവൽക്കരണത്തിന് വളരെ മുന്തിയ പ്രധാന്യമാണ് നൽകി വരുന്നത്. പൊതുജനങ്ങൾ, വിദ്യാർത്ഥികൾ, ജീവനക്കാർ എന്നിവരുടെ ഇടയിൽ ബോധവൽക്കരണം നൽകി വരുന്നുണ്ട്. ഓഫീസ് സമയത്ത് മദ്യപിച്ച് എത്തുന്ന ജീവനക്കാർക്കെതിരെ കർശന നടപടികൾ കൈക്കൊള്ളുന്നതുമാണ്.

(സർക്കാർ കത്ത് നമ്പർ 222/ബി2/2017/തൊഴിൽ, 8-8-2017)

## 28-6-2017-ലെ സമിതി യോഗത്തിൽ പരിഗണിച്ചവ

II. എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണവും സംസ്ഥാന എക്സൈസ് അക്കാദമിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതും സംബന്ധിച്ച റിപ്പോർട്ട്

(ഫയൽ നമ്പർ 1241/സബ്.സി.ഇ 2/2016/നി.സെ.)

<u>ശിപാർശ (ഖണ്ഡിക 21)</u>

എക്സൈസ് വകുപ്പ് നടപ്പാക്കി വരുന്ന പല ചട്ടങ്ങളും നയങ്ങളിൽ വരുന്ന മാറ്റങ്ങൾക്കനുസരിച്ച് പരിഷ്കരിച്ചിട്ടില്ലെന്നും പലതും ഇപ്പോൾ പ്രയോഗത്തിലില്ലെന്നും സമിതി വിലയിരുത്തുന്നു. അതിനാൽ ചട്ടങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

എക്സൈസ് വകുപ്പിലെ നിയമങ്ങളിൽ കാലാനുസൃതമായി മാറ്റങ്ങൾ വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

<u>ശിപാർശ (ഖണ്ഡിക 22)</u>

എക്സൈസ് വകുപ്പിന്റെ മിക്ക ഓഫീസുകളും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്നും സ്വന്തമായുള്ള കെട്ടിടങ്ങൾ ജീർണ്ണാവസ്ഥയിലാണെന്നും സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി എല്ലാ ഓഫീസുകൾക്കും ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

എക്സൈസ് വകുപ്പിന് സ്വന്തമായി സ്ഥലം ഉള്ള എല്ലാ സ്ഥലങ്ങളിലും സ്വന്തമായി കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കോട്ടയം, തൃശ്ശൂർ, പാലക്കാട്, വയനാട് ജില്ലകളിൽ എക്സൈസ് ടവർ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശവും സജീവ പരിഗണനയിലാണ്.

<u>ശിപാർശ (ഖണ്ഡിക 23)</u>

എക്സൈസ് വകുപ്പിന് കെട്ടിട നിർമ്മാണത്തിനായുള്ള ഫണ്ട് പൊതുമരാമത്ത് വകുപ്പിന്റെ മൂലധന ചെലവിനത്തിൽ വരുന്നതിനാൽ എക്സൈസ് വകുപ്പിന് കീഴിൽ കെട്ടിട നിർമ്മാണത്തിനായി ഒരു പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

എക്സൈസ് വകുപ്പിന്റെ ശീർഷകത്തിൽ തുക ഉൾക്കൊള്ളിച്ച് വകുപ്പ് സ്വന്തം നിലയിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചാൽ താഴെപ്പറയുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടാൻ സാധ്യതയുണ്ട്:

1. എക്സൈസ് വകുപ്പിൽ പദ്ധതിയുടെ/കെട്ടിടനിർമ്മാണത്തിന്റെ സാങ്കേതിക മേൽനോട്ടം വഹിക്കുന്ന സാങ്കേതിക വിഭാഗം ജീവനക്കാരായ എഞ്ചിനീയറിംഗ് യോഗ്യതയുള്ള ജീവനക്കാർ ഇല്ല. ഈ മേഖലയിൽ പരിചയ സമ്പത്തും പ്രാവീണ്യവുമുള്ള പ്രസ്തുത ജീവനക്കാരുടെ അഭാവം പദ്ധതികളുടെ തുടർ നടപടികളെ സാരമായി ബാധിക്കാൻ ഇടയുണ്ട്.

2. ബഡ്ജറ്റിൽ തുക വകയിരുത്തിയശേഷം ടെൻഡർ നടപടികൾ കൈക്കൊള്ളുക, സാധനസാമഗ്രികൾ ഗുണനിലവാരം ഉറപ്പാക്കി ലഭ്യമാക്കുക, പദ്ധതി/കെട്ടിടം പണി സമയബന്ധിതമായി പൂർത്തിയാക്കുക, അവയുടെ തുടർനടപടികൾ കൈക്കൊള്ളുക എന്നിങ്ങനെയുള്ള വിവിധങ്ങളായ പരിശോധനകൾ നടപ്പിലാക്കുന്നതിന് നിലവിൽ എക്സൈസ് വകുപ്പിൽ പരിചയസമ്പത്തുള്ളതോ, സാങ്കേതിക അറിവുള്ളതോ ആയ ജീവനക്കാരുടെ അഭാവം പദ്ധതിയുടെ നടത്തിപ്പിനെ താളംതെറ്റിക്കാൻ ഇടയുണ്ട്.

3. സാങ്കേതിക നടപടിക്രമങ്ങളിൽ അറിവോ, പരിചയ സമ്പന്നതയോ ഇല്ലാത്ത ജീവനക്കാരെ ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കുമ്പോൾ ക്രമക്കേടുകൾക്ക് വഴിവച്ചേക്കാം. ആയത് ഭാവിയിൽ ആഡിറ്റ് തടസ്സവാദം ഉണ്ടാക്കാനും ഇടയുണ്ട്.

4. മേൽപ്പറഞ്ഞ പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി സാധാരണ ഗതിയിൽ ഓരോ വകുപ്പിലും അതാത് സാമ്പത്തിക വർഷമോ അല്ലെങ്കിൽ പഞ്ചവത്സര പദ്ധതിയായിട്ടോ നടപ്പിലാക്കേണ്ട നിർമ്മാണ പ്രവർത്തികൾക്കുള്ള തുക പൊതുമരാമത്ത് വകുപ്പിന്റെ (4059) ശീർഷകത്തിൽ വകയിരുത്തി പ്രവർത്തികൾ ടി വകുപ്പ് വഴിയാണ് നടപ്പിലാക്കുന്നത്. കാലതാമസം ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ പൊതുമരാമത്ത് വകുപ്പുമായി നിരന്തരം ബന്ധപ്പെട്ട് മുൻഗണനാക്രമത്തിൽ പദ്ധതി നടപ്പിലാക്കാവുന്നതാണ്. കൂടാതെ പുതിയ ശീർഷകം (Opening of new Head of Account) ധനകാര്യവകുപ്പ് എതിർക്കാനും ഇടയുണ്ട്.

5. സർക്കാരിന്റെ വിവിധങ്ങളായ പദ്ധതികളും പ്രവർത്തികളും ഏറ്റെടുത്ത് നടത്തുന്നതിനാണ് സർക്കാർ വകുപ്പായ പൊതുമരാമത്ത് വകുപ്പിനെ ചുമതല പ്പെടുത്തിയിട്ടുള്ളത്. ഈ പ്രവർത്തിയിൽനിന്ന് സാങ്കേതിക വൈദഗ്ദ്യവും പരിചയ സമ്പത്തുമുള്ള പൊതുമരാമത്ത് വകുപ്പിനെ ഒഴിവാക്കുന്നത് വിമർശനം ക്ഷണിച്ചു വരുത്താൻ ഇടയുണ്ട്.

മേൽപ്പറഞ്ഞ കാരണങ്ങളാൽ എക്സൈസ് വകുപ്പിന്റെ കെട്ടിട നിർമ്മാണ പ്രവർത്തികൾക്കുള്ള തുക വകുപ്പിന്റെ സ്വന്തം ശീർഷകത്തിൽതന്നെ വകയിരുത്തി നടപ്പിലാക്കണമെന്ന വിഷയനിർണ്ണയ സമിതിയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശം പുനഃപരിശോധിക്കേണ്ടതാണ്.

## ശിപാർശ (ഖണ്ഡിക 24)

എക്സൈസ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഉത്തര, മദ്ധ്യ-ദക്ഷിണ (കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം) എന്നീ മൂന്ന് മേഖലകളിലേയ്ക്കും മൊബൈൽ അനലിറ്റിക്കൽ ലാബുകൾ അനുവദിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ദക്ഷിണ മേഖല കേന്ദ്രമാക്കി പ്രവർത്തനം ആരംഭിച്ചിട്ടുള്ള മൊബൈൽ ലാബിലേയ്ക്ക് ഒരു ജൂനിയർ സയന്റിഫിക് ഓഫീസറേയും ഒരു ലാബ് അസിസ്റ്റന്റിനേയും മാത്രമേ നിയമിച്ചിട്ടുള്ളൂവെന്നും എക്സൈസ് ഉദ്യോഗസ്ഥരുടെ യാതൊരു തസ്തികയും സൃഷ്ടിച്ചിട്ടില്ലെന്നും ബാക്കി രണ്ട് മേഖലകളിലെ മൊബൈൽ ലാബുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള തടസ്സം ജീവനക്കാരുടെ അഭാവമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഉത്തര-മദ്ധ്യ മേഖലകളിൽ മൊബൈൽ ലാബുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനും ദക്ഷിണമേഖല മൊബൈൽ ലാബിന്റെ കാര്യക്ഷമവും സുഗമവുമായ പ്രവർത്തനങ്ങൾക്കും ആവശ്യമായ എക്സൈസ് ഉദ്യോഗസ്ഥരുടെ സ്ഥിരം തസ്തികകൾ സൃഷ്ടിച്ച് അടിയന്തരമായി നിയമനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ദക്ഷിണ മേഖല മൊബൈൽ ലാബ് 2013-14-ൽ സ്ഥാപിക്കുകയും ആയതിന്റെ പ്രവർത്തനം നല്ല രീതിയിൽ നടന്നുവരികയും ചെയ്യുന്നു. ഈ ലാബിനായി ഒരു ജൂനിയർ സയന്റിഫിക് ഓഫീസറുടെയും ഒരു ലാബ് അസിസ്റ്റന്റിന്റെയും മദ്ധ്യമേഖലാ ലാബിന് വേണ്ടി ഒരു ജൂനിയർ സയന്റിഫിക് ഓഫീസറുടെയും ഒരു ലാബ് അസിസ്റ്റന്റിന്റെയും തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

ഉത്തരമേഖലാ ലാബിന്റെ നിർമ്മാണ പ്രവർത്തനം പൂർണ്ണമായി കഴിഞ്ഞിരിക്കുന്നു. ഉദ്യോഗസ്ഥരെ നിയമിക്കുന്നതടക്കമുള്ള നടപടികൾ നടന്നുവരുന്നു.

## ശിപാർശ (ഖണ്ഡിക 25)

1968-ൽ നടപ്പിലാക്കിയ സ്റ്റാഫ് പാറ്റേൺ ആണ് എക്സൈസ് വകുപ്പിൽ ഇപ്പോഴും നിലനിൽക്കുന്നതെന്നും ജനസംഖ്യാനുപാതികമായി സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചിട്ടില്ല എന്നും സമിതി മനസ്സിലാക്കുന്നു. ഒരു എക്സൈസ് റേഞ്ച് ഓഫീസിൽ എക്സൈസ്

ഇൻസ്പെക്ടറും അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടറും പ്രിവന്റീവ് ഓഫീസറും സിവിൽ എക്സൈസ് ഓഫീസറും ഉൾപ്പെടെ 18-ൽ താഴെ ഉദ്യോഗസ്ഥർ മാത്രമാണുള്ളത്. അൻപത്തിയാറോളം എക്സൈസ് റേഞ്ച് ഓഫീസുകളിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികകൾ പോലും നിലവിലില്ല. ഓരോ റേഞ്ച് ഓഫീസുകളിലേയും ഓഫീസ് ജോലികളും എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സ്പെഷ്യൽ ഡ്യൂട്ടി, കോടതി ഡ്യൂട്ടി, രഹസ്യവിവരം ശേഖരിക്കുക, കണ്ടുപിടിക്കപ്പെട്ട കേസുകളുടെ അന്വേഷണം നടത്തി കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിക്കുക, ഹൈവേ പട്രോളിംഗ്, വാഹന പരിശോധന, കൺട്രോൾ റൂം ഡ്യൂട്ടി, കോമ്പൗണ്ടിംഗ് കേസുകളിലെ മദ്യം നശിപ്പിക്കൽ, ലൈസൻസ് സ്ഥാപനങ്ങളുടെ നിയന്ത്രണം, എഫ്. എൽ1, എഫ്. എൽ3 തുടങ്ങിയ സ്ഥാപനങ്ങളിലെ കൺസൈൻമെന്റുകൾ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകൽ, ജനകീയ സമിതികൾ സംഘടിപ്പിക്കൽ, ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നീ പ്രധാന ജോലികൾ നിർവ്വഹിക്കുന്നതിന് നിലവിലുള്ള ഉദ്യോഗസ്ഥരുടെ അംഗബലം പര്യാപ്തമാകുകയില്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ എക്സൈസ് വകുപ്പിലെ സ്റ്റാഫ് പാറ്റേൺ അടിയന്തരമായി പരിഷ്കരിച്ച് ആവശ്യമായ നിയമനങ്ങൾ നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

എക്സൈസ് വകുപ്പിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതു സംബന്ധിച്ച് പ്രൊപ്പോസൽ പരിശോധിക്കുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക 26)</u>

കടൽ മാർഗ്ഗം ലഹരി വസ്തുക്കൾ കടത്തുന്നത് തടയുന്നതിനായി എക്സൈസ് വകുപ്പിന് നിലവിൽ സൗകര്യങ്ങൾ ഒന്നുമില്ലെന്ന് സമിതി മനസ്സിലാക്കുന്നു. നിലവിലെ സാഹചര്യത്തിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നും മദ്യ മയക്കുമരുന്നുകളും വ്യാജമദ്യവും കടൽ മാർഗ്ഗം കടത്തുന്നതിന് സാധ്യതയേറെ ആയതിനാൽ കടൽമാർഗ്ഗമുള്ള മദ്യക്കടത്ത് തടയുന്നതിനും പരിശോധനകൾ നടത്തുന്നതിനുമുള്ള സംവിധാനങ്ങൾ അടിയന്തരമായി ഏർപ്പെടുത്തേണ്ടതുണ്ട്. ആയതിനാൽ മൂന്ന് സോണുകളിലും ഓരോ സോണൽ കോസ്റ്റൽ എക്സൈസ് ഓഫീസുകൾ വീതം ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കടൽ മാർഗ്ഗം ലഹരി വസ്തുക്കൾ കടത്തുന്നത് തടയുന്നതിനായി എക്സൈസ് വകുപ്പിന് നിലവിൽ സൗകര്യങ്ങൾ ഒന്നുംതന്നെയില്ലാത്തതിനാൽ മേൽ നിർദ്ദേശം പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 27)

മദ്യവിമുക്ത കേരള എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിന് അതിർത്തി സംസ്ഥാനങ്ങളിൽ നിന്നുള്ള മദ്യത്തിന്റെ അനധികൃതമായ വരവ് പൂർണ്ണമായും തടയേണ്ടതുണ്ട്. ഇതിന് എക്സൈസ് ചെക്ക്പോസ്റ്റുകൾ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്. ഭൂരിഭാഗം മൈനർ ചെക്ക്പോസ്റ്റുകളിലും എക്സൈസ് ഉദ്യോഗസ്ഥരുടെ സ്ഥിരം നിയമനം ഇല്ലാത്ത അവസ്ഥയാണ്. ആയതിനാൽ എക്സൈസ് ചെക്ക് പോസ്റ്റുകളിൽ എക്സൈസ് ഉദ്യോഗസ്ഥരുടെ സ്ഥിരം തസ്തികകൾ സൃഷ്ടിക്കണമെന്നും ജീവനക്കാരുടെ ജോലി സാഹചര്യം മെച്ചപ്പെടുത്തണമെന്നും ആധുനിക സംവിധാനങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എക്സൈസ് ചെക്ക്പോസ്റ്റുകളുടെ അടിസ്ഥാന വികസനം സാധ്യമാക്കുന്നതിനായി 19 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ കണ്ടെയ്നർ മൊഡ്യൂളുകൾ സ്ഥാപിച്ചിട്ടുണ്ട്. പുതിയ തസ്തിക സൃഷ്ടിക്കണമെന്നത് സംബന്ധിച്ച ശിപാർശ പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 28)

എക്സൈസ് വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കണമെന്നും ഇ-പേയ്മെന്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് പുതുതായി നിലവിൽ വന്ന ഇ-ട്രഷറി സംവിധാനവുമായി ലിങ്ക് ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി എക്സൈസ് വകുപ്പിലെ സേവനാവകാശ നിയമ പ്രകാരമുള്ള 25 സേവനങ്ങളിൽ ഇ-മോഡിലാക്കാൻ കഴിയുന്ന 22 സേവനങ്ങളിൽ 15 സേവനങ്ങളും ഇ-മോഡിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള സേവനങ്ങളും കാലതാമസമില്ലാതെ ഇ-മോഡിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. എക്സൈസ് കമ്മീഷണറേറ്റിൽ ഇ ഫയലിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ഇ-ട്രഷറി സിസ്റ്റം ചില സാങ്കേതിക പ്രശ്നങ്ങളാൽ നാളിതുവരെ നടപ്പിലാക്കാൻ കഴിഞ്ഞില്ലായെന്നും അറിയിക്കുന്നു.

ശിപാർശ (ഖണ്ഡിക 29)

അനധികൃതമായി സ്പിരിറ്റ്, മയക്കമരുന്ന്, വ്യാജമദ്യം തുടങ്ങിയവ കടത്തുന്നവരെ സംബന്ധിച്ച വിവരം നൽകുന്നവർക്ക് പാരിതോഷികം നൽകുന്നതിനുള്ള സീക്രട്ട് ഫണ്ടിലേയ്ക്കുള്ള വിഹിതം വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2016-17 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനയിൽ 8.8 ലക്ഷം രൂപ മാത്രമാണ് സീക്രട്ട് സർവ്വീസ് ഫണ്ടിൽ വകയിരുത്തിയിട്ടുള്ളത്. പുതിയ സർക്കാർ രൂപീകരണവുമായി ബന്ധപ്പെട്ട് അൾട്ടറേഷൻ മെമ്മോറാണ്ടം തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് നൽകിയ ശിപാർശയിൽ 17 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 30)</u>

എക്സൈസ് വകുപ്പിന്റെ ഫീൽഡ് ഓഫീസുകൾക്കും ജില്ലാ മേധാവികളായ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും ആവശ്യമായ വാഹനങ്ങളും ബൈക്ക് അനുവദിച്ചിട്ടില്ലാത്ത ഓഫീസുകളിൽ ബൈക്കുകളും ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ 166 ബൈക്കുകൾ ഫീൽഡ് ഓഫീസുകളിൽ വിതരണം ചെയ്തിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ നവീകരണം എന്ന ശീർഷകത്തിൽ മതിയായ ഫണ്ട് ഇല്ലാത്തതിനാൽ 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ ബൈക്കുകൾ വാങ്ങുവാൻ കഴിഞ്ഞില്ല. 2012-13-ൽ 33 ജീപ്പുകളും 3 കാറുകളും 2014-15-ൽ 9 ബൊലേറോ ജീപ്പും വാങ്ങുകയും 2015-16 സാമ്പത്തിക വർഷം 19 ബൊലേറോ ജീപ്പ് വാങ്ങുന്നതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 31)</u>

എക്സൈസ് രഹസ്യാന്വേഷണ വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ഉദ്യോഗസ്ഥർക്ക് ഇന്റലിജന്റ്സ് പരിശീലനം നൽകണമെന്നും ഇപ്രകാരം പരിശീലനം നേടിയ ഉദ്യോഗസ്ഥരുടെ സേവനം കുറഞ്ഞത് 3 വർഷമെങ്കിലും ബന്ധപ്പെട്ട വിഭാഗത്തിൽ ഉറപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ആവശ്യമായ നടപടി സ്വീകരിക്കാൻ എൻഫോഴ്സ്മെന്റ് അഡീഷണൽ എക്സൈസ് കമ്മീഷണർക്കും ഇന്റലിജൻസ് ജോയിന്റ് എക്സൈസ് കമ്മീഷണർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 32)</u>

എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിനാവശ്യമായ സിഗ്നൽ ലൈറ്റ്, ബാറ്റൻ, ലാത്തി, ക്യാമറ മുതലായവ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

35 ഡിജിറ്റൽ ക്യാമറകളും 10,000 ലാത്തികളും വാങ്ങി ഫീൽഡ് ഓഫീസുകൾക്ക് വിതരണം ചെയ്തിട്ടുള്ളതും സിഗ്നൽ ലൈറ്റ് ബാറ്റൺ വാങ്ങി വിതരണം ചെയ്യാനുള്ള നടപടി അന്തിമ ഘട്ടത്തിലുമാണ്.

<u>ശിപാർശ (ഖണ്ഡിക 33)</u>

ചെക്ക്പോസ്റ്റുകളിലും മറ്റ് ഓഫീസുകളിലും ആവശ്യത്തിന് ഫർണിച്ചറുകളും ഇൻവെർട്ടറുകളും ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

എക്സൈസ് ഫീൽഡ് ഓഫീസുകളിലും ചെക്ക്പോസ്റ്റുകളിലും ഫർണിച്ചറുകൾ ഘട്ടം ഘട്ടമായി വാങ്ങി വിതരണം ചെയ്തു വരുന്നു. ചെക്ക്പോസ്റ്റുകളിൽ ഇൻവെർട്ടറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി പരിശോധിക്കുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക 34)</u>

എക്സൈസ് ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ സോഫ്റ്റ്‌വെയർ നിർമ്മിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

എക്സൈസ് ക്രൈം റിക്കോർഡ്സ് ബ്യൂറോയിൽ സോഫ്റ്റ്‌വെയർ സ്ഥാപിക്കാനുള്ള ഫണ്ട് 2016-17 സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതത്തിൽ വകയിരുത്തിയിട്ടുണ്ട്. CIPRUS എന്ന വെബ് ബേസ്ഡ് സോഫ്റ്റ്‌വെയർ സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.

<u>ശിപാർശ (ഖണ്ഡിക 35)</u>

എക്സൈസ് കമ്മീഷണറേറ്റിൽ ക്യൂബിക്കിൾ നിർമ്മിക്കണമെന്നും എക്സൈസ് ആസ്ഥാന മന്ദിരത്തിൽ ഡോർമിറ്ററി സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

എക്സൈസ് കമ്മീഷണറേറ്റിൽ ക്യൂബിക്കിൾ നിർമ്മിക്കുന്നതിനും എക്സൈസ് ആസ്ഥാന മന്ദിരത്തിൽ ഡോർമിറ്ററി സ്ഥാപിക്കുന്നതിനുമുള്ള വർക്ക് ഓർഡർ പി.ഡബ്ല്യു.ഡി.-ക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണപ്രവർത്തനം പുരോഗമിച്ചു വരുന്നു.

<u>ശിപാർശ (ഖണ്ഡിക 36)</u>

എല്ലാ ചെക്ക്പോസ്റ്റുകളിലും കണ്ടെയ്നർ മൊഡ്യൂളുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതായി സമിതി മനസ്സിലാക്കുന്നു. ചെക്ക്പോസ്റ്റുകളിൽ കണ്ടെയ്നർ മൊഡ്യൂളുകൾ സ്ഥാപിക്കുന്ന നടപടി സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ചെക്ക്പോസ്റ്റുകളിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി കണ്ടെയ്നർ മൊഡ്യൂളുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. സ്ഥലലഭ്യതയുള്ള മറ്റു ചെക്ക്പോസ്റ്റുകളിലും കണ്ടെയ്നർ മൊഡ്യൂളുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക 37)</u>

എക്സൈസ് വകുപ്പിന്റെ എല്ലാ ഓഫീസുകളിലും ആവശ്യമായ ഡിജിറ്റൽ ക്യാമറകൾ, ഇന്റർനെറ്റ് സംവിധാനത്തോടുകൂടിയ കമ്പ്യൂട്ടറുകൾ, പ്രിവന്റീവ് ഓഫീസർ മുതൽക്കുള്ള ഉദ്യോഗസ്ഥർക്ക് സിംകാർഡുകൾ എന്നിവ അനുവദിക്കണമെന്നും ഫീൽഡ് ഓഫീസുകളിലെ പ്രവർത്തനക്ഷമമല്ലാത്ത കമ്പ്യൂട്ടറുകൾക്ക് പകരം പുതിയ കമ്പ്യൂട്ടർ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2014-15 സാമ്പത്തിക വർഷം 35 ഡിജിറ്റൽ ക്യാമറകൾ വാങ്ങി 35 സർക്കിൾ ഓഫീസുകൾക്ക് വിതരണം ചെയ്തിട്ടുള്ളതാണ്. ഇന്റർനെറ്റ് സംവിധാനത്തോടുകൂടിയ കമ്പ്യൂട്ടറുകൾ മിക്കവാറും എല്ലാ എക്സൈസ് ഓഫീസുകളിലും ലഭ്യമാണ്. എക്സൈസ് വകുപ്പിൽ ഇ-ഓഫീസ് പൂർണ്ണമായി നടപ്പിലാക്കുന്നതിന് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

2014-15 സാമ്പത്തിക വർഷം CUG സൗകര്യത്തോടുകൂടിയുള്ള 858 സിം കാർഡുകൾ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാർക്കും പ്രിവന്റീവ് ഓഫീസർമാർക്കും വിതരണം ചെയ്തിട്ടുള്ളതാണ്. തകരാറിലായ കമ്പ്യൂട്ടറുകൾക്കു പകരം 11 കമ്പ്യൂട്ടറുകൾ ഫീൽഡ് ഓഫീസുകളിൽ വിതരണം ചെയ്തിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക-38)</u>

അബ്കാരി കേസ്സുകളുമായി ബന്ധപ്പെട്ട് പിടിച്ചെടുക്കുന്ന വാഹനങ്ങൾ സ്റ്റേഷനുകളിൽ വർഷങ്ങളോളം കിടക്കുന്നതിനാൽ അവ തുരുമ്പെടുത്ത് നശിക്കുന്നു. അതിനാൽ അത്തരം കേസ്സുകൾ തീർപ്പാക്കുന്നതിന് ഒരു പ്രത്യേക പദ്ധതി തയ്യാറാക്കണമെന്നും കേസുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കി വാഹനം വിൽപ്പന നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

എക്സൈസ് വകുപ്പിൽ പിടിച്ചെടുത്ത് സർക്കാരിലേക്ക് കണ്ടുകെട്ടിയ വാഹനങ്ങൾ പൊതു ലേലത്തിലൂടെയാണ് ലേലം ചെയ്ത് തീർപ്പാക്കിയിരുന്നത്. എന്നാൽ 15-10-2015 തീയതിയിലെ ജി.ഒ.(പി) നമ്പർ 190/2015/നി.വ. ഉത്തരവ് പ്രകാരം വാഹനങ്ങൾ പൊതുലേലത്തിലൂടെയോ അല്ലെങ്കിൽ നേരിട്ടോ, അല്ലെങ്കിൽ സർക്കാർ അധികാര പ്പെടുത്തിയ ഏജൻസിമുഖേനയോ ഇ-ലേലം നടത്താവുന്നതാണെന്ന് റൂൾ ഭേദഗതി വരുത്തുകയുണ്ടായി, ആയതിനാൽ ഇതിനകം നാമമാത്രമായ വാഹനങ്ങൾ മാത്രമെ ലേലം എം.എസ്.റ്റി.സി. വഴി ചെയ്ത് തീർപ്പാക്കാൻ കഴിഞ്ഞിട്ടുള്ളൂ.

എം.എസ്.റ്റി. മുഖേനയുള്ള ഇ-ലേലത്തിൽ വളരെ കുറച്ച് വാഹനങ്ങൾ മാത്രമാണ് വിൽപ്പന നടന്നിട്ടുള്ളത്. പ്രധാന കാരണം ലേലത്തിൽ പങ്കെടുക്കുന്നവർക്ക് രജിസ്ട്രേഷൻ നടപടിക്രമങ്ങളും രേഖകൾ ഹാജരാക്കുന്നതിനും സാധാരണക്കാർക്ക് സാങ്കേതികമായ അറിവ് കുറവായതിനാലും രജിസ്ട്രേഷൻ ഫീസിന്റെ (12500 രൂപ) വർദ്ധനവും ലേലത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണത്തിൽ കുറവ് വരുന്നു എന്നും ഇ-ലേലത്തിൽ പങ്കെടുക്കുന്നവർ പ്രൊഫഷണലുകളാകയാൽ മുന്തിയ ഇനം വാഹനങ്ങൾ മാത്രമാണ് അവർക്കാവശ്യമെന്നും അതുകൊണ്ടാണ് വാഹനങ്ങളുടെ വിൽപ്പനയിൽ വളരെയധികം കുറവ് വരുന്നത്. എക്സൈസ് വകുപ്പിൽ മുമ്പ് നടന്നുവന്നിരുന്ന പൊതുലേലത്തിൽ ധാരാളം പങ്കാളിത്ത മുണ്ടാവുകയും മത്സര സ്വഭാവത്തോടെയുള്ള ലേലം നടക്കുകയും അതുവഴി കൂടുതൽ തുക സർക്കാരിലേക്ക് സമാഹരിക്കുവാനും കഴിയുമായിരുന്നു എന്നും സ്വന്തം ആവശ്യത്തി നായിട്ടുപോലും വാഹനം ആവശ്യമുള്ളവർ ലേലത്തിൽ പങ്കെടുക്കുമായിരുന്നു. അതിനാലാണ് വാഹനത്തിന്റെ തീർപ്പാക്കൽ വേഗത്തിൽ നടന്നിരുന്നത്.

<u>ശിപാർശ (ഖണ്ഡിക-39)</u>

പിരിഞ്ഞു കിട്ടാനുള്ള റവന്യൂ കുടിശ്ശിക പിരിച്ചെടുക്കാനുള്ള പ്രവർത്തനം ഊർജ്ജിത പ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പിരിഞ്ഞു കിട്ടാനുള്ള റവന്യൂ കുടിശ്ശിക പിരിച്ചെടുക്കാനുള്ള പ്രവർത്തനം ഊർജ്ജിത പ്പെടുത്തിയിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക-40)</u>

അത്യാവശ്യ മേഖലകളിൽ ജീവനക്കാരുടെ കുറവ് എക്സൈസ് അക്കാദമിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതിനാൽ അക്കാദമിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പര്യാപ്തമായ തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ നടപടി

സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. എക്സൈസ് അക്കാദമിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആധുനിക പരിശീലന ഉപകരണങ്ങളും മറ്റ് ഭൗതിക സൗകര്യങ്ങളും സജ്ജമാക്കുന്നതിന് ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിച്ച് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

എക്സൈസ് അക്കാദമിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എക്സൈസ് ഇൻസ്പെക്ടർ 2, പ്രിവന്റീവ് ഓഫീസർ 4, ടൈപ്പിസ്റ്റ് 1, കുക്ക് 1 എന്നീ പോസ്റ്റുകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ എക്സൈസ് അക്കാദമിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആധുനിക പരിശീലന ഉപകരണങ്ങളും മറ്റ് ഭൗതിക സൗകര്യങ്ങളും സജ്ജമാക്കുന്നതിന് പദ്ധതി വിഹിതത്തിൽ 2015-16 സാമ്പത്തിക വർഷം 230 ലക്ഷം രൂപയും 2016-17 സാമ്പത്തികവർഷം 200 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. മേൽ ഫണ്ട് ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കി വരുന്നു.

<u>ശിപാർശ (ഖണ്ഡിക - 41)</u>

മദ്യ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തികൾക്കും സന്നദ്ധ സംഘടനകൾക്കുമായി എക്സൈസ് അക്കാദമിയിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. എക്സൈസ് ഉദ്യോഗസ്ഥർക്ക്, പുതുതായി ഉപയോഗത്തിലുള്ള മയക്കുമരുന്നുകൾ തിരിച്ചറിയുന്നതിനും മദ്യ മയക്കുമരുന്നുകളെയും അവയിലെ ചേരുവകളെക്കുറിച്ചുള്ള പുത്തൻ അറിവുകൾ യഥാസമയം നേടുന്നതിനും തദ്വാരാ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനുമായി എക്സൈസ് അക്കാദമി കേന്ദ്രീകരിച്ച് ഒരു ഗവേഷണ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

എക്സൈസ് അക്കാദമി കേന്ദ്രീകരിച്ച് ഒരു ഗവേഷണകേന്ദ്രം ആരംഭിക്കുന്നതിന് 2015-16 സാമ്പത്തികവർഷം 50 ലക്ഷം രൂപ വകയിരുത്തിയെങ്കിലും എക്സൈസ് വകുപ്പിന് കുറച്ച് കൂടി വിപുലമായ ഗവേഷണകേന്ദ്രം ആണ് ആവശ്യമെന്നതിനാൽ സുബോധം ഫണ്ട് ഉപയോഗിച്ച് എക്സൈസ് അക്കാദമിയിൽ അക്വാറ്റിക് ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുകയും ചെയ്തു.

<u>ശിപാർശ (ഖണ്ഡിക-42)</u>

മദ്യ, മയക്കുമരുന്ന് ലഹരി വസ്തുക്കളുടെ ദുരുപയോഗവും പരിഹാരമാർഗ്ഗങ്ങളും ബോധവൽക്കരണ പ്രചരണവും സംബന്ധിച്ച പഠനം നടത്തുന്നതിനായി എക്സൈസ് അക്കാദമി കേന്ദ്രീകരിച്ച് ഒരു പഠനകേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

മേൽ ശിപാർശ പരിശോധിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 513034/എഫ്3/16/നി.വ., 26-10-2016)

III. ചെക്ക് പോസ്റ്റുകളുടെ നവീകരണം സംബന്ധിച്ച റിപ്പോർട്ട്

(ഫയൽ നമ്പർ 4578/സബ്.സി.ഇ 2/2015/നി.സെ.)

**എക്സൈസ് ചെക്ക്പോസ്റ്റ്, ബംഗ്ര-മഞ്ചേശ്വരം, കാസർഗോഡ്**

<u>ശിപാർശ (ഖണ്ഡിക-50)</u>

ബംഗ്ര-മഞ്ചേശ്വരം ചെക്ക്പോസ്റ്റിൽ മറ്റു സംസ്ഥാനങ്ങളിൽനിന്നും വരുന്ന എല്ലാ വാഹനങ്ങളും എക്സൈസ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതായിട്ടുണ്ട്. സംശയിക്കുന്ന വാഹനങ്ങൾ മാറ്റിനിർത്തി പരിശോധിക്കുന്നതിനായി പ്രത്യേക യാർഡും ബാരിക്കേഡും ഇല്ലാത്തതിനാൽ സാധനങ്ങൾ അൺലോഡ് ചെയ്ത് പരിശോധിക്കുന്നതിനുള്ള ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്നും ഈ സൗകര്യം ചെക്ക് പോസ്റ്റിൽ ലഭ്യമാക്കേണ്ടത് അത്യാവശ്യമാണെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ ഓട്ടോമാറ്റിക് ബാരിക്കേഡ്, മേൽക്കൂരയുള്ള പ്ലാറ്റ്ഫോം, എക്സ്-റേസ്കാനർ, വാഹനങ്ങൾ പാർക്ക ചെയ്യുന്നതിനുള്ള സ്ഥലസൗകര്യം, കമ്പ്യൂട്ടർ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

മഞ്ചേശ്വരം എക്സൈസ് ചെക്ക്പോസ്റ്റ് നിലവിൽ പ്രവർത്തിക്കുന്ന മംഗലാപുരം-കാസർഗോഡ് നാഷണൽ ഹൈവേയുടെ വശങ്ങളിൽ സ്ഥലപരിമിതിമൂലം വാഹനങ്ങൾ പരിശോധിക്കുന്നതിന് വളരെയേറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. കണ്ടെയ്നർപോലുള്ള വാഹനങ്ങൾ നിലവിലുള്ള സാഹചര്യത്തിൽ കാര്യക്ഷമമായി പരിശോധിക്കാൻ കഴിയില്ല ആയതിനാൽ എക്സ്-റേസ്കാനർ, സ്കാനർ എന്നിവ ചെക്ക്പോസ്റ്റിൽ ഒഴിച്ചുകൂടാൻ ആവാത്തതാണ്. ചെക്ക്പോസ്റ്റുകളിൽ ആവശ്യമായ സമിതി ചൂണ്ടികാട്ടിയവിധമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു

<u>ശിപാർശ (ഖണ്ഡിക - 51)</u>

നാല് ഓഫീസ് റൂമുകൾ, സ്റ്റാഫ് റൂം, ജീവനക്കാർക്കായി ഡോർമിറ്ററിയോടുകൂടി വിശ്രമമുറി, സീനിയർ ഉദ്യോഗസ്ഥർക്കായി പ്രത്യേക മുറി, സ്റ്റോർ റൂം, റെക്കോർഡ് റൂം, ടോയ്‌ലെറ്റ് എന്നീ സൗകര്യങ്ങളോടുകൂടിയ ഒരു കെട്ടിടം എന്നിവ എക്സൈസ് ചെക്ക് പോസ്റ്റിനായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ചെക്ക്പോസ്റ്റിൽ കണ്ടെയ്നർ മൊഡ്യൂൾ സ്ഥാപിച്ചിട്ടുള്ളതാണ്. ജീവനക്കാർക്ക് മെച്ചപ്പെട്ട അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക-52)</u>

ദിവസം മുഴുവൻ ചെക്ക്പോസ്റ്റിൽ ഡ്യൂട്ടിയിലായിരിക്കുന്ന ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക -53)</u>

ചെക്ക്പോസ്റ്റിലെ അടിയന്തര ആവശ്യങ്ങൾക്കായി എല്ലാവിധ സജ്ജീകരണങ്ങളോടും കൂടി വാഹനങ്ങൾ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ എക്സൈസ് ചെക്ക്പോസ്റ്റിൽ വാഹനവും ഡ്രൈവറുടെ സേവനവും അനുവദിച്ചിട്ടുള്ളതാണ്.

**വാണിജ്യ നികുതി ചെക്ക്പോസ്റ്റ്, കമ്പിളി**

<u>ശിപാർശ (ഖണ്ഡിക -64)</u>

ഈ ചെക്ക്പോസ്റ്റ് വഴിയുള്ള വാഹനങ്ങളുടെ ഗതാഗതത്തിന് ക്രമാനുഗതമായി വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും എന്നാൽ അതിനനുസൃതമായി ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവോ മറ്റു സൗകര്യങ്ങളോ എക്സൈസ് പോസ്റ്റിൽ ഇല്ലെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ചെക്ക്പോസ്റ്റിൽ കൂടുതൽ ജീവനക്കാരുടെ സേവനം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധികമായി ഒരു ഡ്രൈവറുടെ തസ്തികയും മറ്റ് ജീവനക്കാരുടെ അധിക തസ്തികകളും അനുവദിക്കുകയാണെങ്കിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയും. ഇതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ആര്യങ്കാവ് ചെക്ക് പോസ്റ്റ്, കൊല്ലം**

<u>ശിപാർശ (ഖണ്ഡിക -78)</u>

ആര്യങ്കാവിലെ എക്സൈസ് ചെക്ക് പോസ്റ്റിൽ ജീവനക്കാർക്ക് പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനായി കണ്ടെയ്നർ മൊഡ്യൂൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം അടിയന്തരമായി പൂർത്തിയാക്കണമെന്നും ആയത് നടപ്പുവർഷം തന്നെ നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ആര്യങ്കാവ് എക്സൈസ് ചെക്ക് പോസ്റ്റിൽ കണ്ടെയ്നർ മൊഡ്യൂൾ സ്ഥാപിച്ചിട്ടുള്ളതാണ്, ടി കണ്ടെയ്നർ മൊഡ്യൂളിലാണ് നിലവിൽ എക്സൈസ് ചെക്ക് പോസ്റ്റും ഓഫീസും പ്രവർത്തിക്കുന്നത്. എന്നാൽ ഇതിൽ സ്ഥാപിച്ചിട്ടുള്ള ടോയ്‌ലറ്റിൽ വാട്ടർ കണക്ഷൻ ലഭിച്ചിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

<u>ശിപാർശ (ഖണ്ഡിക -82)</u>

തെന്മലയിലുള്ള എക്സൈസ് വകുപ്പിന്റെ 14.5 സെന്റ് സ്ഥലത്ത് തെന്മല ആസ്ഥാനമാക്കി ഒരു എക്സൈസ് റെയ്ഞ്ച് ഓഫീസ് സ്ഥാപിക്കുകയാണെങ്കിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുവാൻ സാധിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ തെന്മല ആസ്ഥാനമാക്കി ഒരു എക്സൈസ് റെയ്ഞ്ച് ഓഫീസ് സ്ഥാപിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

തെന്മല വില്ലേജിൽ സർവ്വേ നമ്പർ 1/7-ൽപ്പെട്ട 14 സെന്റ് സ്ഥലം എക്സൈസ് വകുപ്പിന് സ്വന്തമായിട്ടുള്ളതിനാൽ ആയതിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 454446/എഫ്3/16/നി.വ., 14-12-2016)

അദ്ധ്യായം II

## ചട്ടം 236(6) പ്രകാരം ലഭിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | വകുപ്പ്/ സ്ഥാപനം | റഫറൻസ് നമ്പർ | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | V—കാർഷികാദായ നികുതിയും വിൽപ്പന നികുതിയും | 2015-16 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് | PWR-എ 3/148/ 2017/പവർ, 31-7-2017 | 22-8-2017 |
| | | 2016-17 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് | PWR-എ 3/47/ 2017/പവർ, 14-8-2017 | 6-2-2018 |
| 2 | VIII—എക്സൈസ് | 2016-17 | കേരള സംസ്ഥാന എക്സൈസ് | നികുതി - എഫ് 3/ 248/17/നി.വ. 21-12-2017 | 6-2-2018 |
| 3 | X—ട്രഷറികളും അക്കൗണ്ടുകളും | 2016-17 | ട്രഷറി, കേരള സംസ്ഥാന ഓഡിറ്റ് | 412146/പി. എ.സി-എ 3/ 2017/ധന., 6-10-2017 | 6-2-2018 |
| 4 | XI—ജില്ലാഭരണവും പലവകയും | 2016-17 | ദേശീയ സമ്പാദ്യ പദ്ധതി | 412146/പി.എ. സി-എ 3/ 2017/ ധന., 6-10-2017 | 6-2-2018 |
| 5 | XVI—പെൻഷനും പലവകയും | 2015-16 | ആഭ്യന്തരം (എഫ്) | എഫ് 3/204/ 2017/ആഭ്യന്തരം, 24-2-2018 | 20-3-2018 |
| | | 2016-17 | കായിക യുവജനകാര്യം | 1229053/ബി1/ 17/കാ.യു.വ., 20-5-2017 | 22-8-2017 |
| | | 2016-17 | റവന്യൂ (ബി) | ബി1/290/17/റവ. 5-7-2017 | 22-8-2017 |
| | | 2016-17 | സൈനിക ക്ഷേമം | 1522853/SWB/ 17/പൊ.ഭ.വ., 28-11-2017 | 6-2-2018 |
| | | 2016-17 | പൊതുഭരണം (പൊളിറ്റിക്കൽ) | 1853605/പോൾ 3/17/പൊ.ഭ.വ, 6-11-2017 | 6-2-2018 |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| | | 2016-17 | പൊതുഭരണം (രഹസ്യ വിഭാഗം) | 40/എസ്.എസ്1/ 2017/ പൊ.ഭ.വ, 30-10-2017 | 6-2-2018 |
| | | 2016-17 | ധനകാര്യം (പെൻഷൻ) | 412146/ പി.എ.സി.എ 3/ 2017/ധന. 6-10-2017 | 6-2-2018 |
| | | 2016-17 | ധനകാര്യം (ലോൺസ്) | 412146/ പി.എ.സി എ 3/ 2017/ധന. 6-10-2017 | 6-2-2018 |
| 6 | XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ | 2016-17 | ധനകാര്യം (ലോൺസ്) | 412146/പി. എ.സി എ 3/ 2017/ധന. 6-10-2017 | 6-2-2018 |
| | | 2016-17 | സാമ്പത്തിക സ്ഥിതിവിവര ക്കണക്ക് | 1505746/ബി 3/ 17/ പ്ലാനിംഗ്, 24-11-2017 | 6-2-2018 |
| | | 2016-17 | ധനകാര്യം | 1179944/എൻ. സി.ബി1/2017/ ധന., 14-6-2017 | 22-8-2017 |
| 7 | XLIII—നഷ്ട പരിഹാരവും അവകാശ കൈമാറ്റങ്ങളും | 2016-17 | ധനകാര്യം | 1179944/എൻ. സി.എ 1/2017/ ധന., 24-5-2017 | 22-8-2017 |
| | | 2016-17 | ധനകാര്യം (എസ്.എഫ്. സി. സെൽ-എ) | 412146/പി.എ. സി .എ 3/ 2017/ ധന., 6-10-2017 | 6-2-2018 |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 8 | XLV—പലവകവായ്പ കളും മുൻകൂറുകളും | 2016-17 | പൊതുഭരണം (സ്പെഷ്യൽ - സി) | 1200223/ സ്പെ.സി2/2017/ പൊ.ഭ.വ. 17-6-2017 | 22-8-2017 |
| | | 2016-17 | ധനകാര്യം (ലോൺസ്) | 412146/പി. എ.സി.എ 3/ 2017/ധന., 6-10-2017 | 6-2-2018 |
| | | 2016-17 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് | 412146/പി. എ.സി.എ 3/ 2017/ധന., 6-10-2017 | 6-2-2018 |
| 9 | XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 2016-17 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് | 412146/പി.എ. സി.എ 3/ 2017/ ധന., 6-10-2017 | 6-2-2018 |

## അദ്ധ്യായം III

## I. ബില്ലുകളുടെ പരിശോധന

(a) 2017-ലെ കേരള ധനകാര്യ ബിൽ:

2017-ലെ കേരള ധനകാര്യ ബിൽ 22-5-2017-ൽ ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. ബില്ലിന്മേലുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും, കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 23-5-2017-ൽ സഭയിൽ സമർപ്പിച്ചു.

(b) 2017-ലെ ദ ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് ബിൽ:

2017-ലെ ദ ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് (ചരക്ക സേവന നികുതി) ബിൽ 8-8-2017-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബില്ലിന്മേലുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും, കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 11-8-2017-ൽ സഭയിൽ സമർപ്പിച്ചു.

(c) 2018 -ലെ കേരള ധനകാര്യ ബിൽ, 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ:

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, മരാമത്തും ഗതാഗതവും വാർത്താവിനിമയവും

സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV എന്നിവ സംയുക്തമായി 22-3-2018-ൽ യോഗം ചേർന്ന് 2018-ലെ കേരള ധനകാര്യ ബിൽ, 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ പരിഗണിക്കുകയും 2018-ലെ കേരള ധനകാര്യ ബിൽ ഭേദഗതികളോടെ അംഗീകരിക്കുകയും 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബില്ലുകളിന്മേലുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളും കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള ബില്ലുകളും 23-3-2018-ൽ സഭയിൽ സമർപ്പിച്ചു.

## II. ചട്ടങ്ങളുടെ പരിശോധന

(a) <u>കരട് ചട്ടങ്ങൾ</u>

I. സമിതി താഴെപ്പറയുന്ന കരട് ചട്ടങ്ങൾ ഭേദഗതി കൂടാതെ അംഗീകരിച്ചു:

| ക്രമ നമ്പർ | ചട്ടം | അംഗീകരിച്ച തീയതി |
|---|---|---|
| 1 | 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 281 പ്രകാരം കേരള ധനകാര്യ ആക്ടിൽ ഭേദഗതി വരുത്തുന്നതിനുള്ള ചട്ടങ്ങൾ (സർക്കാർ കത്ത് നമ്പർ 1076583/ബി1/2016/നി.വ., 5-4-2017) | 28-6-2017 |
| 2 | 2017-ലെ ജനറൽ പ്രൊവിഡന്റ് ഫണ്ട് (കേരള) ഭേദഗതി ചട്ടങ്ങൾ (സർക്കാർ കത്ത് നമ്പർ പി.എഫ്.2/2016/ധന., 2-8-2017) | 11-10-2017 |
| 3 | 2017-ലെ കേരള ട്രഷറി സബോർഡിനേറ്റ് സർവ്വീസ് (ഭേദഗതി) ചട്ടങ്ങൾ (സർക്കാർ കത്ത് നമ്പർ 17098/എസ്റ്റാ.സി3/16/ധന., 6-10-2017) | 6-12-2017 |

(b) എസ്.ആർ.ഒ.കളുടെ സാധൂകരണം

സമിതിയുടെ സൂക്ഷ്മപരിശോധന കൂടാതെ താഴെപ്പറയുന്ന എസ്.ആർ.ഒ.-കൾ പ്രസിദ്ധീകരിക്കാനിടയായ സാഹചര്യം സംബന്ധിച്ച കുറിപ്പുകൾ സമിതി യോഗം അംഗീകരിക്കുകയും പ്രസ്തുത എസ്.ആർ.ഒ.-കൾക്ക് ഭേദഗതി കൂടാതെ സാധൂകരണം നൽകുകയും ചെയ്തു:

| എസ്.ആർ.ഒ. | സമിതി സാധൂകരിച്ച തീയതി |
|---|---|
| 1 | 2 |
| എസ്.ആർ.ഒ. നമ്പർ 391/2016 | 28-6-2017 |
| എസ്.ആർ.ഒ. നമ്പർ 392/2016 | 28-6-2017 |
| എസ്.ആർ.ഒ. നമ്പർ 626/2016 | 28-6-2017 |
| എസ്.ആർ.ഒ. നമ്പർ 507/2016 | 11-10-2017 |
| എസ്.ആർ.ഒ. നമ്പർ 778/2016 | 11-10-2017 |
| എസ്.ആർ.ഒ. നമ്പർ 779/2016 | 11-10-2017 |
| എസ്.ആർ.ഒ. നമ്പർ 687/2016 | 11-10-2017 |
| എസ്.ആർ.ഒ. നമ്പർ 432/2016 | 11-10-2017 |
| എസ്.ആർ.ഒ. നമ്പർ 693/2015 | 6-12-2017 |
| എസ്.ആർ.ഒ. നമ്പർ 696/2015 | 6-12-2017 |
| എസ്.ആർ.ഒ. നമ്പർ 57/2016 | 6-12-2017 |
| എസ്.ആർ.ഒ. നമ്പർ 286/2016 | 6-12-2017 |
| എസ്.ആർ.ഒ. നമ്പർ 287/2016 | 6-12-2017 |
| എസ്.ആർ.ഒ. നമ്പർ 305/2016 | 6-12-2017 |

| 1 | 2 |
|---|---|
| എസ്.ആർ.ഒ. നമ്പർ 788/2016 | 6-12-2017 |
| എസ്.ആർ.ഒ. നമ്പർ 47/2016 | 6-12-2017 |
| എസ്.ആർ.ഒ. നമ്പർ 433/2016 | 6-12-2017 |
| എസ്.ആർ.ഒ. നമ്പർ 182/2017 | 6-12-2017 |

(യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)

ഡോ. ടി. എം. തോമസ് ഐസക്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി-VIII.*

തിരുവനന്തപുരം,
2018 ജൂൺ 18.

അനുബന്ധം

## 11-4-2017-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2017 ഏപ്രിൽ 11-ാം തീയതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 ബി' സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷനും ധനകാര്യവും കയറും വകുപ്പുമന്ത്രിയുമായ ഡോ. ടി. എം. തോമസ് ഐസക്കിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന സമിതിയംഗങ്ങളും ഹാജരായിരുന്നു:

1. ഡോ. എൻ. ജയരാജ്, എം.എൽ.എ.
2. ശ്രീ. വി. കെ. സി. മമ്മത് കോയ, എം.എൽ.എ.
3. ശ്രീ. ഡി. കെ. മുരളി, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. ഗോപകുമാരൻപിള്ള, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

സമിതി, 2017-18 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

രാവിലെ 11.30-ന് സമിതി യോഗം പിരിഞ്ഞു.

## 22-5-2017-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2017 മേയ് 22-ാം തീയതി തിങ്കളാഴ്ച സഭാസമ്മേളനത്തിനുശേഷം 4.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 4-എ സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. ധനകാര്യവും കയറും

വകുപ്പമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. തൊഴിലും എക്സൈസും വകുപ്പമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. റ്റി. എ. അഹമ്മദ് കബീർ, എം. എൽ. എ.
2. ഡോ. എൻ. ജയരാജ്, എം. എൽ. എ.
3. ശ്രീ. വി. കെ. സി. മമ്മത് കോയ, എം. എൽ. എ.
4. ശ്രീ. ഡി. കെ. മുരളി, എം. എൽ. എ.
5. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. എൽ. എ.
6. ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ.
7. ശ്രീ. കെ. സുരേഷ് കുറുപ്പ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. ഗോപകുമാരൻപിള്ള, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. പി. മാരപാണ്ഡ്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്
2. ശ്രീ. ബി. ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീ. ബി. അശോക്, സെക്രട്ടറി, കായിക യുവജനകാര്യ വകുപ്പ്
4. ശ്രീ. മിൻഹാജ് അലം, സെക്രട്ടറി, ധനകാര്യ (ആർ .ആർ. ഐ.) വകുപ്പ്
5. ഡോ. രാജൻ ഖോബ്രാഗഡെ, കമ്മീഷണർ, കോമേഷ്സ്യൽ ടാക്സസ് ഡിപ്പാർട്ട്മെന്റ്)
6. ശ്രീ. കെ. ഗോപാല കൃഷ്ണൻ, (ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ)

7. ശ്രീ. ഋഷിരാജ് സിംഗ്, എക്സൈസ് കമ്മീഷണർ

8. ശ്രീ. ജാഫർ , എ. എം. ഡയറക്ടർ ഓഫ് ഫിഷറീസ്

9. ശ്രീ. അജയൻ , വി. എൻ., അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്

10. ശ്രീമതി രത്നമ്മ , വി., അഡീഷണൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്

11. ശ്രീ. രാജപ്പൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

12. ശ്രീമതി മാലതി , എസ്., അഡീഷണൽ സെക്രട്ടറി, നികുതി വകുപ്പ്

13. ശ്രീ. വി. എസ്. ജയകുമാർ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

I. 2017-ലെ കേരള ധനകാര്യ ബിൽ

സമിതി, 2017-ലെ കേരള ധനകാര്യ ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

*Clause 1*

(1) *Short title and commencement.*—(1) This Act may be called the Kerala Finance Act, 2017.

(2) Save as otherwise provided it shall be deemed to have come into force on the 1st day of April, 2017.

*Clause 2*

(1) In clause (ea) of section 2 of the Kerala Stamp Act, 1959 (17 of 1959) proposed to be inserted by item (b) of sub-clause (2) the words, "for this purpose" shall be omitted;

(2) In sub-clause (7), for the words, brackets and letters "a new clause (aa)," the words "the following clause" shall be substituted.

*Clause 3*

In sub-section (9) of section 23B of the Kerala General Sales Tax Act, 1963 (15 of 1963) proposed to be inserted by clause 3, for the word "applicant" the word "dealer" shall be substituted.

*Clause 6*

1. For clause (6) the following clause shall be substituted, namely:—

(1) in section 6,-(a)- in sub-section (1) after the nineteenth proviso, the following provisos shall be inserted, namely:—

"Provided also that the sale of packing materials by a registered dealer to an exporter for the purpose of use in the packing of exported goods shall be exempted from the tax for the period up to 31st March, 2016, subject to the condition that the sale has been supported by 'H' Forms issued under the Central Sales Tax Act, 1956 (Central Act 74 of 1956), by such exporting dealer and tax, if any, paid shall not be refunded:

Provided also that the rate of tax on works contract of supply and installation of solar energy devices, equipments and plants shall be one per cent from 1st April, 2013 and tax, if any, paid at higher rate shall not be refunded:

Provided also that the goods specified in item (1) of serial number 134 of List A of the Third Schedule shall be exempted from tax for the period from 20th December, 2014 to 31st March 2015:

Provided also that the rate of tax of Mobile Phone Charger sold along with Mobile Phone in a sealed pack shall be at the rate applicable to the goods specified in the Third Schedule from 1st April 2005 :

Provided further that the rate of tax on bakery shortening included under the Chapter 15 to the Schedule to the Customs Tariff Act 1975 (Central Act 51 of 1975) with the HSN code 1517.90, shall be at the rate applicable to the goods in the Third Schedule, upto 22nd February 2017.

Notwithstanding anything contained in the aforementioned proviso, tax if any paid, shall not be refunded.

(b) in sub-section (2), to clause (a) the following proviso shall be inserted, namely:—

Provided that notwithstanding anything contained in clause (f) of section 8, a dealer paying compounded tax for the goods mentioned in that clause, shall not be liable to pay tax under this sub-section on such goods with effect from 1st April 2013".

സർവ്വശ്രീ റ്റി. എ. അഹമ്മദ് കബീർ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, വി. ഡി. സതീശൻ, ഡോ. എൻ. ജയരാജ് എന്നീ അംഗങ്ങൾ റിപ്പോർട്ടിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

(ഫയൽ നമ്പർ - 2113/സബ്സിഇ 2/2017/നി.സെ.)

II. <u>ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ</u>

2016-17 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 13-ലെ ശിപാർശയിന്മേൽ ഊർജ്ജ (എ) വകുപ്പിൽ നിന്നും 14, 17, 18, 19, 20, 21 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേൽ നികുതി (ഇ) വകുപ്പിൽ നിന്നും 22 മുതൽ 30 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി (എഫ്) വകുപ്പിൽനിന്നും 31 മുതൽ 33 വരെയും 57 മുതൽ 61 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ധനകാര്യ (എസ്റ്റാ-ഡി) വകുപ്പിൽ നിന്നും 40 മുതൽ 48 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി (എച്ച്) വകുപ്പിൽനിന്നും 49, 50 ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ധനകാര്യ (ലോൺസ്) വകുപ്പിൽ നിന്നും ഖണ്ഡിക 51-ലെ ശിപാർശയിന്മേൽ കായിക യുവജനകാര്യ (ബി) വകുപ്പിൽ നിന്നും ഖണ്ഡിക 52-ലെ ശിപാർശയിന്മേൽ ആഭ്യന്തര (എഫ്) വകുപ്പിൽ നിന്നും ഖണ്ഡിക 53-ലെ ശിപാർശയിന്മേൽ റവന്യൂ (എഫ്) വകുപ്പിൽ നിന്നും 55, 56 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ധനകാര്യ (എച്ച്. ബി. എ.) വകുപ്പിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 4943/സബ്സിഇ 2/2016/നി.സെ.)

III. <u>കരട് റിപ്പോർട്ട്</u>

ഒന്നാമത് റിപ്പോർട്ടിലെ (2016-17) ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 4943/സബ്സിഇ 2/2016/നി.സെ.)

സമിതി വൈകുന്നേരം 4.30-ന് യോഗം പിരിഞ്ഞു.

# 28-6-2017-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2017 ജൂൺ 28-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാന്റെ അസാന്നിധ്യത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുമായ ശ്രീ. ടി. പി. രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. വി. കെ. സി. മമ്മത് കോയ , എം. എൽ. എ.
2. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. എൽ. എ.
3. ശ്രീ. മുല്ലക്കര രത്നാകരൻ, എം. എൽ. എ.
4. ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. കെ. ഗോപകുമാരൻപിള്ള, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ഋഷിരാജ് സിംഗ്, ഐ.പി.എസ്., കമ്മീഷണർ, എക്സൈസ് ഡിപ്പാർട്ട്മെന്റ്
2. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3. ശ്രീ. മിൻഹാജ് അലം, ഐ.എ.എസ്. സെക്രട്ടറി, നികുതി വകുപ്പ്
4. ശ്രീ. കെ. ജി. ഭട്ട്, സ്പെഷ്യൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
5. ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീ. എ. അലക്സാണ്ടർ, അഡീഷണൽ ലേബർ കമ്മീഷണർ, ലേബർ കമ്മീഷണറേറ്റ്

7. ഡോ. ജെ. പ്രസാദ്, ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.

8. ശ്രീ. ജിമ്മി കെ. ജോസ്, അഡീഷണൽ ഡയറക്ടർ (അക്കാഡമിക്) ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻസ്

9. ശ്രീ. എം. പി, അജിത്കുമാർ, അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് പഞ്ചായത്ത്സ്

10. ശ്രീ. ഡി. ലാൽ, ജോയിന്റ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്

11. ഡോ. ഉമ്മുസെൽമ, ജോയിന്റ് ഡയറക്ടർ (ആരോഗ്യം), ഡയറക്ടറേറ്റ് ഓഫ് അർബൻ അഫയേഴ്സ്

12. ശ്രീ. ബി. അരുൺ, ഡെപ്യൂട്ടി ലേബർ കമ്മീഷണർ, ലേബർ കമ്മീഷണറേറ്റ്

13. ശ്രീമതി ഗിരിജ കുമാരി, ജി. ഡെപ്യൂട്ടി സെക്രട്ടറി, വനം വന്യജീവി വകുപ്പ്

14. ശ്രീ. ദിനേശ് ,പി. അണ്ടർ സെക്രട്ടറി, നികുതി വകുപ്പ്.

സർക്കാരിൽ നിന്നും ലഭിച്ച കരട് ചട്ടം, എസ്.ആർ.ഒ.കൾ, സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ എന്നിവ സമിതി പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുംപ്രകാരം തീരുമാനങ്ങളെടുക്കുകയും ചെയ്തു:

## I. കരട് ചട്ടം

2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 281 പ്രകാരമുള്ള ചട്ടങ്ങൾ

(ഫയൽ നമ്പർ 1668/സബ്സിഇ 2/2017/നി.സെ.)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ "സ്റ്റാറ്റ്യൂട്ടറി ചട്ടങ്ങളെ സംബന്ധിച്ചുള്ള കമ്മിറ്റിക്കുള്ള അധികാരങ്ങൾ" സംബന്ധിച്ച ചട്ടം 238(2)-ൽ "ഒരു സ്റ്റാറ്റ്യൂട്ട് പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾക്കനുസൃതമായി ഉണ്ടാക്കേണ്ടതായുള്ള കരട് ചട്ടങ്ങൾ/റഗുലേഷനുകൾ എത്രയും വേഗം തയ്യാറാക്കേണ്ടതും ബന്ധപ്പെട്ട് സബ്ജക്ട് കമ്മിറ്റിക്ക്, ഏതൊരു സംഗതിയിലും പ്രസ്തുത ആക്ടിന്റെ ഗസറ്റിലെ പ്രസിദ്ധീകരണ തീയതി മുതൽ തൊണ്ണൂറ് ദിവസങ്ങൾക്ക് പിൻപല്ലാതെ അയച്ചു കൊടുക്കേണ്ടതുമാണ്. സബ്ജക്ട് കമ്മിറ്റി കരട് ചട്ടങ്ങളെ/റഗുലേഷനുകളെ അങ്ങനെയുള്ള

ചട്ടങ്ങൾ/റഗുലേഷനുകൾ കൈപ്പറ്റിയ തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ പരിഗണിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ കരട് ചട്ടം തയ്യാറാക്കി സമിതിക്ക് ലഭ്യമാക്കുന്നതിൽ വളരെയധികം കാലതാമസം ഉണ്ടായതായി യോഗത്തിൽ വിലയിരുത്തുകയും ഭാവിയിലെങ്കിലും ഇത് ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന നിർദ്ദേശത്തിന്മേൽ അക്കാര്യം പരിശോധിക്കാമെന്ന് നികുതി വകുപ്പ് സെക്രട്ടറി സമിതിയെ അറിയിക്കുകയുമുണ്ടായി.

ജി.എസ്.ടി. നിലവിൽ വരുന്നതിനാൽ ഈ എസ്.ആർ.ഒ. 324/2015-ൽ ഭേദഗതി കൊണ്ടുവരുന്നത് എന്തിനാണെന്ന സമിതിയുടെ ചോദ്യത്തിന് ജി.എസ്.ടി. നിലവിൽ വന്നാലും ഇതിന് Retrospective effect നൽകാകാൻ സാധിക്കുമെന്ന് നികുതി വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

കരട് ചട്ടം ഭേദഗതി കൂടാതെ അംഗീകരിച്ചു

## II. എസ്.ആർ.ഒ.-കൾ

എസ്.ആർ.ഒ. നമ്പർ 391/2016

എസ്.ആർ.ഒ. നമ്പർ 392/2016

എസ്.ആർ.ഒ. നമ്പർ 626/2016

(ഫയൽ നമ്പർ 140/സബ്സിഇ 2/2016/നി.സെ.)

പ്രസ്തുത എസ്.ആർ.ഒ.കൾക്ക് ഭേദഗതിയില്ലാതെ സമിതി സാധൂകരണം നൽകി.

## III. ആക്ഷൻ ടേക്കൺ സ്റ്റേറ്റുമെന്റുകൾ

(1) മദ്യാസക്തിക്കും മയക്കുമരുന്ന് ഉപയോഗത്തിനുമെതിരായി വിവിധ സർക്കാർ വകുപ്പുകൾ മുഖേന നടപ്പിലാക്കേണ്ട ബോധവൽക്കരണ/പ്രചരണ പരിപാടികൾ സംബന്ധിച്ച റിപ്പോർട്ട്

(ഫയൽ നമ്പർ 3993/സബ്സി ഇ 2/2014/നി.സെ.)

ലഹരി വർജ്ജന മിഷൻ 'വിമുക്തി'യുമായി ബന്ധപ്പെട്ട് രൂപീകരിച്ച സമിതികൾ എത്ര തവണ യോഗം ചേർന്നിട്ടുണ്ടെന്ന സമിതിയുടെ ചോദ്യത്തിന് ഗവേണിംഗ് ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും ഓരോ തവണ യോഗം ചേർന്നതായി എക്സൈസ് കമ്മീഷണർ യോഗത്തെ അറിയിക്കുകയുണ്ടായി.

മയക്കമരുന്നുമായി ബന്ധപ്പെട്ട കേസുകളിൽ പിടിക്കപ്പെടുന്നവർ പിറ്റേന്നുതന്നെ ജാമ്യത്തിലിറങ്ങുന്നത് ഒഴിവാക്കുന്നതിനായി നിയമത്തിൽ ഭേദഗതി കൊണ്ടുവരണമെന്ന് സമിതി അഭിപ്രായപ്പെട്ടു. നിലവിലുള്ള കേന്ദ്ര നിയമത്തിൽ ഒരു കിലോഗ്രാമിൽ താഴെ കഞ്ചാവ് കൈവശം സൂക്ഷിച്ചാൽ അയാൾക്ക് ജാമ്യം അനുവദിക്കാമെന്നൊരു വ്യവസ്ഥയുണ്ടെന്നും ഇതിൽ മാറ്റം വരുത്തണമെന്ന ഉദ്ദേശത്തോടെ എക്സൈസ് വകുപ്പുമന്ത്രിയുമായി കൂടിയാലോചിച്ച് നിയമത്തിൽ ഭേദഗതി വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും എക്സൈസ് കമ്മീഷണർ വ്യക്തമാക്കി.

മയക്കമരുന്നു കേസിൽ ഉൾപ്പെട്ടവരെ ഇതിൽ നിന്നും മാറ്റിയെടുക്കുക പ്രയാസമാണെന്നും വളർന്നുവരുന്ന തലമുറയെ ഇതിൽ നിന്നും തടയണമെന്നും ആ ലക്ഷ്യത്തിനുവേണ്ടി സ്കൂളുകളും കോളേജുകളും സർക്കാരും ഉണർന്നു പ്രവർത്തിക്കണമെന്നും ഇതിന്റെ ദൂഷ്യവശങ്ങളെ കുറിച്ച് സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു.

കേരളത്തിലെ കോളേജുകളിലും സ്കൂളുകളിലുമായി 2,528 ആന്റി ഡ്രഗ് ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ടെന്നും 'വിമുക്തി' യിൽ നിന്നും ലഭിച്ച തുക ഉപയോഗിച്ച് പ്രസ്തുത ക്ലബ്ബുകൾ മുഖാന്തരം ധാരാളം പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടെന്നും എക്സൈസ് കമ്മീഷണർ യോഗത്തെ അറിയിച്ചു. എക്സൈസ് വകുപ്പിന്റെ സഹായത്തോടെ 'അതിജീവനം' എന്ന കൈപ്പുസ്തകം തയ്യാറാക്കി വിതരണം ചെയ്തുവരുന്നുണ്ടെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി യോഗത്തെ അറിയിച്ചു.

നിലവിൽ എക്സൈസ് വകുപ്പ് വളരെ സജീവമായി പ്രവർത്തിക്കുന്നുണ്ടെന്നും അവരുടെ പ്രവർത്തന ഫലമായി മദ്യവും മയക്കമരുന്നും ഉപയോഗിക്കുന്നവരുടെ എണ്ണം ഭാവിയിലെങ്കിലും കുറഞ്ഞു വരുമെന്ന് പ്രതീക്ഷിക്കുന്നതായും സമിതി അഭിപ്രായപ്പെട്ടു.

റിപ്പോർട്ടിലെ 18 മുതൽ 28 വരെ, 56, 58, 61 മുതൽ 68 വരെ, 70 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി (ജി) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റുമെന്റും ഖണ്ഡിക 40-ലെ ശിപാർശയിന്മേൽ പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റുമെന്റും ഖണ്ഡിക 43-ലെ ശിപാർശയിന്മേൽ വനം വന്യജീവി (ബി) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റുമെന്റും ഖണ്ഡിക 49, 50, 52, 53, 54, 69 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ തദ്ദേശ സ്വയംഭരണ (എഫ്) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റുമെന്റും ഖണ്ഡിക 70-ലെ ശിപാർശയിന്മേൽ തൊഴിലും നൈപുണ്യവും (ഇ) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റുമെന്റും സമിതി അംഗീകരിച്ചു.

(2) എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണവും സംസ്ഥാന എക്സൈസ് അക്കാദമിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതും സംബന്ധിച്ച റിപ്പോർട്ട

(ഫയൽ നമ്പർ 1241/സബ്.സി.ഇ 2/2016/നി.സെ.)

എക്സൈസ് വകുപ്പിൽ ഇന്റലിജൻസ് വിഭാഗത്തിൽ പ്രത്യേകമായി പോസ്റ്റ് ക്രിയേഷനുവേണ്ടി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞു. എക്സൈസ് വകുപ്പിലെ കുറച്ച് ഉദ്യോഗസ്ഥരെ ഇന്റലിജൻസസ് വിഭാഗത്തിൽ നിയമിക്കുന്നതിന് പകരം ഈ വിഭാഗത്തിനു മാത്രമായി 50 പേരെ കൂടുതലായി ആവശ്യപ്പെട്ടിട്ടുണ്ടെന്നും എക്സൈസ് ഡിപ്പാർട്ടുമെന്റിൽ 2000 കേസുകൾ പെന്റിംഗിലാണെന്നും കേസെടുക്കുന്നതിനും അന്വേഷണത്തിനും ഒരേ ആളുകൾ നിയോഗിക്കപ്പെടുമ്പോൾ വളരെയധികം ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്നും ഇതിനായി 50 പോസ്റ്റുകൾ സൃഷ്ടിക്കണമെന്നും ഇതു കൂടാതെ ദിനംപ്രതി മുപ്പതോളം സ്കൂളുകളിൽ എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ ബോധവൽക്കരണ ക്ലാസ്സുകൾ എടുക്കുന്നുണ്ടെന്നും ഇതിലേക്കായി 50 പേരെക്കൂടി ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആകെ 150 ഓളം അഡീഷണൽ പോസ്റ്റുകൾ അനുവദിക്കണമെന്ന പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും എക്സൈസ് കമ്മീഷർ വ്യക്തമാക്കുകയുണ്ടായി. ഇതിനായി ശിപാർശശ നൽകാകാമെന്ന് സമിതി നിർദ്ദേശിച്ചു.

എക്സൈസ് വകുപ്പിന്റെ കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി സമിതി ആരായുകയുണ്ടായി. ജൂലൈ 31-ന് മുൻപപ് പാലക്കാട്, വയനാട്, തൃശ്ശൂർ ജില്ലകളിൽ പുതിയ കെട്ടിടങ്ങൾക്ക് കല്ലിടൽ നടക്കുമെന്നും കോട്ടയം ജില്ലയിലെ കെട്ടിട നിർമ്മാണം 8 മാസത്തിനുള്ളിൽ പൂർത്തിയാകുമെന്നും എക്സൈസ് കമ്മീഷണർ സമിതിയെ അറിയിച്ചു

റിപ്പോർട്ടിലെ 21 മുതൽ 42 വരെയുള്ള ഖണ്ഡികകളിലെ ശിപാർശുശകളിന്മേൽ നികുതി (എഫ്) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റുമെന്റ് സമിതി അംഗീകരിച്ചു.

(3)ചെക്ക് പോസ്റ്റുകളുടെ നവീകരണം സംബന്ധിച്ച റിപ്പോർട്ട്

(ഫയൽ നമ്പർ 4578/സബ്.സി.ഇ 2/2015/നി.സെ.)

ആര്യങ്കാവ്, തെന്മല ചെക്ക പോസ്റ്റുകളുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലുകളുടെ നിലവിലെ അവസ്ഥ എന്താണെന്ന് സമിതി ആരാഞ്ഞു.

ജി. എസ്. ടി. നിലവിൽ വരുമ്പോൾ സെയിൽ ടാക്സ് ഡിപ്പാർട്ട്മെന്റ് ഏറെക്കുറെ ഇല്ലാതാകുമെന്നും ചെക്ക് പോസ്റ്റുകളെല്ലാം എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ ഭാഗമാകുമെന്നും അതിനുശേഷം ചെക്ക് പോസ്റ്റുകൾ പരിശോധിച്ച് മറ്റൊരു രീതിയിലുള്ള പ്രോജക്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുമെന്നും ഇതിന് ധനകാര്യ വകുപ്പുമന്ത്രി സമ്മതം അറിയിച്ചിട്ടുണ്ടെന്നും എക്സൈസ് കമ്മീഷണർ സമിതിയെ അറിയിച്ചു.

റിപ്പോർട്ടിലെ 50, 51, 52, 53, 64, 78, 82 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നികുതി (എഫ്) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

## IV. കരട് റിപ്പോർട്ട് പരിഗണന

സമിതിയുടെ 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് പരിഗണിക്കുന്നത് സംബന്ധിച്ച്

(ഫയൽ നമ്പർ 2853/സബ്.സി.ഇ 2/2017/നി.സെ.)

80 പേജുള്ള കരട് പീരിയോഡിക്കൽ റിപ്പോർട്ടിന്റെ പകർപ്പ് ഇപ്പോൾ മാത്രമാണ് അംഗങ്ങൾക്ക് ലഭ്യമാക്കിയതെന്നും ആയത് വിശദമായി വായിക്കുന്നതിന് ആവശ്യമായ സമയം ലഭിച്ചിട്ടില്ലാത്തതിനാൽ കരട് റിപ്പോർട്ട് അടുത്ത യോഗത്തിൽ പരിഗണിക്കാമെന്ന് സമിതി നിർദ്ദേശിച്ചു.

റിപ്പോർട്ടിന്റെ പകർപ്പ് ഒരാഴ്ച മുമ്പെങ്കിലും അംഗങ്ങളുടെ വീട് അഡ്രസ്സിലോ എം. എൽ. എ. ഹോസ്റ്റലിലെ റൂമിലോ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

വൈകുന്നേരം 4.00 മണിയ്ക്ക് സമിതി യോഗം പിരിഞ്ഞു.

## 8-8-2017-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി - VIII, 2017 ആഗസ്റ്റ് 8-ാം തീയതി ചൊവ്വാഴ്ച സഭാസമ്മേളനത്തിനുശേഷം വൈകുന്നേരം 5.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷനും ധനകാര്യവും കയറും

വകുപ്പുമന്ത്രിയുമായ ഡോ. ടി. എം. തോമസ് ഐസക്കിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുമായ ശ്രീ. റ്റി. പി. രാമകൃഷ്ണനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ :</u>

1. ശ്രീ. റ്റി. എ. അഹമ്മദ് കബീർ, എം.എൽ.എ.
2. ഡോ. എൻ. ജയരാജ്, എം.എൽ.എ.
3. ശ്രീ. വി. കെ. സി. മമ്മത് കോയ, എം.എൽ.എ.
4. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം.എൽ.എ.
5. ശ്രീ. മുല്ലക്കര രത്നാകരൻ, എം.എൽ.എ.
6. ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. കെ. ഗോപകുമാരൻപിള്ള, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. ബിശ്വനാഥ് സിൻഹ, പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ (എക്സ്പെന്റീച്ചർ) വകുപ്പ്
2. ശ്രീ. മിൻഹാജ് ആലം, സെക്രട്ടറി, നികുതി വകുപ്പ്
3. ഡോ. രാജൻ, എൻ. ഖോബ്രഗഡേ, കമ്മീഷണർ, കൊമേഴ്സ്യൽ ടാക്സസ് ഡിപ്പാർട്ട്മെന്റ്
4. ശ്രീമതി കെ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീ. ബി. എസ്. ജയകുമാർ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്

6. ശ്രീ. ഡി. ബാലമുരളി, ജോയിന്റ് കമ്മീഷണർ, കൊമേഴ്സ്യൽ ടാക്സസ് ഡിപ്പാർട്ട്മെന്റ്

7. ശ്രീ. എൻ. തുളസീധരൻ പിള്ള, ജോയിന്റ് കമ്മീഷണർ (ജനറൽ), കൊമേഴ്സ്യൽ ടാക്സസ് ഡിപ്പാർട്ട്മെന്റ്

8. ശ്രീ. മൻസൂർ , എം.ഐ., അസിസ്റ്റന്റ് കമ്മീഷണർ, ടാക്സസ് ഡിപ്പാർട്ട്മെന്റ്.

## The Kerala Goods and Services Tax Bill, 2017

സമിതി, The Kerala Goods and Services Tax Bill 2017 ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു :

### *Clause 1*

In sub-clause (1) for the words and figure "Kerala Goods and Services Tax Act, 2017 " the words and figures, "Kerala State Goods and Services Tax Act, 2017 " shall be substituted.

### *Clause 3*

For sub-clause (a), the following sub-clause shall be substituted, namely:—

"(a) Commissioner of State tax or Principal Commissioner or Chief Commissioner of State tax."

ശ്രീ. റ്റി. എ. അഹമ്മദ് കബീർ, ഡോ. എൻ. ജയരാജ്, ശ്രീ. വി. ഡി. സതീശൻ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നീ അംഗങ്ങൾ റിപ്പോർട്ടിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

(ഫയൽ നമ്പർ 3192/സബ്.സി.ഇ.2/2017/നി.സെ.)

2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട്

സമിതി 2016-17 വർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 2853/സബ്.സി.ഇ.2/2017/നി.സെ.)

സമിതി വൈകുന്നേരം 5.30-ന് യോഗം പിരിഞ്ഞു.

## 11-10-2017-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2017 ഒക്ടോബർ 11-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളനഹാളിൽ സമിതി ചെയർമാനും ധനകാര്യവും കയറും വകുപ്പുമന്ത്രിയുമായ ഡോ. ടി. എം. തോമസ് ഐസക്കിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. ടി. എ. അഹമ്മദ് കബീർ, എം.എൽ.എ.
2. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. ഗോപകുമാരൻപിള്ള, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
2. ശ്രീ. മിൻഹാജ് ആലം, സെക്രട്ടറി, നികുതി വകുപ്പ്
3. ശ്രീ. ഋഷിരാജ് സിംഗ് ഐ. പി. എസ്., കമ്മീഷണർ, എക്സൈസ് ഡിപ്പാർട്ട്മെന്റ്
4. ഡോ. രാജൻ എൻ. ഖൊബ്രഗഡെ, കമ്മീഷണർ, കൊമേഴ്സ്യൽ ടാക്സ് ഡിപ്പാർട്ട്മെന്റ്
5. ശ്രീ. കെ. എസ്. മധുസൂദനൻ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്

6. ശ്രീ. എൻ ഗോപകുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

7. ശ്രീമതി ലത, സി. എ. ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ്

8. ശ്രീ. എൻ. തുളസീധരൻ പിള്ള, ജോയിന്റ് കമ്മീഷണർ, കൊമേഴ്സ്യൽ ടാക്സ് ഡിപ്പാർട്ട്മെന്റ്

9. ശ്രീ. പി. കെ. സുജൻകുമാർ, ജോയിന്റ് ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ്

10. ശ്രീ. ടി. കെ. മുരാരി, അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ്.

സമിതി, സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള കരട് ചട്ടം, എസ്. ആർ. ഒ.-കൾ, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ (2015-16) ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

## I. കരട് ചട്ടം

2017-ലെ ജനറൽ പ്രോവിഡന്റ് ഫണ്ട് (കേരള) ഭേദഗതി ചട്ടങ്ങൾ

(ഫയൽ നമ്പർ 3959/സബ്സി ഇ 2/2017/നി.സെ.)

ധനകാര്യ (പി. എഫ്.) വകുപ്പിൽ നിന്നും 2-8-2017-ലെ പി.എഫ്2/2016/ധന. നമ്പർ കത്തു മുഖേന ലഭിച്ച 2017-ലെ ജനറൽ പ്രോവിഡന്റ് ഫണ്ട് (കേരള) ചട്ടങ്ങളിലെ ഭേദഗതി സംബന്ധിച്ച കരട് ചട്ടം ഭേദഗതികളില്ലാതെ അംഗീകരിച്ചു.

## II. എസ്. ആർ. ഒ.-കൾ

2002-ലെ കേരള അബ്കാരി ഷോപ്പ് ഡിസ്പോസൽ റൂൾസുമായി ബന്ധപ്പെട്ട് നികുതി (ജി) വകുപ്പിൽ നിന്നും ലഭിച്ച താഴെപ്പറയുന്ന എസ്. ആർ. ഒകൾക്ക് സാധൂകരണം നൽകി:

(എ) എസ്.ആർ.ഒ. നമ്പർ 507/2016

(ഫയൽ നമ്പർ 140/സബ്സി ഇ 2/2016/നി.സെ.)

(ബി) എസ്.ആർ.ഒ. നമ്പർ 778/2016

(ഫയൽ നമ്പർ 1508/സബ്സി ഇ 2/2017/നി.സെ.)

(സി) എസ്. ആർ. ഒ നമ്പർ 779/2016

(ഫയൽ നമ്പർ 1507/സബ്സി ഇ 2/2017/നി.സെ.)

(ഡി) രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട് നികുതി (ബി) വകുപ്പ് പുറപ്പെടുവിച്ച എസ്. ആർ. ഒ. 687/2016-ന് സാധൂകരണം നൽകി.

(ഫയൽ നമ്പർ 5269/സബ്സി ഇ 2/2016/നി.സെ.)

(ഇ) ചിട്ടി കുറ്റകൃത്യങ്ങൾ കോമ്പൗണ്ട് ചെയ്യുന്നതിനായി 2012-ലെ കേരള ചിറ്റ് ഫണ്ട് റൂൾസിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ച കേരള ചിറ്റ് ഫണ്ട്സ് (അമെന്റ്മെന്റ്) റൂൾസ് 2016 സംബന്ധിച്ച് എസ്.ആർ.ഒ. 432/2016-ന് സാധൂകരണം നൽകി.

(ഫയൽ നമ്പർ 5277/സബ്സി ഇ 2/2016/നി.സെ.)

## III. സമിതിക്കുള്ള കുറിപ്പ്

(എ) 2014-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ടിലെ പേപ്പർ ലോട്ടറി കളിന്മേലുള്ള കേരള നികുതി ആക്ട്, 2005-മായി ബന്ധപ്പെട്ട് വകുപ്പ് 2-ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടം 238(2) പ്രകാരം കരട് ചട്ടങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് നികുതി (എച്ച്) വകുപ്പിൽ നിന്നും 30-1-2017-ലെ 676626/എച്ച് 1 /2016/നി.വ. നമ്പർ കത്തു പ്രകാരം ലഭിച്ച മറുപടി അംഗീകരിച്ചു.

(ഫയൽ നമ്പർ 4850/സബ്സി ഇ 2/2014/നി.സെ.)

(ബി) 2015-ലെ കേരള ധനകാര്യ ആക്ടിലെ 'ദി കേരള മണി ലെൻഡേഴ്സ് ആക്ട് 1958-മായി ബന്ധപ്പെട്ട വകുപ്പ് 3-ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ചട്ടം 238(2) പ്രകാരം കരട് ചട്ടങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് നികുതി (എച്ച്) വകുപ്പ് 29-6-2017-ലെ 447884/എച്ച് 2/2016/നി.വ. നമ്പർ കത്തു മുഖേന ലഭ്യമാക്കിയ മറുപടി അംഗീകരിച്ചു.

(ഫയൽ നമ്പർ 5316/സബ്സി ഇ 2/2015/നി.സെ.)

## IV. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ (2015-16) ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റുമെന്റുകൾ

(ഫയൽ നമ്പർ 3413/സബ്സി ഇ 2/2015/നി.സെ.)

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 1 മുതൽ 7 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ

21-11-2016-ലെ 14794/ഡി3/2015/നി.വ. നമ്പർ കത്തു പ്രകാരം നികുതി (ഡി) വകുപ്പിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റുമെന്റും 17, 18, 19 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ 21-1-2017-ലെ 14769/എഫ്3/2015/നി.വ. നമ്പർ കത്തു പ്രകാരം നികുതി (എഫ്) വകുപ്പിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റും അംഗീകരിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.20- ന് പിരിഞ്ഞു.

## 6-12-2017-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2017 ഡിസംബർ 6-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.30-ന് നിയമസഭാ സമുച്ചയത്തിലെ '5-ബി' സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷനും ധനകാര്യവും കയറും വകുപ്പുമന്ത്രിയുമായ ഡോ. ടി. എം. തോമസ് ഐസക്-ന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. ടി. എ. അഹമ്മദ് കബീർ, എം. എൽ. എ.
2. ശ്രീ. ഡി. കെ. മുരളി, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. ഗോപകുമാരൻ പിള്ള, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി ദീപാ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. മിൻഹാജ് ആലം, സെക്രട്ടറി, നികുതി വകുപ്പ്
2. ശ്രീ. ബി. ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീ. ബിജു, കെ., ലേബർ കമ്മീഷണർ, ലേബർ കമ്മീഷണറേറ്റ്
4. ശ്രീമതി. ലത, സി. എ., ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ്
5. ശ്രീമതി എസ്. ലതി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

6. ശ്രീ. ഡി. ലാൽ, അഡീഷണൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്

7. ശ്രീ. പി. പ്രമോദ്, ഡയറക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്

8. ശ്രീ. ആർ. ഗോപകുമാർ, അഡീഷണൽ ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ്

9. ശ്രീ. കെ. എ. ജോസഫ്, അഡീഷണൽ എക്സൈസ് കമ്മീഷണർ, എക്സൈസ് കമ്മീഷണറേറ്റ്

10. ശ്രീ. പി. കെ. സജൻകുമാർ, ജോയിന്റ് ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ്

11. ശ്രീ. എൻ. തുളസീധരൻ പിള്ള, ജോയിന്റ് കമ്മീഷണർ, കൊമേഴ്സ്യൽ ടാക്സസ് ഡിപ്പാർട്ട്മെന്റ്

12. ശ്രീ. മോഹനരാജ് , എം., ഡെപ്യൂട്ടി സെക്രട്ടറി, നികുതി വകുപ്പ്.

സമിതി സർക്കാരിൽ നിന്നും ലഭിച്ച കരട് ചട്ടം എസ്. ആർ. ഒ.-കൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

**I. കരട് ചട്ടം**

2017-ലെ കേരള ട്രഷറി , സബോർഡിനേറ്റ് സർവ്വീസ് (ഭേദഗതി) ചട്ടങ്ങൾ:

ധനകാര്യ (എസ്റ്റാ-സി) വകുപ്പിൽ നിന്നും 6-10-2017-ലെ 17098/എസ്റ്റാ.സി3/16/ധന. നമ്പർ കത്തു മുഖേന ലഭിച്ച 2017-ലെ കേരള ട്രഷറി സബോർഡിനേറ്റ് സർവ്വീസ് (ഭേദഗതി) ചട്ടങ്ങൾ ഭേദഗതികളില്ലാതെ അംഗീകരിച്ചു.

(ഫയൽ നമ്പർ 4797/സബ്.സി.ഇ 2/2017/നി.സെ.)

**II. എസ്.ആർ.ഒ-കൾ**

കേരള അബ്ക്കാരി ഷോപ്പ്സ് ഡിസ്പോസൽ റൂൾസ്, ഫോറിൻ ലിക്വർ റൂൾസ്, കേരള അബ്ക്കാരി (ഡിസ്പോസൽ ഓഫ് കോൺഫിസ്കേറ്റഡ് ആർട്ടിക്കിൾസ്) റൂൾസ്, കേരള സ്വീറ്റ് റ്റോഡി (നീര) റൂൾസ്, കേരള ഫോറിൻ ലിക്വർ (കോമ്പൗണ്ടിംഗ്, ബ്ലന്റിംഗ്, ബോട്ടിലിംഗ്) റൂൾസ്, സിഗരറ്റ്സ് ആന്റ് അദർ ടുബാക്കോ പ്രൊഡക്ട്സ്

(പ്രൊഹിബിഷൻ ഓഫ് അഡ്വർടൈസ്മെന്റ് ആന്റ് റെഗുലേഷൻ ഓഫ് ട്രേഡ് ആന്റ് കൊമേഴ്സ്, പ്രൊഡക്ഷൻ, സപ്ലൈ ആന്റ് ഡിസ്ട്രിബ്യൂഷൻ) ആക്ട്, കേരള അബ്കാരി ഷോപ്പ് ഡിസ്പോസൽ മാനേജ്മെന്റ് റൂൾസ് എന്നിവയുമായി ബന്ധപ്പെട്ട് നികുതി (ജി) വകുപ്പിൽനിന്നും ലഭിച്ച താഴെപ്പറയുന്ന എസ്.ആർ.ഒ.കൾക്ക് സാധൂകരണം നൽകി:

1. എസ്. ആർ. ഒ. നമ്പർ 693/2015

2. എസ്. ആർ. ഒ. നമ്പർ 696/2015

3. എസ്. ആർ. ഒ. നമ്പർ 57/2016

4. എസ്. ആർ. ഒ. നമ്പർ 286/2016

5. എസ്. ആർ. ഒ. നമ്പർ 287/2016

6. എസ്. ആർ. ഒ. നമ്പർ 305/2016

(ഫയൽ നമ്പർ140/സബ്.സി.ഇ 2/2016/നി.സെ)

7. എസ്. ആർ. ഒ. നമ്പർ 788/2016

(ഫയൽ നമ്പർ 1479/സബ്.സി.ഇ 2/2017/നി.സെ.)

8. എസ്. ആർ. ഒ. നമ്പർ 47/2017

(ഫയൽ നമ്പർ 1735/സബ്.സി.ഇ 2/2017/നി.സെ.)

9. കേരള വാല്യൂ ആഡഡ് ടാക്സ് റൂൾസുമായി ബന്ധപ്പെട്ട് നികുതി (ബി) വകുപ്പിൽ നിന്നും 12-1-2017-ലെ 888103/ബി1/2016/നി.സെ. നമ്പർ കത്തു പ്രകാരം ലഭിച്ച എസ്.ആർ.ഒ. 433/2016-ന് സാധൂകരണം നൽകി.

(ഫയൽ നമ്പർ407/സബ്.സി.ഇ 2/2017/നി.സെ.)

10. കേരള സ്റ്റാമ്പ് റൂൾസുമായി ബന്ധപ്പെട്ട് നികുതി(ഇ) വകുപ്പിൽ നിന്നും 11-5-2017-ലെ 15320/ഇ 2/2013/നി.വ. നമ്പർ കത്തു മുഖേന ലഭിച്ച എസ്.ആർ.ഒ. നമ്പർ 182/2017-ന് സാധൂകരണം നൽകി.

(ഫയൽ നമ്പർ2429/സബ്.സി.ഇ 2/2017/നി.സെ.)

## III. ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ

മദ്യാസക്തിക്കും മയക്കുമരുന്നുപയോഗത്തിനുമെതിരായി വിവിധ സർക്കാർ വകുപ്പുകൾ മുഖേന നടപ്പിലാക്കേണ്ട ബോധവൽക്കരണ/പ്രചരണ പരിപാടികൾ സംബന്ധിച്ച റിപ്പോർട്ടിലെ ഖണ്ഡിക 60, 71 എന്നിവയിലെ ശിപാർശകളിന്മേൽ തൊഴിലും

നൈപുണ്യവും വകുപ്പ് 8-8-2017-ലെ 222/ബി2/2017/തൊഴിൽ നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 3993/സബ്.സി.ഇ 2/2014/നി.സെ.)

യോഗം ഉച്ചയ്ക്കുശേഷം 3.50-ന് പിരിഞ്ഞു.

## 14-2-2018-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2018 ഫെബ്രുവരി 14-ാം തീയതി ബുധനാഴ്ച രാവിലെ 10.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ധനകാര്യവും കയറും വകുപ്പുമന്ത്രിയുമായ ഡോ. ടി. എം. തോമസ് ഐസക്കിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുമായ ശ്രീ. റ്റി. പി. രാമകൃഷ്ണനും പ്രത്യേക ക്ഷണിതാവായി വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണിയും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ:</u>

1. ഡോ. എൻ. ജയരാജ്, എം. എൽ. എ.
2. ശ്രീ. വി. കെ. സി. മമ്മത് കോയ, എം. എൽ. എ.
3. ശ്രീ. ഡി. കെ. മുരളി, എം. എൽ. എ.
4. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. എൽ. എ.
5. ശ്രീ. മുല്ലക്കര രത്നാകരൻ, എം. എൽ. എ.
6. ശ്രീ. കെ. സുരേഷ് കുറുപ്പ്, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. കെ. ഗോപകുമാരൻ പിള്ള, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. മനോജ് ജോഷി, പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
2. ഡോ. ശർമിള മേരി ജോസഫ്, സെക്രട്ടറി, ധനകാര്യ (എക്സ്പെന്റിച്ചർ) വകുപ്പ്

3. ശ്രീ. മിൻഹാജ് ആലം, സെക്രട്ടറി, ധനകാര്യ (റിസോഴ്സസ്) വകുപ്പ്, നികുതി വകുപ്പ്

4. ശ്രീമതി സുമന എൻ. മേനോൻ, സെക്രട്ടറി, പൊതുഭരണ (സൈനികക്ഷേമം) വകുപ്പ്

5. ഡോ. രാജൻ എൻ. ഖൊബ്രാഗഡെ, കമ്മീഷണർ, വാണിജ്യ നികുതി വകുപ്പ്

6. ശ്രീ. ഡി. ബാലമുരളി, ജോയിന്റ് കമ്മീഷണർ, വാണിജ്യ നികുതി വകുപ്പ്

7. ശ്രീ. വി. രാജപ്പൻ, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

8. ശ്രീമതി എം. സി. പ്രസന്നകുമാരി, അഡീഷണൽ സെക്രട്ടറി, ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്

9. ശ്രീമതി വി. രത്നമ്മ, അഡീഷണൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്

10. ശ്രീ. എ. എം. ജാഫർ, ഡയറക്ടർ, ട്രഷറി വകുപ്പ്

11. ശ്രീമതി പി. കെ. ഉമാദേവി, ഡയറക്ടർ, ഇൻഷ്വറൻസ് വകുപ്പ്

12. ശ്രീ. എസ്. ഷാനവാസ്, ഡയറക്ടർ, ഭാഗ്യക്കുറി വകുപ്പ്

13. ശ്രീമതി വി. എം. പ്രസന്ന, ഡയറക്ടർ, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്

14. ശ്രീ. വി. രാമചന്ദ്രൻ, ഡയറക്ടർ ജനറൽ, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്

15. ശ്രീമതി ടി. മിനിമോൾ, ജോയിന്റ് സെക്രട്ടറി, കായികവും യുവജനകാര്യവും വകുപ്പ്

16. ശ്രീമതി എം. മിനി, ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്

17. ശ്രീ. ആർ. എൽ. ഗോപകുമാർ, സെക്രട്ടറി, രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി

18. ശ്രീ. കെ. രാജു, ജോയിന്റ് ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്

19. ശ്രീ. എസ്. ജയകുമാർ, ഡെപ്യൂട്ടി ഡയറക്ടർ, പൊതുഭരണ (സൈനിക ക്ഷേമം) വകുപ്പ്

20. ശ്രീ. വി. സി. അനിൽ കുമാർ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഡിപ്പാർട്ട്മെന്റ്

21. ശ്രീ. ജെയിംസ് ജോസഫ്, സീനിയർ ഫിനാൻസ് ഓഫീസർ, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്.

2018-19 സാമ്പത്തികവർഷത്തെ V, X, XI, XVI, XXVIII, XLIII, XLV, XLVI എന്നീ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ പരിശോധിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു സമിതി താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ V—ചരക്ക സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും

ചരക്ക സേവന നികുതി വകുപ്പുമായി ബന്ധപ്പെട്ട ചില ശീർഷകങ്ങളിൽ 2018-19 വർഷത്തെ ബഡ്ജറ്റിൽ നിർദ്ദേശിച്ചതിനെക്കാൾ അധികം തുക ആവശ്യമാണെന്ന് വാണിജ്യ നികുതി കമ്മീഷണർ അറിയിച്ചു കഴിഞ്ഞ വർഷത്തെ ചെലവ് കണക്കാക്കിയതിനു ശേഷമാണ് അധികം തുക ആവശ്യപ്പെടുന്നതെന്നും അദ്ദേഹം അറിയിച്ചു

ചില ശീർഷകങ്ങളിൽ കഴിഞ്ഞ വർഷം അനുവദിച്ച തുക മുഴുവനായി ചെലവഴിക്കാതെ അധിക തുക ആവശ്യപ്പെട്ടിരിക്കുകയാണെന്ന് സമിതി അഭിപ്രായപ്പെടുകയുണ്ടായി. എന്നാൽ ഇപ്പോൾ ലഭ്യമാക്കിയിരിക്കുന്നത് 7-2-2018 വരെയുള്ള കണക്കുകളാണെന്നും ഫെബ്രുവരി മാർച്ച് മാസങ്ങളിലെ ചെലവ് കൂടി കണക്കാക്കുമ്പോൾ ഇത്രയും തുക ആവശ്യമായി വരുമെന്നും വാണിജ്യ നികുതി കമ്മീഷണർ സമിതിയെ അറിയിച്ചു. കമ്പ്യൂട്ടർവൽക്കരണം എന്ന ശീർഷകത്തിൽ 1 കോടി രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും തൽക്കാലം പ്രസ്തുത തുകയുടെ ആവശ്യമില്ലെന്നും അധിക തുക ആവശ്യമായി വരുന്ന പക്ഷം സപ്ലിമെന്ററി ഡിമാന്റിലൂടെ ആവശ്യപ്പെടാമെന്നും വാണിജ്യ നികുതി കമ്മീഷണർ സമിതിയെ അറിയിക്കുകയുണ്ടായി. നോൺ പ്ലാൻ ഇനത്തിലാണ് അധികമായി തുക ആവശ്യപ്പെട്ടിട്ടുള്ളതെന്നും അദ്ദേഹം വ്യക്തമാക്കി.

ജി.എസ്.ടി. സംബന്ധിച്ച് സമിതി അംഗങ്ങൾക്കുള്ള സംശയനിവാരണത്തിനായി ഒരു പ്രത്യേക യോഗം ചേരുന്നപക്ഷം ഇതു സംബന്ധിച്ച് സമഗ്രമായ നോട്ട് തയ്യാറാക്കി സമർപ്പിക്കാമെന്ന് കമ്മീഷണർ യോഗത്തിൽ അറിയിക്കുകയുണ്ടായി.

ജി.എസ്.ടി. യ്ക്കു മാത്രമായി ഒരു സബ്ജക്ട് കമ്മിറ്റി യോഗം നിയമസഭാ സമ്മേളനം അവസാനിച്ച ശേഷം ഏപ്രിൽ മാസത്തിൽ ചേരാമെന്ന് സമിതി അദ്ധ്യക്ഷൻ നിർദ്ദേശിച്ചു ധനാഭ്യർത്ഥന നമ്പർ V-മായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ശിപാർശകൾ നൽകാനും സമിതി തീരുമാനിച്ചു:

നടപ്പുസാമ്പത്തികവർഷം 'കമ്മീഷണറുടെ കാര്യാലയം-യാത്രാചെലവുകൾ. സ്ഥലംമാറ്റബത്ത' എന്ന ഇനത്തിൽ ഇതുവരെയുള്ള ചെലവ് 75,514 രൂപയാണ്. ഈ ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതം 58,000 രൂപയായതിനാൽ ഈ ശീർഷകത്തിൽ അധികമായി 42,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

'കമ്മീഷണറുടെ കാര്യാലയം-ഓഫീസ് ചെലവുകൾ-വെള്ളക്കരം' എന്ന ശീർഷകത്തിൽ ഇതുവരെയുള്ള ചെലവ് 1.41 ലക്ഷം രൂപയാണ്. ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ അധികമായി വകയിരുത്താൻ സമിതി ശിപാർശ ചെയ്തു.

പ്രതിമാസം ശരാശരി രണ്ടരലക്ഷം രൂപ നിരക്കിൽ ഒരു വർഷം ഏകദേശം 30 ലക്ഷം രൂപ കമ്മീഷണറുടെ കാര്യാലയത്തിലെ 'വൈദ്യുത ചെലവ്' എന്ന ഇനത്തിൽ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 7 ലക്ഷം രൂപ അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്തു.

ജോയിന്റ് കമ്മീഷണറുടെ ഉപയോഗത്തിന് ഒരു പുതിയ വാഹനം വാങ്ങുന്നതിനായി 12,97,908 രൂപയുടെ ഭരണാനുമതി ലഭിക്കുകയും ഇതിനുവേണ്ടി അഡീഷണൽ ആതറൈസേഷൻ സമർപ്പിക്കുകയും ചെയ്തുവെങ്കിലും ആയതിന് ഇതുവരെ അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ 'കമ്മീഷണറുടെ കാര്യാലയം - മോട്ടോർ വാഹനങ്ങൾ- വാഹനം വാങ്ങൽ' എന്ന ശീർഷകത്തിൽ 13 ലക്ഷം രൂപ അനുവദിക്കാൻ സമിതി ശിപാർശ ചെയ്തു.

ജി.എസ്.ടി. നെറ്റ് വർക്ക് അഡ്വാൻസ് യൂസർ ചാർജിന്റെ രണ്ടാം ഗഡുവായി 4.3 കോടി രൂപ നൽകുന്നതിന് ഭരണാനുമതി ലഭിച്ചിരിക്കുന്നതിനാൽ കമ്മീഷണറുടെ കാര്യാലയത്തിലെ 'മറ്റുചെലവുകൾ-മറ്റിനം' എന്ന ശീർഷകത്തിൽ 4.3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

'ചരക്ക് സേവന നികുതി കാര്യാലയങ്ങൾ-ഓഫീസ് ചെലവുകൾ- വെള്ളക്കരം' എന്ന ശീർഷകത്തിൽ ഇതുവരെയുള്ള ചെലവ് 6.86 ലക്ഷം രൂപയാണ്. നിലവിൽ എറണാകുളം ജില്ലാ ഓഫീസിന് 1 ലക്ഷം രൂപയോളം ഈ ഇനത്തിൽ കുടിശ്ശികയുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്തു.

'ചരക്ക് സേവന നികുതി കാര്യാലയങ്ങൾ-വാടക, കരം, നികുതി' എന്ന ശീർഷകത്തിൽ ഇതുവരെയുള്ള ചെലവ് 1.4 കോടി രൂപയാണ്. എറണാകുളം ജില്ലയ്ക്കുമാത്രമായി ഈ വർഷം ഇനിയും 6 ലക്ഷം രൂപ കൂടി ആവശ്യമുണ്ട്. വാടക

കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വകുപ്പിന്റെ ഫെസിലിറ്റേഷൻ സെന്ററുകൾക്ക് 18% ജി.എസ്.ടി. ആവശ്യപ്പെട്ടിരിക്കുന്നതിനാൽ വാടക ഇനത്തിൽ അധിക ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്തു.

'ചരക്ക് സേവന നികുതി കാര്യാലയങ്ങൾ-സംരക്ഷണം' എന്ന ശീർഷകത്തിൽ ഇതുവരെയുള്ള ചെലവ് 9.94 ലക്ഷം രൂപയാണ്. ഭരണാനുമതി കിട്ടിയ പ്രവൃത്തികളിൽ ആലപ്പുഴ, കോട്ടയം എന്നീ ജില്ലകൾക്ക് യഥാക്രമം 13.95, 40.31 ലക്ഷം രൂപ വീതം കൊടുക്കാനുണ്ട്. അസിസ്റ്റന്റ് കമ്മീഷണർ (ട്രെയിനിംഗ്) തിരുവനന്തപുരം ഓഫീസിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി 17.44 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

'2045-00-103—സംഭരണ ചെലവുകൾ-ഇലക്ട്രിസിറ്റി ഡ്യൂട്ടി' എന്ന ശീർഷകത്തിൽ അധിക തുക ആവശ്യമില്ലെന്ന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ സമിതിയെ അറിയിച്ചു.

തുടർന്ന് ട്രഷറികളും അക്കൗണ്ടുകളും എന്ന ധനാഭ്യർത്ഥന നമ്പർ X പരിഗണനയ്ക്കെടുക്കുകയുണ്ടായി.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പുമായി ബന്ധപ്പെട്ട പ്രസ്തുത ധനാഭ്യർത്ഥനയിൽ പങ്കെടുത്തുകൊണ്ട് ത്രിതല പഞ്ചായത്തുകളുടെ 2016-17 വരെയുള്ള ഓഡിറ്റിംഗ് പൂർത്തിയാക്കിയിട്ടുണ്ടെന്നും 2017-18-ലെ ഓഡിറ്റിംഗ് ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. കൂടാതെ ഓഡിറ്റ് മാനുവലിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും സമിതിയെ അറിയിക്കുകയുണ്ടായി. ഓഡിറ്റ് വകുപ്പിന്റെ നോൺ-പ്ലാനിൽ യാത്രാബത്ത, ഓഫീസ് കെട്ടിടങ്ങളുടെ വാടക എന്നീ ഇനങ്ങളിലായി ആവശ്യപ്പെട്ട അധിക തുക അനുവദിക്കുന്നതിന് താഴെപ്പറയും പ്രകാരം സമിതി ശിപാർശ നൽകുകയുണ്ടായി:

ബജറ്റിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ജീവനക്കാരുടെ യാത്രാബത്തയെന്ന ശീർഷകത്തിൽ 2,10,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്ത് രാജ് നഗരപാലിക സ്ഥാപനങ്ങളിലെയും ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ട്. ഈ ഇനത്തിൽ ശരാശരി 3 സാമ്പത്തിക വർഷങ്ങളിലെ കുടിശ്ശിക ഓഡിറ്റ് തീർക്കുന്നതിന്

മറ്റ് സ്ഥാപനങ്ങളിലെ ഓഡിറ്റ് ഓഫീസുകളിലെ മനുഷ്യവിഭവശേഷികൂടി ഉപയോഗിക്കേണ്ടി വന്നതിനാൽ ജീവനക്കാരെ മറ്റ് ജില്ലകളിലേക്കും പുനർവിന്യസിക്കേണ്ടതായും വന്നു. 4 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് ഒരുമിച്ച് പൂർത്തിയാക്കാൻ അധികം വിന്യസിച്ച ജീവനക്കാർക്കുണ്ടായിട്ടുള്ള ചെലവുകൾ നികത്തുന്നതിനായി യാത്രാബത്ത ഇനത്തിൽ തൻവർഷം അനുവദിച്ചിട്ടുള്ള തുക തികയാത്തതിനാലും ഓഫീസ് കെട്ടിടങ്ങളുടെ വാടക കടിശ്ശികയായി 18,81,310 രൂപ നൽകേണ്ടതിനും മറ്റു ചെലവുകൾക്കുമായി 'ലോക്കൽ ഫണ്ട് ഓഡിറ്റ്- ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ' എന്ന ശീർഷകത്തിൽ 323.94 ലക്ഷം രൂപ അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്തു.

2018-19 ബഡ്ജറ്റിൽ ട്രഷറി വകുപ്പിനെ സംബന്ധിച്ച 2054-ട്രഷറികളും അക്കൗണ്ടുകളും എന്ന ശീർഷകത്തിൽ അനുവദിച്ച തുക മതിയാകുമെന്നതിനാൽ ഈ ശീർഷകത്തിൽ അധിക തുക ആവശ്യമില്ലെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

തുടർന്ന് ജില്ലാഭരണവും പലവകയും എന്ന ധനാഭ്യർത്ഥന നമ്പർ XI സമിതി ചർച്ച ചെയ്തു.

ദേശീയ സമ്പാദ്യ പദ്ധതി വകുപ്പുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന ശിപാർശകൾ നൽകാൻ സമിതി തീരുമാനിച്ചു:

ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാരുടെ ക്ഷേമനിധിയിലേക്കുള്ള സർക്കാർ വിഹിതമായ മാച്ചിംഗ് കോൺട്രിബ്യൂഷൻ ഇനത്തിൽ മുൻ വർഷങ്ങളിൽ ലഭിക്കേണ്ട തുകയുടെ ഏകദേശം 50% മാത്രമാണ് ഫണ്ടിന്റെ അപര്യാപ്തതമൂലം നാളിതുവരെ ലഭിച്ചിരുന്നത്. ആയതിനാൽ 'ദേശീയ സമ്പാദ്യ സംഘടനാ ഡയറക്ടറാഫീസ്-മറ്റുചെലവുകൾ-മറ്റിനം' എന്ന ശീർഷകത്തിൽ 1.15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

2017-18 സാമ്പത്തികവർഷം ഏജന്റുമാർക്ക് വിതരണം ചെയ്യേണ്ട 4 മാസത്തെ പ്രതിഫല കടിശ്ശികയും 2018-19 സാമ്പത്തിക വർഷം വിതരണം ചെയ്യേണ്ടതായ പ്രതിഫലവും ചേർത്ത് 16 മാസത്തെ പ്രതിഫലം വിതരണം ചെയ്യുന്നതിനായി 'ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്കും എസ്.എ.എസ് .ഏജന്റുമാർക്കും നൽകുന്ന അധിക സേവനത്തിന് നൽകുന്ന പ്രതിഫലം ' എന്ന ശീർഷകത്തിൽ 91 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

തുടർന്ന് ധനാഭ്യർത്ഥന നമ്പർ XVI—പെൻഷനും പലവകയും സംബന്ധിച്ച കുറിപ്പുകൾ സമിതി വിശദമായി പരിശോധിക്കുകയുണ്ടായി. സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ആവശ്യപ്പെട്ടത് അനുസരിച്ച് താഴെപ്പറയുന്ന ശിപാർശകൾ നൽകാൻ സമിതി തീരുമാനിക്കുകയുണ്ടായി.

ദൃശ്യ-ശ്രാവ്യ, അച്ചടി മാധ്യമങ്ങളിലൂടെയുള്ള ലോട്ടറിയുടെ പരസ്യം, നറുക്കെടുപ്പ് ഫലപ്രസിദ്ധീകരണം എന്നിവയ്ക്ക് ആവശ്യമായ ചെലവുകൾ 'ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പന-പരസ്യം, പ്രചരണം എന്നിവയ്ക്കുള്ള ചെലവുകൾ' എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നു. ഉയർന്ന വിറ്റുവരവ് ലക്ഷ്യം കൈവരിക്കുന്നതിനായി കൂടുതൽ പരസ്യങ്ങൾ നൽകുന്നതിലേക്ക് 25 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ടിക്കറ്റ് വിൽപ്പന സമയത്തുതന്നെ ഏജന്റുമാർക്ക് നൽകുന്ന ഡിസ്കൗണ്ട്, കൂടുതൽ മത്സരബുദ്ധ്യാ വാങ്ങുന്നതിനുള്ള അധിക കമ്മീഷൻ, ഏറ്റവും കൂടുതൽ ടിക്കറ്റുകൾ വാങ്ങുന്നതിനുള്ള കോമൺ ഇൻസെന്റീവ്, സമ്മാനാർഹമായ ടിക്കറ്റുകൾ വിറ്റ ഏജന്റിനുള്ള ഏജൻസി സമ്മാനം തുടങ്ങിയവ നൽകുന്നതിനുള്ള ചെലവ് 'ഏജന്റുമാരുടെ കമ്മീഷൻ' എന്ന ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. ലോട്ടറി വിറ്റുവരവ് കൂടുന്നതിനനുസരിച്ച് ഡിസ്കൗണ്ട്, ഏജന്റിനുള്ള സമ്മാനം എന്നിവയ്ക്ക് ആനുപാതികമായ വർദ്ധനവുണ്ടാകും. മൊത്തം വിറ്റുവരവിന്റെ 30% ഈ ഇനത്തിൽ ചെലവഴിക്കേണ്ടി വരും. 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റായ 11100 കോടി രൂപ സമാഹരിക്കുവാൻ കഴിയുകയാണെങ്കിൽ 'ഏജന്റുമാരുടെ കമ്മീഷൻ' എന്ന ഇനത്തിൽ ഏകദേശം 3330 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ 141 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സമ്മാനാർഹമായ ഭാഗ്യക്കുറി ടിക്കറ്റുകളുടെ സമ്മാനത്തുക 'സമ്മാനദാനം' എന്ന ശീർഷകത്തിൽ നിന്നും ചെലവാക്കുന്നു. നിലവിലെ പരിഷ്കരിച്ച സമ്മാനഘടന അനുസരിച്ച് മൊത്തം വിറ്റുവരവിന്റെ 50% ഈ ഇനത്തിൽ ചെലവഴിക്കപ്പെടുന്നു. 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റായ (വിറ്റുവരവ്) 11100 കോടി രൂപ സമാഹരിക്കുവാൻ കഴിയുകയാണെങ്കിൽ ഈ ഇനത്തിൽ ഏകദേശം 5550 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ 1706 കോടി രൂപ കൂടി അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സംസ്ഥാന ലോട്ടറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധിയിലേക്ക് സർക്കാർ സംഭാവനയായി 'കേരള സംസ്ഥാന ലോട്ടറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധിയിലേക്കുള്ള ഗവൺമെന്റ് സംഭാവന' എന്ന ശീർഷകത്തിലുള്ള തുക നൽകുന്നു. 2018-19 സാമ്പത്തിക വർഷം ലക്ഷ്യമിടുന്ന വിറ്റുവരവ് 11100 കോടി രൂപയാണ്. ഇതിന്റെ 1% വിഹിതം എന്ന നിലയിൽ 111 കോടി രൂപ വകയിരുത്തി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമപദ്ധതികൾ വിപുലീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ അധികമായി 65 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേന പാവപ്പെട്ട രോഗികൾക്ക് ചികിത്സാധനസഹായം നൽകുന്നതിലേക്കായി ആവശ്യമായി വരുന്ന ചെലവ് ലോട്ടറി കളിൽ നിന്നുള്ള അറ്റാദായം കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് മുതൽ കൂട്ടൽ എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നു. ചികിത്സാ ധനസഹായ അപേക്ഷകരുടെ എണ്ണം ക്രമാതീതയമായി വർദ്ധിക്കുന്നതിനാലും നിലവിലുള്ള സ്കീം വിപുലീകരിക്കുന്നതിനാലും 2018-19 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ ഏകദേശം 450 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ടി ശീർഷകത്തിൽ അധികമായി 52.50 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

'ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ-ഓഫീസ് ചെലവുകൾ' എന്ന ശീർഷകത്തിൽ നിന്നും ഓഫീസ് ചെലവുകളായ വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, ടെലിഫോൺ ചാർജ്ജ്, മറ്റു ചെലവുകൾ എന്നിവ വഹിക്കുന്നു. വൈദ്യുതി ചാർജ്ജ്, ടെലിഫോൺ ചാർജ്ജ് എന്നീ ഇനങ്ങളിൽ അനുവദിച്ച തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവ് വഹിക്കുന്നതിന് അപര്യാപ്തമായിരിക്കുമെന്നതിനാൽ ടി ശീർഷകങ്ങളിൽ യഥാക്രമം 6,00,000 രൂപയും 3,00,000 രൂപയും (ആകെ 9,00,000) അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

നാല് ജില്ലാ ഭാഗ്യക്കുറി ഓഫീസുകളും 15 സബ് ഓഫീസുകളും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ വാടകയിന ത്തിൽ 41,00,000 രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ 'വാടക, കരം, നികുതി' എന്ന ശീർഷകത്തിൽ 19,71,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കോഴിക്കോട് എയർപോർട്ടിലെ ഹജ്ജ് ഹൗസിനോടനുബന്ധിച്ച് അഡീഷണൽ ബ്ലോക്കിന്റെ പണി ആരംഭിക്കുന്നതിന് കഴിഞ്ഞ പ്രാവശ്യം രണ്ട് ഘട്ടങ്ങളിലായി മൂന്ന് കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചെങ്കിലും തുക അനുവദിക്കാത്തതിനാൽ പ്രവൃത്തികൾ നടന്നിട്ടില്ലെന്ന് ആഭ്യന്തരവകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. നേരത്തെ ഭരണാനുമതി ലഭിച്ച തുക അനുവദിക്കുന്നതിന് ഏർപ്പാട് ചെയ്യാമെന്ന് സമിതി അദ്ധ്യക്ഷൻ ഉറപ്പ് നൽകി.

രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിക്കുള്ള ഏവിയേഷൻ ഗ്യാസിന്റെ നികുതി നിരക്കിലെ ഇളവ് 31-3-2017-ൽ അവസാനിച്ചു വെന്നും നികുതി നിരക്ക് കുറയ്ക്കണമെന്നും അക്കാദമി സെക്രട്ടറി യോഗത്തിൽ അഭ്യർത്ഥിച്ചു എന്നാൽ നികുതി ഒഴിവാക്കാൻ സാധിക്കില്ലെന്നും ഇളവ് നൽകിയാൽ സമാനമായ ആവശ്യങ്ങൾ

ഉയർന്നു വരുമെന്നും സമിതി അദ്ധ്യക്ഷൻ അറിയിച്ചു. സ്ഥാപനത്തിനാവശ്യമായ ഫിനാൻഷ്യൽ സപ്പോർട്ട് നൽകാമെന്നും അദ്ധ്യക്ഷൻ ഉറപ്പു നൽകി. തുടർന്ന് താഴെപ്പറയുന്ന ശിപാർശകൾ നൽകി:

മുൻ വർഷത്തെ ചെലവ് പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തികവർഷം 20 ലക്ഷത്തിന് മുകളിൽ ചെലവ് പ്രതിക്ഷിക്കുന്നതിനാൽ 'ചികിത്സയ്ക്ക് നൽകുന്ന പലിശരഹിത വായ്പ എഴുതിത്തള്ളൽ ' എന്ന ശീർഷകത്തിൽ.അധികമായി 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

'രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി വിഹിതം' എന്ന ശീർഷകത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 125 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

ഗാലന്ററി അവാർഡ് ജേതാക്കൾക്ക് 1 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപ വരെ നൽകി വന്നിരുന്ന ക്യാഷ് അവാർഡ് 2 ലക്ഷം രൂപ മുതൽ 50 ലക്ഷം രൂപയായും നോൺ ഗാലന്ററി അവാർഡ് ജേതാക്കൾക്ക് 10,000 രൂപ മുതൽ 50,000 രൂപ വരെ നൽകി വന്നിരുന്ന ക്യാഷ് അവാർഡ് 25,000 രൂപ മുതൽ 1,00,000 രൂപയായും വർദ്ധിപ്പിച്ച സാഹചര്യത്തിൽ 'ഡിഫൻസ് സർവ്വീസുകളിലെ ധീരതയ്ക്കുള്ള കീർത്തി മുദ്രയ്ക്കർഹരായവർക്കും ആശ്രിതർക്കും ക്യാഷ് അവാർഡ്, മറ്റ് ചെലവുകൾ' എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു

ഫാമിലി ആന്റ് പൊളിറ്റിക്കൽ പെൻഷൻ 1,000 രൂപയിൽ നിന്ന് 3,000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഈ ആവശ്യത്തിന് നിലവിൽ ചെലവാകുന്ന തുകയുടെ രണ്ടിരട്ടി തുക ആവശ്യമായി വരും. ആയതിനാൽ 'മുൻ നാട്ടുരാജാക്കന്മാരുടെ കുടുംബാംഗങ്ങൾക്കുള്ള അലവൻസുകൾ-പെൻഷൻ' എന്ന ശീർഷകത്തിൽ 370 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

2018-19 സമ്പത്തികവർഷം 'മുൻ കൊച്ചി മഹാരാജാവിന്റെ കൊട്ടാരം പെൻഷൻകാർക്ക് പെൻഷൻ നൽകൽ' എന്ന ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു

നിലവിലുള്ള ഹജ്ജ് ഹൗസിനോടനുബന്ധിച്ച് അഡീഷണൽ ബ്ലോക്കിന്റെ പണി ആരംഭിക്കുന്നതിന് 2017-18 സാമ്പത്തികവർഷത്തിൽ 5 കോടി രൂപയും 2018-19-ൽ 3 കോടി രൂപയും സംസ്ഥാന സർക്കാർ ഗ്രാന്റ് ഇൻ-എയ്ഡ് ആയി അനുവദിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടെങ്കിലും 2017-18 സാമ്പത്തികവർഷം തുകയൊന്നും അനുവദിച്ചിട്ടില്ലാ

ത്തതിനാൽ 2018-19 സാമ്പത്തിക വർഷം ഗ്രാന്റ് ഇൻ-എയ്ഡ് ആയി 'കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അംശദാനം' എന്ന ശീർഷകത്തിൽ 8 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കോടതിവിധി അന്തിമമായിട്ടുള്ള എൽ.എ.ആർ. കേസുകളിൽ വിധിക്കട തുക അനുവദിക്കുന്നതിനും ലോക് അദാലത്തുകളിൽ സെറ്റിൽമെന്റിലൂടെ തീർപ്പാക്കിയിട്ടുള്ള കേസുകളിലെ വിധി തുക അനുവദിക്കുന്നതിനും വേണ്ടി ഏകദേശം 25 കോടി രൂപ അധികമായി വകയിരുത്തേണ്ടതുണ്ട്. ആയതിനാൽ 'സർക്കാർ വകുപ്പുകൾക്കുവേണ്ടി സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുന്നതു സംബന്ധിച്ച കേസുകളിൽ വിധി നടപ്പിലാക്കുന്നതിനായി കോടതിയിൽ കെട്ടിവയ്ക്കൽ മൊത്തം തുക' എന്ന ശീർഷകത്തിൽ 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ, എന്നിവയ്ക്ക് വേണ്ടി സ്ഥലം പൊന്നും വിലയ്ക്ക് ഏറ്റെടുത്തത് സംബന്ധിച്ച എൽ.എ.ആർ കേസുകളിൽ വിധിക്കട തുക അനുവദിക്കുന്നതിനും ലോക് അദാലത്തുകളിൽ സെറ്റിൽമെന്റിലൂടെ തീർപ്പാക്കിയിട്ടുള്ള കേസുകളിലെ വിധി തുക അനുവദിക്കുന്നതിനും വേണ്ടി 'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ, എന്നിവയ്ക്ക് വേണ്ടി സ്ഥലം പൊന്നും വിലയ്ക്ക് ഏടുക്കുന്നതു സംബന്ധിച്ച കേസുകളിൽ വിധി നടപ്പിലാക്കൽ' എന്ന ശീർഷകത്തിൽ 2.50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന ധനാഭ്യർത്ഥന നമ്പർ XXVIII-ൽ ഉൾപ്പെടുന്ന സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പുമായി ബന്ധപ്പെട്ട ശീർഷകത്തിൽ അധിക തുക ആവശ്യപ്പെടുന്നില്ലെന്ന് വകുപ്പ് യോഗത്തെ അറിയിച്ചു.

ധനാഭ്യർത്ഥന നമ്പർ XLIII—നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന ധനാഭ്യർത്ഥനയിൽ ഉൾപ്പെടുന്ന 3604-തദ്ദേശ സ്ഥാപനങ്ങൾക്കും പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾക്കുമുള്ള നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന ശീർഷകത്തിൽ അഡീഷണൽ തുക ആവശ്യമില്ലെന്ന് ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി യോഗത്തെ അറിയിച്ചു.

പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയിലെ 7610—സർക്കാർ ജീവനക്കാർക്കും മറ്റുമുള്ള വായ്പകൾ എന്ന ശീർഷകത്തിൽ ഭവന നിർമ്മാണ വായ്പയ്ക്ക് അഡീഷണൽ തുക ആവശ്യമാണെന്ന് ധനകാര്യം (എക്സ്പെൻഡിച്ചർ) വകുപ്പ് സെക്രട്ടറി അഭ്യർത്ഥിച്ചു. എന്നാൽ സർക്കാർ ജീവനക്കാർക്കും മറ്റുമുള്ള ഭവന നിർമ്മാണ വായ്പകൾ ബാങ്കിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്നും ഇവിടെ അഡീഷണൽ ഫണ്ടിന്റെ

പ്രശ്നമില്ലെന്നും ആയതിനാൽ ഭവന നിർമ്മാണ വായ്പകൾക്കുവേണ്ടിയുള്ള അധിക തുകയ്ക്കുള്ള ശിപാർശകൾ നൽകേണ്ടതില്ലെന്നും മറ്റ് വായ്പകൾക്കുള്ള ശിപാർശകൾ നൽകാനും സമിതി തീരുമാനിച്ചു.

മുൻവർഷങ്ങളിലെ ചെലവുകൾ പരിശോധിച്ചതിൽ നിന്നും 'സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് നൽകുന്ന പലിശയില്ലാത്ത മുൻകൂറുകൾ - നോൺഗസറ്റഡ് ഉദ്യോഗസ്ഥർ' എന്ന ശീർഷകത്തിൽ ആകെ 9 കോടി രൂപയ്ക്ക് മുകളിൽ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ പ്രസ്തുത ശീർഷകത്തിൽ അധികമായി 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

മുൻ വർഷങ്ങളിലെ ചെലവുകൾ പരിശോധിച്ചതിൽ നിന്നും 'സംസ്ഥാന സഹായമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാർക്ക് പലിശരഹിത മുൻകൂർ വായ്പ' എന്ന ശീർഷകത്തിൽ ആകെ 1.5 കോടി രൂപയ്ക്ക് മുകളിൽ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ഇനത്തിൽ അധികമായി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

മുൻ വർഷത്തെ ചെലവ് പരിശോധിച്ചതിൽ നിന്നും ഈ വർഷം ഒരു കോടി രൂപയ്ക്കു മുകളിൽ ചെലവു പ്രതീക്ഷിക്കുന്നതിനാൽ 'ക്ലാസ് IV ജീവനക്കാരുടെ പെൺമക്കളുടെ വിവാഹച്ചെലവുകൾ നേരിടുന്നതിനുള്ള മുൻകൂർ വായ്പ' എന്ന ശീർഷകത്തിൽ അധികമായി 75 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

തുടർന്ന് സമിതി സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥന ചർച്ചയ്ക്കെടുത്തു. പ്രസ്തുത ധനാഭ്യർത്ഥനയിൽ ഉൾപ്പെട്ട 2235-10-110-മറ്റ് ഇൻഷ്വറൻസ് പദ്ധതികൾ എന്ന ശീർഷകത്തിലെ മെഡിക്കൽ റീംഇംബേഴ്സ്മെന്റ്, വാടക, കരം, നികുതി, വാഹനം വാങ്ങൽ, കമ്പ്യൂട്ടർവൽക്കരണം എന്നീ ഉപശീർഷകങ്ങളിൽ ആവശ്യപ്പെട്ട അധികതുകയ്ക്ക് ശിപാർശ നൽകാൻ സമിതി തീരുമാനിച്ചു.

KSID യും KTDFC യുമായുള്ള വാടകക്കരാർ പ്രകാരം 3 വർഷം കൂടുംതോറും വാടകയിനത്തിൽ 20% വർദ്ധന നൽകേണ്ടതിനാലും KSHB-ക്ക് നൽകാനുള്ള വാടക കുടിശ്ശിക ഉൾപ്പെടെ നൽകേണ്ടതിനാലും 'സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് - വാടക, കരം, നികുതി' എന്ന ശീർഷകത്തിൽ 67.41 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഇൻഷ്വറൻസ് വകുപ്പിന്റെ 10 ജില്ലാ ഓഫീസുകളിലേക്കും ഓരോ വാഹനം ലഭ്യമാക്കേണ്ടതുണ്ട്. ആയതിനാൽ 'സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് - മോട്ടോർ വാഹനങ്ങൾ - വാഹനം വാങ്ങൽ' എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 83,000 രൂപ കൂടി 'ഇൻഷ്വറൻസ് വകുപ്പ് - ജില്ലാ ഓഫീസുകൾ - ശമ്പളം - മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ' എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ്, ആനുവൽ മെയിന്റനൻസ്, കോൺട്രാക്ട് പുതുക്കൽ, കമ്പ്യൂട്ടർ പർച്ചേസ് എന്നീ ആവശ്യങ്ങൾക്കായി 'സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്-കമ്പ്യൂട്ടർവൽക്കരണം' എന്ന ശീർഷകത്തിൽ 85 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ഉച്ചയ്ക്ക് ശേഷം 12.20-ന് യോഗം അവസാനിച്ചു.

## 15-2-2018 -ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2018 ഫെബ്രുവരി 15-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക് ശേഷം 2.30 -ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ധനകാര്യവും കയറും വകുപ്പുമന്ത്രിയുമായ ഡോ. ടി.എം. തോമസ് ഐസക്കിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയു മായ ശ്രീ. ജി. സുധാകരനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ:</u>

1. ഡോ. എൻ. ജയരാജ്, എം.എൽ.എ.
2. ശ്രീ. വി.കെ.സി. മമ്മത് കോയ, എം.എൽ.എ.
3. ശ്രീ. ഡി.കെ. മുരളി, എം.എൽ.എ.
4. ശ്രീ. മുല്ലക്കര രത്നാകരൻ, എം.എൽ.എ.
5. ശ്രീ. വി.ഡി. സതീശൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ.കെ. ഗോപകുമാരൻ പിള്ള, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ് & എക്സൈസ്
2. ശ്രീ. മിൻഹാജ് ആലം, സെക്രട്ടറി, നികുതി വകുപ്പ്

3. ശ്രീമതി സി.എ. ലത, ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്
4. ശ്രീ. കെ.എ. ജോസഫ്, അഡീഷണൽ എക്സൈസ് കമ്മീഷണർ
5. ശ്രീ. എൻ. പത്മകുമാർ, ജോയിന്റ് ലാന്റ് റവന്യൂ കമ്മീഷണർ
6. ശ്രീ. പി.കെ. സാജൻകുമാർ, ജോയിന്റ് ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്
7. ശ്രീ. വി. സാജൻ, ജോയിന്റ് ഡയറക്ടർ, ട്രഷറീസ് വകുപ്പ്
8. ശ്രീമതി ഡി. കൃഷ്ണപ്രിയ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
9. ശ്രീ. കെ. സുരേഷ് ബാബു, ഡെപ്യൂട്ടി കമ്മീഷണർ, എക്സൈസ് വകുപ്പ്
10. ശ്രീമതി ജി. ഇന്ദു, ഫിനാൻസ് ഓഫീസർ, രജിസ്ട്രേഷൻ ഐ.ജി. യുടെ കാര്യാലയം.

സമിതി 2018-19 സാമ്പത്തിക വർഷത്തെ മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും സംബന്ധിച്ച VII, എക്സൈസ് സംബന്ധിച്ച VIII എന്നീ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ VII-ൽ ഉൾപ്പെട്ട 2030 – മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന ശീർഷകത്തിൽ ട്രഷറി വകുപ്പിന് അധിക തുക ആവശ്യമില്ലെന്ന് നികുതി വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട് നികുതി വകുപ്പ് സെക്രട്ടറി അധിക തുക ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് താഴെപ്പറയുന്ന ശിപാർശകൾ നൽകാൻ സമിതി തീരുമാനിച്ചു:

2016-17 സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ ഡി.ഐ.ജി. ഓഫീസിന് കണ്ടം ചെയ്ത വാഹനത്തിനു പകരം പുതിയ വാഹനം വാങ്ങുന്നതിനായി സർക്കാർ അനുമതിയും അഡീഷണൽ ഫണ്ടും നൽകിയിരുന്നു. എന്നാൽ വാഹനം വാങ്ങുന്നതിനായി നടപടി ആരംഭിച്ചപ്പോൾ Invoice System നിർത്തലാക്കുകയും പകരം കേന്ദ്ര സർക്കാർ പദ്ധതിയായ GeM മുഖേന വാങ്ങാൻ ഉത്തരവ് വരികയും ചെയ്തു. 2017-18 സാമ്പത്തിക വർഷം GeM മുഖേന വാഹനം വാങ്ങുന്നതിന് നടപടികൾ പൂർത്തിയാക്കിയെങ്കിലും ഫണ്ടിനായി SDG യിൽ വച്ചപ്പോൾ സർക്കാർ അനുമതി ലഭിച്ചില്ല. ആയതിനാൽ 2018-19 സാമ്പത്തിക വർഷത്തിൽ വാഹനം വാങ്ങുന്നതിനായി 8 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2017-18 സാമ്പത്തിക വർഷത്തിൽ 'മോട്ടോർ വാഹനനങ്ങൾ-സംരക്ഷണവും അറ്റകുറ്റ പണികളും' എന്ന ഇനത്തിൽ 50,000 രൂപ വകയിരുത്തിയിരുന്നു. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ 30,000 രൂപയേ വകയിരുത്തിയിട്ടുള്ളൂ. നിലവിൽ 10,000 രൂപയുടെ കുടിശ്ശികയുള്ളതിനാൽ വകയിരുത്തിയിരിക്കുന്ന ഫണ്ട് പോരാതെ വരും. ആയതിനാൽ നിലവിലെ ഫണ്ട് കഴിയുന്ന മുറയ്ക്ക് 30,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

സ്റ്റാമ്പുകൾക്കും മുദ്രപ്പത്രങ്ങൾക്കും അനുഭവപ്പെടുന്ന ക്ഷാമവും പരിഹാര മാർഗവും സംബന്ധിച്ച നടന്ന ചർച്ചയിൽ കേരളത്തിൽ മുദ്രപ്പത്രത്തിന്റെ ക്ഷാമമില്ലെന്നും ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള വീഴ്ച കാരണം ഉണ്ടായിട്ടുള്ള കൃത്രിമ ക്ഷാമമാണ് ഇപ്പോഴുള്ളതെന്നും പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി വ്യക്തമാക്കുകയുണ്ടായി. ഈ പ്രശ്നം പരിഹരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി ഇടപെട്ട് നടപടി സ്വീകരിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് ധനകാര്യ നികുതി വകുപ്പ് സെക്രട്ടറി യോഗത്തിന് ഉറപ്പു നൽകി.

തുടർന്ന് ധനാഭ്യർത്ഥന നമ്പർ VIII - എക്സൈസ് സമിതി ചർച്ച ചെയ്തു. സംസ്ഥാന എക്സൈസ് വകുപ്പിന്റെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിവരങ്ങൾ സമിതി ആരായുകയുണ്ടായി.

കേരള സംസ്ഥാന ലഹരി വർജ്ജന മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന 'വിമുക്തി' പദ്ധതിയ്ക്ക് മുൻ വർഷങ്ങളിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ലെന്നും പ്രത്യേക സെസ്സ് ഏർപ്പെടുത്തി അതിൽ നിന്നും ലഭിച്ച തുകയാണ് പദ്ധതിയ്ക്കായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നതെന്നും അഡീഷണൽ ചീഫ് സെക്രട്ടറി (എക്സൈസ്) യോഗത്തെ അറിയിച്ചു. കൂടാതെ, ഈ വർഷത്തെ ബഡ്ജറ്റിൽ പുതിയ ശീർഷകം തുറക്കുകയും ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു. ഈ വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതിനാൽ 'വിമുക്തി' പദ്ധതി കൂടുതൽ ശാസ്ത്രീയമായി നവീകരിച്ച് സമൂഹത്തിൽ ഒരു പ്രതിഫലനം ഉണ്ടാക്കത്തക്ക രീതിയിൽ നടപ്പിലാക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നുണ്ടെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

കേരളത്തിൽ വർദ്ധിച്ചു വരുന്ന മദ്യത്തിന്റെയും ലഹരി വസ്തുക്കളുടേയും ദുരുപയോഗം തടയുന്നതിനായി സംസ്ഥാന സർക്കാർ, സ്കൂൾ, കോളേജ് തലങ്ങളിലും പൊതുജനങ്ങൾക്കിടയിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, മദ്യവർജ്ജന സമിതികളടക്കമുള്ള സംഘടനകൾ, യുവജന മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി പല പരിപാടികളിലൂടെ ഈ വിപത്തിനെതിരെയുള്ള അവബോധം സൃഷ്ടിക്കുന്നുണ്ടെങ്കിലും ആയത് കുറച്ചു കൂടി മെച്ചപ്പെട്ട രീതിയിൽ

നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി യോഗത്തിൽ നിർദ്ദേശിച്ചു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇതുപോലെയുള്ള ധാരാളം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ടെന്നും ഇത്തരം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞു.

ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഒരു ഗ്രാമപഞ്ചായത്തിന് 12,500 രൂപ വീതം 939 ഗ്രാമപഞ്ചായത്തുകൾക്കും ഒരു മുനിസിപ്പാലിറ്റിക്ക് 25,000 രൂപ വീതം 87 മുനിസിപ്പാലിറ്റികൾക്കും ഒരു കോർപ്പറേഷന് 50,000 രൂപ വീതം 6 കോർപ്പറേഷനുകൾക്കും ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് അഡീ. ചീഫ് സെക്രട്ടറി അറിയിക്കുകയുണ്ടായി.

തുടർന്ന് താഴെപ്പറയുന്ന ശിപാർശകൾ നൽകാൻ സമിതി തീരുമാനിച്ചു :

എക്സൈസ് വകുപ്പിൽ കാലപ്പഴക്കം കൊണ്ട് ഉപയോഗശൂന്യമായ വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 'മോട്ടോർ വാഹനങ്ങൾ - വാഹനം വാങ്ങൽ' എന്ന ശീർഷകത്തിൽ 1.50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തമാക്കുന്നതിന്റെ ഭാഗമായി വാഹനങ്ങളിൽ യഥാസമയം അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതുണ്ട്. ആയതിനാൽ 'മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും' എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക വാഹനങ്ങൾക്ക് ഇന്ധനവും മറ്റും നിറയ്ക്കുന്നതിന് അപര്യാപ്തമായതിനാൽ 'സംസ്ഥാന എക്സൈസ്-പി.ഒ.എൽ.' എന്ന ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

എക്സൈസ് റെയിഞ്ച് ആഫീസുകളുടെ ടെലഫോൺ ചെലവുകൾക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 'റേഞ്ച് ഓഫീസുകൾ - ഓഫീസ് ചെലവുകൾ - ടെലഫോൺ ചെലവ് ' എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപ കൂടി അനുവദിക്കാൻ സമിതി ശിപാർശ ചെയ്തു.

എക്സൈസ് റെയിഞ്ച് ആഫീസുകളുടെ ഓഫീസ് ചെലവുകൾക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 'ഓഫീസ് ചെലവുകൾ- മറ്റിനങ്ങൾ' എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്തു.

ഉച്ചയ്ക്കുശേഷം 3.10 -ന് യോഗം പിരിഞ്ഞു.

## 19-2-2018 -ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2018 ഫെബ്രുവരി 19-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്ക് ശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5-ബി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ധനകാര്യവും കയറും വകുപ്പുമന്ത്രിയുമായ ഡോ. ടി.എം. തോമസ് ഐസക്കിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

ഹാജരായ അംഗങ്ങൾ:

1. ഡോ. എൻ. ജയരാജ്, എം.എൽ.എ.
2. ശ്രീ. ഡി.കെ. മുരളി, എം.എൽ.എ.
3. ശ്രീ. മുല്ലക്കര രത്നാകരൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ.കെ. ഗോപകുമാരൻ പിള്ള, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

സമിതി 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

ഉച്ചയ്ക്കുശേഷം 2.45 -ന് യോഗം പിരിഞ്ഞു.

## 22-3-2018-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV എന്നിവ 2018 മാർച്ച് 22-ാം തീയതി വ്യാഴാഴ്ച സഭ പിരിഞ്ഞതിനു ശേഷം വൈകുന്നേരം 4.50-ന് നിയമസഭാ സമുച്ചയത്തിലെ 5 ഡി സമ്മേളന ഹാളിൽ സബ്ജക്ട് കമ്മിറ്റി VIII- ന്റെ അദ്ധ്യക്ഷൻ ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെ അദ്ധ്യക്ഷതയിൽ സംയുക്ത യോഗം ചേർന്നു.

തദവസരത്തിൽ സബ്ജക്ട് കമ്മിറ്റി II -ന്റെ എക്സ് -ഒഫീഷ്യോ അംഗവും സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ കടകംപള്ളി സുരേന്ദ്രനും സബ്ജക്ട് കമ്മിറ്റി V-ന്റെ എക്സ് -ഓഫീഷ്യോ അംഗവും തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രിയുമായ ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളിയും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു :

<u>സബ്ജക്ട് കമ്മിറ്റി -VIII</u>

1. ഡോ. എൻ. ജയരാജ്, എം. എൽ. എ.
2. ശ്രീ. വി. കെ. സി. മമ്മത് കോയ , എം. എൽ. എ.
3. ശ്രീ. വി. ഡി. സതീശൻ , എം. എൽ. എ.

<u>സബ്ജക്ട് കമ്മിറ്റി - II</u>

1. ശ്രീ. അട്ടൂർ പ്രകാശ് , എം. എൽ. എ.
2. ശ്രീ. സി. കെ ഹരീന്ദ്രൻ , എം. എൽ. എ.
3. ശ്രീ. കെ. ഡി. പ്രസേനൻ, എം. എൽ. എ.
4. ശ്രീ. പുരുഷൻ കടലുണ്ടി, എം. എൽ. എ.
5. ശ്രീ. കെ. രാജൻ , എം. എൽ. എ.
6. ശ്രീ. എം. ഉമ്മർ , എം. എൽ. എ.

<u>സബ്ജക്ട് കമ്മിറ്റി - V</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ , എം. എൽ. എ.
2. ശ്രീ. ജോൺ ഫെർണാണ്ടസ് , എം. എൽ. എ.
3. ശ്രീ. എൻ. ഷംസുദ്ദീൻ , എം. എൽ. എ.
4. ശ്രീ. വി. ആർ. സുനിൽകുമാർ , എം. എൽ. എ.

<u>സബ്ജക്ട് കമ്മിറ്റി- XIV</u>

1. ശ്രീ. ജയിംസ് മാത്യു , എം. എൽ. എ.
2. ഡോ. എം. കെ. മുനീർ , എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. കെ. ഗോപകുമാരൻ പിള്ള, ജോയിന്റ് സെക്രട്ടറി, സബ്ജക്ട് കമ്മിറ്റി VIII
2. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി, സബ്ജക്ട് കമ്മിറ്റി-XIV
3. ശ്രീ. ജി. മാത്യുക്കുട്ടി, ഡെപ്യൂട്ടി സെക്രട്ടറി, സബ്ജക്ട് കമ്മിറ്റി II

4. ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി, സബ്ജക്ട് കമ്മിറ്റി VIII

5. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി, സബ്ജക്ട് കമ്മിറ്റി - V

6. ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി, സബ്ജക്ട് കമ്മിറ്റി -VIII

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്
2. ശ്രീ. മിൻഹാജ് അലം, സെക്രട്ടറി, ധനകാര്യ (റിസോഴ്സ്) വകുപ്പ്
3. ശ്രീ. ബി. ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമ വകുപ്പ്
4. ഡോ. രാജൻ ഖൊബ്രാഗഡെ, കമ്മീഷണർ, വാണിജ്യ നികുതി വകുപ്പ്
5. ശ്രീ. കെ. പത്മകുമാർ, ട്രാൻസ്പോർട്ട് കമ്മീഷണർ
6. ശ്രീ. ബി. ശ്രീകുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ശ്രീ. അച്ചൻ കുഞ്ഞ്, അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്
8. ശ്രീ. വി. വിലാസചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്
9. ശ്രീമതി ആർ ഷീലാറാണി, അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്
10. ശ്രീമതി ജെ. ബെൻസി, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
11. ശ്രീ. എച്ച്. വെങ്കടേഷ്, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ
12. ശ്രീ. എൻ. പത്മകുമാർ, ജോയിന്റ് ലാന്റ് റവന്യൂ കമ്മീഷണർ.

സമിതി 2018-ലെ കേരള ധനകാര്യ ബിൽ, 2018- ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

2018 -ലെ കേരള ധനകാര്യ ബിൽ :—

2018-ലെ കേരള ധനകാര്യ ബില്ലിലെ 2, 4, 6, 7, 8, 10 എന്നീ ഖണ്ഡങ്ങളിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഭേദഗതികൾ അവതരിപ്പിക്കുകയും ഭേദഗതി കൊണ്ടുവരാനിടയായ സാഹചര്യം വിശദീകരിക്കുകയും ചെയ്തു. അപ്രകാരം അവതരിപ്പിക്കപ്പെട്ട ഔദ്യോഗിക ഭേദഗതികൾ സമിതി ചർച്ച ചെയ്യുകയും പ്രസ്തുത ഭേദഗതികളോടെ 2018-ലെ കേരള ധനകാര്യ ബിൽ അംഗീകരിക്കുകയും ചെയ്തു.

*Clause 2*

In sub-section (4) of section 18 of the Abkari Act, 1077 proposed to be substituted by item (b) of sub-clause (2) of clause 2 of the Bill, in item (ii), after the words "Foreign Liquor (foreign made)" the words "wherever they occur" shall be inserted.

*Clause 4*

In section 2(k) proposed to be amended by sub-clause (a) for the said figures word "Two rupees for every rupees 1000" the words and figures " fifteen rupees for every rupees 10000" shall be substituted.

*Clause 6*

In sub-section (1) of Section 6 and the proviso to the said sub-section of the Kerala Land Tax Act, 1961, proposed to be substituted by clause 6 of the Bill, for the words "Town Panchayat and" wherever they occur shall be omitted.

*Clause 7*

In sub-clause 2(v)(a), before the word Rupees the word "above" shall be inserted.

*Clause 8*

In sub-clause (3), in item (a) for the schedule the following schedule, shall be substituted, namely:—

| | | | | | | |
|---|---|---|---|---|---|---|
| " (q) | " | 15000kg | " | 20000 kg. | " | 4240+Rs. 160 for every 250 kg. or part thereof in excess of 15000 kg. |
| (r) | | | 20000 kg. | | | 7440+Rs. 220 for every 250 kg. or part thereof in excess of 20000 kg." ; |

Item " (c)" after item (d) shall be re-lettered as item "(f)".

*Clause 10*

(j) In Section 31 B of the Kerala Value Added Tax Act, 2003 (30 of 2004) proposed to be inserted by sub-clause (8) clause 10 of the Bill, for the portion beginning with "Notwithstanding anything contained in the Act" and ending with "subject of the following conditions: "the following shall be substituted, namely:-

"*Waiver of certain arrears and penalty.*— Notwithstanding anything contained in this Act, the interest accrued under sub-section (5) and (6) of Section 31 of this Act, on tax due or accrued, under sub-section (2) of section 8 of the Central Sales Tax Act, 1956 (Central Act 74 of 1956) and penalty under section 67 and section 68 of this Act, imposed on non-payment or short payment of tax due or assessed under sub-section (2) of section 8 of the said Act on the inter-state sale of arecanut shall be waived subject to the following conditions:"

(ii) sub-clause (8) to (16) shall be renumbered as sub-clauses (9) to (17):

(iii) in sub section (2) of Section 42, of the said Act proposed to be inserted by sub-clause 9 (as so renumbered) of clause 10 of the Bill,—

(a) in the second proviso after the word "Provided" the word "further" shall be inserted.

(b) in the third proviso, for the words "Provided further" the words "Provided also" shall be substituted.

(iv) in sub-clause (15) for the words "added the end" the words "added at the end" shall be substituted.

2018 - ലെ കേരള ധനാകാര്യ ബില്ലിന്മേൽ സർവ്വശ്രീ വി. ഡി സതീശൻ, അടൂർ പ്രകാശ്, എം. ഉമ്മർ, എൻ. ഷംസുദ്ദീൻ, ഡോ. എൻ. ജയരാജ് എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

<u>2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ :</u>—

2018-ലെ കേരള ധനകാര്യ 2-ാം നമ്പർ ബിൽ ഖണ്ഡം ഖണ്ഡമായി സമിതി പരിഗണിക്കുകയും ഭേദഗതികൾ ഇല്ലാതെ അംഗീകരിക്കുകയും ചെയ്തു.

പ്രസ്തുത ബില്ലിന്മേൽ ശ്രീ. വി. ഡി സതീശൻ, അംഗം വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം വൈകുന്നേരം 5.40 -ന് പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.